T62
C41

# അരുണൻ

## അഥവാ- പിതൃഭക്തി

T62
C41

ഫ് ചെറുവത്തൂർ.

T 62
C 41

# അരുണൻ

അഥവാ

# പിതൃഭക്തി

DHARMARAM COLLEGE LIBRARY,
7178
BANGALORE.

ജോസഫ് ചെറുവത്തൂർ

പകപ്പവകാശം ഗ്രന്ഥകൎത്താവിന്

ഒന്നാംപതിപ്പ്

1951

രണ്ടാംപതിപ്പ്

കോപ്പി 1000

പ്രകാശകന്മാർ

സരള ബുക്ക് ഡിപ്പോ

കുന്നംകുളം.

അച്ചടി

വിക്ടറി പ്രസ്സ്

കുന്നംകുളം.

1954. വില 1 ക.

# പ്രധാന കഥാപാത്രങ്ങൾ

## അരുണൻ.

കഥാനായകൻ. പിതാവിന്നുവേണ്ടി സ്വജീവനെപ്പോലും ബലികഴിക്കുവാൻ സന്നദ്ധനായ ഒരു ആദർശപുരുഷൻ.

## അരവിന്ദപ്രഭു.

അരുണോദയം ഭവനാഥൻ. അരുണന്റെ പിതാവ്. ദ്വിതീയ പത്നിയുടെ സൌന്ദര്യവിലാസത്തിൽ മതിമറന്ന്, സ്വപുത്രനെ നിഷ്ക്കരുണം പരിത്യജിച്ച സാഹസികനായ ഒരു വൃദ്ധഗൃഹനാഥൻ.

## രമണി.

അരവിന്ദപ്രഭുവിന്റെ ദ്വിതീയ പത്നി. സ്വാത്ഥലാഭത്തിന്നുവേണ്ടി എന്തു് കടുകയ്യുകളും ചെയ്യാൻ മടിക്കാത്ത ഒരു സുന്ദരി.

## സുമതി.

രമണിയുടെ പ്രിയപ്പെട്ട തോഴി. കൈകേയിയ്ക്കു് മന്ഥരയെന്നപോലെ വിഷബീജങ്ങൾ കിത്തവെയ്ക്കുന്ന ഒരു കാളസപ്പം.

## വനജ.

സൌന്ദര്യവും സൌശീല്യവും ഒത്തിണങ്ങിയ ഒരു ലേഡിഡോക്ടർ. അരുണന്റെ കാമുകി.

## പ്രഭൻ.

അരുണോദയത്തിലെ ഭൃത്യൻ. അരുണന്റെ കാലക്കേടിൽ ആത്മാത്ഥമായി ദുഃഖിക്കുന്ന ഒരു ഭക്തസേവകൻ.

# ഗ്രന്ഥകർത്താവിന്റെ കൃതികൾ.

**കവിത:—**

| | |
|---|---|
| അശ്രുധാര. | 0-12—0 |
| യാചകി. | 1—0—0 |

**നോവൽ:—**

| | |
|---|---|
| വളർത്തുമകൾ | 2—8—0 |
| കാലത്തിന്റെ കളി. | 0-14—0 |
| പാൽക്കാരി. | 1—8—0 |

**ചെറുകഥകൾ:—**

| | |
|---|---|
| വികാരവീചിക. | 1—0—0 |
| നിലാവും നിഴലും. | 1—0—0 |
| പെണ്ണിൽപെണ്ണ്. | 1—0—0 |

**നാടകം:—**

| | |
|---|---|
| അരുണൻ | 1—0—0 |
| അവൻ വന്നു (കാലം തെളിഞ്ഞു) | 1—0—0 |

**ബാലസാഹിത്യം:—**

| | |
|---|---|
| ആദർശ കഥകൾ | 0—6—0 |

**സരള ബുക്ക് ഡിപ്പൊ,**

കുന്നംകുളം.

# അരുണനെപ്പററി

## കോഴിക്കോട്ട് ആൾ ഇന്ത്യാ റേഡിയോ നിലയത്തിൽനിന്ന്

## പ്രക്ഷേപണം ചെയ്ത നിരൂപണം.

ശ്രീമാൻ ജോസഫ് ചെറുവത്തൂർ കേരളീയ സഹൃദയ ലോകത്തിന്ന് അപരിചിതനല്ല. അദ്ദേഹം അനുഷ്ഠിച്ചുവരുന്ന സാഹിതീസപര്യ അദ്ദേഹത്തെ കേരളക്കരയിൽ സുപരിചിതനാക്കിത്തീർക്കുന്നുണ്ട്. അശ്രുധാര (വിലാപകാവ്യം) വളത്തുമകൾ (നോവൽ) വികാരവീചിക (ചെറുകഥകൾ) നിലാവും നിഴലും (ചെറുകഥകൾ) എന്നിവയുടെ കർത്താവാണ് ശ്രീ: ചെറുവത്തൂര. 'അരുണൻ' അഥവാ 'പിതൃഭക്തി' എന്ന പ്രസ്തുത നാടകവും അദ്ദേഹത്തിന്റെ ഹസ്തലാഘവത്തിന്റെ ഫലമാണ്.

ആംഗലസാഹിത്യവുമായുള്ള കൂട്ടുകെട്ടുകൊണ്ട് കേരളഭാഷക്ക് കൈവന്ന വമ്പിച്ച നേട്ടങ്ങളിൽ എണ്ണത്തക്ക ഒന്നത്രെ ഗദ്യനാടക പ്രസ്ഥാനം. ഈ വിഭാഗത്തെ സംബന്ധിച്ചിടത്തോളം ഇന്ന് ഭാഷയുടെ ഭണ്ഡാരത്തിൽ മുതലെടുപ്പ് കൂടിക്കൂടി വരികതന്നെ ചെയ്യുന്നുണ്ട്. ഭാഷകൊണ്ട് കൈകാര്യം ചെയ്യുവാൻ കഴിവുണ്ടെന്ന് സ്വയം തോന്നിയാൽ മതി; ചെറുപ്പക്കാരായ എഴുത്തുകാർ പലരും, ഇടവും വലവും നോക്കാതെ പഞ്ചമില്ലാതെ നാടകനിർമ്മിതിക്ക് വട്ടം കൂട്ടുകയായി. അതുകൊണ്ട് അവയിൽ പലതിനും വേണ്ടത്ര മേന്മ കുറഞ്ഞുവരികയാൽ, വിദഗ്ദ്ധദൃഷ്ടി വിലയിരുത്താൻ വയ്യാതെ പിന്മാറി നില്ക്കാറാണ് പതിവ്. എന്നാൽ നമ്മുടെ അരുണൻ അക്കൂട്ടത്തിൽ ഉൾപ്പെട്ട ഒരു കൃതിയാണെന്ന് പറഞ്ഞുകൂടാ. അതിന്ന് ഒരു വിലയും നിലയുമുണ്ട്.

* * * * * * * *

അരുണൻ ആദർശപ്രധാനമായ ഒരു കൃതിയാണ്. പിതൃഭക്തിയാണ് ഇതിലെ സർവ്വോത്തമമായ ആദർശം. വ്യക്തി

സ്വാതന്ത്ര്യബോധത്തിന്റെ മായാവലയത്തിൽ പെട്ടു് ദിക്കു് തിരിയാതെ നട്ടം തിരിയുന്ന ലോകത്തിന്നു്, താദൃശമായ ആദർശത്തിൽ പക്ഷെ വിപ്രതിപത്തി ജനിക്കാമെങ്കിലും 'പിതൃദേവോഭവ:' എന്ന വൈദിക മന്ത്രം ജപിക്കുന്ന ഭാരതീയ സംസ്കാരം അതിന്നു തക്കതായ വില കല്പിയ്ക്കും തീർച്ച. പിതാവിന്റെ അത്യാപല്ക്കരമായ അപഥ സഞ്ചാരത്തിലും അയാളിൽ മൂർത്തിമദ്രൂപം പിതൃഭക്തി തന്നെ. അരുണനിലെ മറ്റൊരാദർശം "സത്യം, ജയതി, നാനൃതം" എന്നുള്ളതാണു്. കൂടതന്ത്രത്തിന്റെ ദൃഢബദ്ധമായ എത്രതരം മതിൽക്കെട്ടിനുള്ളിൽ നിർത്തി രക്ഷിച്ചാലും ശരി, കാലമെത്തുമ്പോൾ അസത്യത്തിന്നു് വെളിക്കുവരാനുള്ള ദ്വാരങ്ങൾ വിവൃതങ്ങളായിക്കാണുമെന്നു് ഈ കൃതി നല്ലപോലെ തെളിയിയ്ക്കുന്നുണ്ടു്. "ധർമ്മമേ ജയതി സാധര്യ" എന്നതും ഇതോടനുബന്ധിച്ചു നില്ക്കുന്ന മറ്റൊരാദർശമത്രെ. അരുണന്റേയും രമണിയുടേയും ചരിത്രം ഇതിന്നു് നിത്യനിദർശനമാണു്. ഇങ്ങിനെ നോക്കിയാൽ സദാചാരോപദേശത്തിലും, ധർമ്മമാർഗ്ഗോപദേശത്തിലും അരുണൻ മികച്ചു നില്ക്കുന്നുണ്ടെന്നു് കാണാൻ പ്രയാസമൊട്ടുമില്ല. 'കല-കലയ്ക്കുവേണ്ടി' എന്ന മതം ശിഥിലബന്ധമായതോടുകൂടി, കലയുടെ പ്രയോജനാപേക്ഷിത വെളിപ്പെട്ടുനിലയ്ക്കു്; ഈ വിഷയത്തിൽ അരുണൻ ആദരാർഹനായി നില്ക്കുന്നുണ്ടെന്നു് സമ്മതിക്കണം.

ശബ്ദശുദ്ധി അരുണനിൽ വേണ്ടുവോളമുണ്ടു്. 'ജീവശവം' 'ശരശ്ചന്ദ്രൻ' മുതലായി ചുരുക്കം ശബ്ദങ്ങളെ എടുത്തു പുറത്തുവെച്ചാൽ ശബ്ദശുദ്ധിയിൽ അരുണന്നു് എവിടെയും തലപൊക്കി നില്ക്കാം. അനഭിജ്ഞ മണ്ഡലത്തിലെ പ്രചാരാധിക്യം മുൻനിർത്തി, നടപ്പിലുള്ളവയാണെന്നു് തീരുമാനിച്ചു്, അപശബ്ദങ്ങൾക്കു് സാധുത്വം കല്പിക്കുകവയ്യ.

പ്രസ്തുത കൃതിക്കു് വാക്യഭംഗിയിൽ താഴ്ച ഒട്ടും പററീട്ടില്ലെന്നു് ഉറപ്പിച്ചു പറയാം. അർത്ഥാന്തരന്യാസം, അപ്രസ്തുതപ്രശംസ, ദൃഷ്ടാന്തം, രൂപകാതിശയോക്തി, ഉപമ, മുതലായ അലങ്കാരങ്ങളെ യഥോചിതംഘടിപ്പിച്ചതു്. വാക്യങ്ങൾക്കു ശോഭാതിശയം വരുത്തിയിരിയ്ക്കുന്നു. പ്രസന്നതയും

ഋജുത്വവും ഇതിലെ വാക്യങ്ങൾക്കുള്ള പ്രത്യേകതയാണ്. ഗ്രന്ഥകാരൻെറ അഭിജ്ഞാനശാകുന്തള പരിചയം സ്പഷ്ടീകരിക്കുന്നതാണ്, അരുണനിലെ വാക്യബന്ധശൈലിയെന്ന് ആക്കം നോക്കിയാൽ മനസ്സിലാകും. ഇവിടെ വിശേഷിച്ചൊന്നു പറയേണ്ടതുണ്ട്. നാട്ട്യോക്തികൊണ്ട് തരംതിരിക്കാഞ്ഞയാൽ വിചാരവാക്യങ്ങളേയും സംഭാഷണവാക്യങ്ങളേയും ചിലപ്പോൾ തിരിച്ചറിയാൻ വായനക്കാർ അല്പം ക്ലേശിക്കേണ്ടി വരുമെന്ന് തോന്നുന്നു. ദൃശ്യകാവ്യങ്ങളിൽ ശ്രവ്യാംശത്തിനും പ്രാബല്യമുണ്ടെന്ന സംഗതി വിസ്മരിച്ചുകൂടാ.

സംഭവങ്ങൾ, പാത്രചാര്യകൾ, കഥാഭാഗങ്ങൾ, മുതലായവയുടെ പശ്ചാത്തല സൃഷ്ടിയിൽ ഗ്രന്ഥകാരൻ ശ്രദ്ധപതിപ്പിച്ചിട്ടുണ്ട്. സ്വഗൃഹഭ്രഷ്ടനായ അരുണനെ കണ്ടുപിടിക്കാൻ പരിശ്രമിച്ചിരുന്ന പോലീസ് ഇൻസ്പെക്ടരെ, ഒരു ദിവസം അരുണഗൃഹത്തിലെ അതിഥിയാക്കി അവതരിപ്പിച്ചതും, അലക്കുകാരനെ രമണിയെക്കൊണ്ട് ശകാരിപ്പിച്ചതും മററും ഇവിടെ സംഭാവ്യമാണ്. പരിണാമഗുപ്തി, കഥാമർമ്മനിബന്ധനം, ഇവയിലും ഗ്രന്ഥകർത്താവിൻെറ കരകൌശലം അനുമോദനീയമായിരിക്കുന്നു.

പാത്രസൃഷ്ടിയിൽ കടക്കുമ്പോൾ ചിലേടത്തു് തെല്ലൊരഭിപ്രായഭേദത്തിന്ന് വകയില്ലായ്കയില്ല. പിതൃഹിതത്തിൽനിന്ന് രേഖാമാത്രം പോലും വ്യതിചലിക്കാത്ത അരുണൻ അലംകൃതനായി കുസുമാലയത്തിലേക്കു പോകാൻ പുറപ്പെട്ട പ്രളവിനോട് "എന്താ അച്ഛാ ഇന്നൊരു പ്രത്യേക വേഷാലങ്കാരം? എവിടേക്കാ ഒരു അസാധാരണ കല്യാണയാത്ര?—" എന്നും മററും ചോദിച്ച് അയാളുടെ വെറുപ്പും കോപവും സമ്പാദിച്ചതു് ഭംഗിയായോ? ഇതു് കഥാഭാഗത്തിന്ന് ഉപോൽബലകമാണെങ്കിലും, ദുർദ്ദൈവവത്താൽ ബുദ്ധിഭ്രമം പററിയ പ്രളവിൽ ഏതുതരം ദോഷവും മാലിന്യവും അന്നു് സംഭാവ്യമായിരിക്കെ, അരുണൻെറ ഈ അവിവേകം അയാളുടെ പ്രകൃതിസിദ്ധമായ സ്വഭാവഭംഗിക്ക് വരുത്തിയ ന്യൂനതയായി

ട്ടല്ലേ വിചാരിക്കേണ്ടതു്? ഇതുപോലെ അരുണന്റെ ഉദ്യോഗാന്വേഷണ സമ്പ്രദായത്തിലും, അല്പം പാകപ്പിഴ വന്നുപോയതായി തോന്നുന്നുണ്ടു്. അയാൾ വേണ്ടിടത്തു് വേണ്ടവിധം നിന്നു് പ്രവൎത്തിച്ചിട്ടില്ലെന്നു് ഊഹിക്കേണ്ടിയിരിക്കുന്നു. പ്രഭുവിന്റെ സ്വഭാവ പരിശോധനയിലും ദോഷചിന്തക്കു് പ്രസക്തികാണാം. വൃദ്ധനായ അദ്ദേഹം ഇരുപത്തഞ്ചു കൊല്ലമായിട്ടേനിവൃത്ത മന്മഥ കഥനായി വൎത്തിക്കുന്ന സ്ഥിതിക്കു്, പെട്ടെന്നു് സൎവ്വസ്വദക്ഷിണമായ മദനയജ്ഞത്തിന്നു് ഒരുങ്ങി പ്പുറപ്പെട്ടതു് ഉചിതമായോ? ഇതിന്നുമുമ്പു് ഒരൊററ സുന്ദരിപോലും അയാളുടെ ദൃഷ്ടിയിൽ പെട്ടിട്ടില്ലെന്നുണ്ടോ? അത്രയും സമ്പത്തു് സ്വയമായി ആൎജ്ജിച്ചു് നിലനിൎത്തിപ്പോരാനുള്ള ഒരു സാമൎത്ഥ്യവിശേഷം ദൈവദത്തമായി സിദ്ധിച്ച അയാൾക്കു്, സൎവ്വസ്വവും രമണീപദത്തിൽ സമൎപ്പിക്കുവാൻ തോന്നിയതു് ഏതൊരു മനഃശാസ്ത്രതത്വത്തെ ആയിരിക്കാം ആസ്പദീകരിക്കുന്നതു്. ഇതുപോലെ അരുണനെക്കൊണ്ടു് പഴി പറയത്തക്കവണ്ണം അയാളുടെ പ്രഥമദർശനത്തിൽ തന്നെ അനുചിതസംഭാഷണം രമണി ചെയ്തതും ഗ്രാഹ്യമായെന്നു് തോന്നുന്നില്ല. ദോഷാന്വേഷികൾക്കു് ഈവിധം ചില ചോദ്യചിഹ്നങ്ങൾ ഇടക്കു കുറിച്ചിടാൻ വഴിയുണ്ടെങ്കിലും, ഭാഷയിലെ ഉത്തമങ്ങളായ ഗദ്യനാടകങ്ങളുടെ കൂട്ടത്തിൽ അരുണനും ഒരു സ്ഥാനത്തിന്നു് അൎഹതയുണ്ടെന്നു് കരുതേണ്ടിയിരിക്കുന്നു.

എന്നു്,

28—6—'51
കോഴിക്കോട്ടു്.

ടി. കൃഷ്ണൻ,
നവകേരളം പത്രാധിപർ.

# അരുണൻ.

## രംഗം. 1.

(മോഹനമായ ഒരു സായംകാലം. സ്ഥലം കുസുമാലയത്തിന്റെ മുൻഭാഗത്തുള്ള കമനീയവും വിശാലവുമായ ഉദ്യാനം. കുളിരിളംകാററ് പുഷ്പലതാദികളെ കിക്കിളിയാക്കിക്കൊണ്ട് ഇഴഞ്ഞുപോകുന്നു. ചിറകുവെച്ച പച്ചരത്നങ്ങൾ പോലെ മനോഹരമായ പൈങ്കിളികളുടെ കളകളാരവത്താൽ അന്തരീക്ഷം മുഖരിതമാകുന്നു. താരും തളിരും ഒരുപോലെ ചാഞ്ചാടിക്കളിക്കുന്നു. രമണി—ഗൃഹനാഥ; ഇരുപത്തൊന്ന് വയസ്സ്. യൗവ്വനം തുള്ളിത്തുളുമ്പുന്ന തുടുത്ത ദേഹം. അഴകൊഴുകുന്ന മുഖം. വിചിത്രമായ വേഷാലങ്കാരം. പൂങ്കാവനത്തിൽ ഒരു മൂളിപ്പാട്ടുപാടിക്കൊണ്ട് പൂവറുക്കുന്നു. അനന്തരം:-)

**രമണി.** സുമതീ!

**സുമതി.** (അകത്തുനിന്ന്) എന്തോ! (സുമതി പ്രവേശിക്കുന്നു. ഉദ്ദേശം മുപ്പതുവയസ്സ്. കേവലം വിരൂപമല്ലാത്ത ഒതുങ്ങിയ ശരീരം. എന്തു കഠിനകർമ്മങ്ങളും ചെയ്യാൻ മടിക്കാത്ത മുഖഭാവം. നിരാഡംബരമായ വസ്ത്രധാരണം. രമണിയുടെ അരികെ വന്ന് വന്ദിക്കുന്നു.)

രമണി. സഖീ, ഇന്നല്ലേ നമ്മുടെ പുഷ്പപൂജയുടെ അവസാന ദിവസം?

സുമതി. അതേ; അതേ; ഇന്നുതന്നെ.

രമണി. ഫലമൊന്നും കാണുന്നില്ലല്ലോ? എത്ര പണമായി അതിന്നുവേണ്ടി വ്യയം ചെയ്യുന്നു? നിന്റെ മധുര വാക്കിൽ ഭ്രമിച്ചാണ് ഞാനതിന്നുദ്യമിച്ചത്.

സുമതി. അതിനെന്താ? ചികിത്സ കഴിഞ്ഞല്ലേ ഫലം പ്രത്യക്ഷമാകാൻ തുടങ്ങുക? ഇത്ര ധൃതിപിടിച്ചാലോ?

രമണി. എന്തു്? സഹൃദയന്മാരും രസികശിരോമണികളു
മായ യുവകേസരികൾക്കു് ഇങ്ങോട്ടു് കണ്ണില്ലെ
ന്നുണ്ടോ സഖീ?

സുമതി. ഒട്ടും ഇച്ഛാഭംഗപ്പെടരുതു്. നമ്മുടെ ധനസമൃ
ദ്ധിയും കുലമഹിമയും മററും കാണുമ്പോൾ, സാ
മാന്യജനങ്ങൾക്കു് പെട്ടെന്നിങ്ങു കടന്നുവരാൻ
തെല്ലു് ഭയമൊ സങ്കോചമൊ ഉണ്ടാകാം. പൂൎണ്ണ
ചന്ദ്രന്റെ സന്നിധിയിലേയ്ക്കു് എത്രമാത്രം ശ
ങ്കിച്ചിട്ടാണു് നക്ഷത്രങ്ങൾ സമീപിക്കാറുള്ളതു്?

രമണി. അതുകൊണ്ടു്, സുമതി, ഇവിടത്തെ ആഡംബര
ങ്ങൾക്കു ഒരു വിരാമമിടേണമെന്നാണോ നിന്റെ
അഭിപ്രായം?

സുമതി. ഒരിക്കലുമല്ല; ഒരിക്കലുമല്ല! സുന്ദരിയും കുലീന
യുമായ ഒരു സൗഭാഗ്യവതിക്കു് സമുചിതമല്ലാത്ത
വേഷഭൂഷാദികളൊന്നും തന്നെ ഇവിടെയില്ല.

രമണി. ശരി, നീ മാനമായിസംസാരിച്ചു. വേണ്ട, വേണ്ട,
ഇവിടെക്കാരും വലിഞ്ഞുകയറണമെന്നില്ല. ഇന്ദ്ര
ൻ, കുബേരൻ, എന്നൊക്കെപ്പറഞ്ഞു് പരിഷ്
ക്കാരവേഷം കെട്ടിയ കോവർ കഴുതകൾ! എനി
യ്ക്കു് ബോദ്ധ്യമായ ഒരു മഹാനുഭാവനെയല്ലാതെ
ഞാൻവരിയ്ക്കില്ല തീൎച്ച. അമ്മയോ ബന്ധുക്കളോ
ആരുതന്നെ ശാസിച്ചാലും അതെല്ലാം വനരോദ
നമായിട്ടെ കലാശിയ്ക്കൂ.

സുമതി. എന്തിനാണെന്റെ ദേവീ, ഈ വിധത്തിൽ മന
സ്സുമടുത്തു് സംസാരിക്കുന്നതു്? സ്ത്രീ സ്വാതന്ത്ര്യം
മുളച്ചു തഴച്ചു് പുഷ്ടിക്കാൻ തുടങ്ങിയ ഈ കാല
ഘട്ടത്തിൽ, വിശേഷിച്ചു് വിവാഹകാൎയ്യങ്ങളിൽ,
വിവേകമുള്ള ഒരു സ്ത്രീ ആൎക്കാണു് അടിമയാകുക?
(ഒരു കാറിന്റെ ഹോറൻ കേൾക്കുന്നു. സുമതി ഗെ

രംഗം 1.

യിററിലേക്കു് സശ്രദ്ധം നോക്കുന്നു. ആരോ വന്നിട്ടുണ്ടെന്നു മനസ്സിലാക്കി അവിടേക്കു് പോകുന്നു. ഉടനെ മടങ്ങിവന്നു് അത്ഭുതത്തോടെ:—)

സുമതി. ദേവീ, നമ്മുടെ പ്രാത്ഥന ഫലിച്ചു കേട്ടൊ!

രമണി. എന്തു്? എന്തു്?

സുമതി. അതെ, പ്രാത്ഥന ഫലിച്ചു എന്നു്! സാക്ഷാൽ കാമദേവൻ തന്നെ ഇതാ നമ്മുടെ പടിക്കൽവന്നു ദേവിയെ ഒന്നു കാണാൻ സമയം ചോദിച്ചു നില്ക്കുന്നു.

രമണി. ആര്? കാമദേവനൊ? അസംബന്ധം! അസംബന്ധം!

സുമതി. അല്ല; കാമകോമളനായ ഒരുയുവാവ് ഇതാ അവസരം കാത്തു നില്ക്കുന്നു. വരാൻ പറേട്ടയൊ?

രമണി. എന്നാൽ പറയു.

(സുമതി പോകുന്നു. രമണി ധരിച്ചിരിക്കുന്ന പച്ചപ്പട്ടു സാരിയിൽ ചില ചുളിവുകൾ നിമ്മിക്കുവാൻ ശ്രമിക്കുന്നു. കൈലേസ് കൊണ്ടു മുഖം തുടക്കുന്നു. ശിരസ്സിൽ അണിഞ്ഞിരിക്കുന്ന മുല്ലപ്പൂ മാല ഒന്നഴിച്ചു ചൂടുന്നു.)

സുമതിയാൽ അനുനീതനായി അരുണൻ പ്രവേശിക്കുന്നു. ഇരുപത്തഞ്ചു് വയസ്സ്. ചുരുണ്ടിരുണ്ട തലമുടി ഭംഗിയിൽ ചീകിവെച്ചിട്ടുണ്ടു്. സിംഹഗാംഭീര്യം വഴിഞ്ഞൊഴുകുന്ന മുഖം വെള്ള ഖദർജിബ്ബായും മുണ്ടും ധരിച്ചിരിക്കുന്നു. ചുമലിൽ ഒരു വെൺപട്ടുഷോറം.

ആഗതന്റെ അപാരമായ സൌന്ദയ്യവിലാസത്തിൽ മതിമറന്നു്, രമണി അരനിമിഷം അങ്ങിനെത്തന്നെ സ്തംഭിച്ചു നില്ക്കുന്നു. ഉടനെ തൊഴുകയ്യുമായി അരുണനെ സ്വാഗതം ചെയ്യുന്നു.)

രമണി. ഇരിക്കാം; ഇരിക്കാം (ഒരു കസേല ചൂണ്ടിക്കാണിക്കുന്നു. ആ കസേലയിൽ അരുണൻ ഇരിക്കുന്നു.)

അരുണൻ. ഭവതിയും ഇരിക്കണം.

രമണി. ഞാനിരുന്നുകൊള്ളാം.

(അല്പം അകലെ മറെറാരു കസേലയിൽ ഇരിക്കുന്നു.)

രമണി. കുസുമാലയത്തിലെ ഓരോ കുസുമത്തിലും പ്രസാദപൂരം പൊഴിച്ചുകൊണ്ടും, എൻെറ ഹൃദയപുഷ്പത്തിൽ പ്രേമമധുവർഷിച്ചും, ഇങ്ങോട്ടിറങ്ങിയതെന്തൊരത്ഭുതമൊ? അങ്ങയെ പരിചയപ്പെടാൻ ഇതുവരെ കഴിയാഞ്ഞതിൽ ഖേദമുണ്ട്.

അരു. അരുണോദയം എന്നൊരു ഭവനത്തെപ്പററി കേട്ടിട്ടുണ്ടോ? അഞ്ചാറു നാഴിക വടക്ക്.

രമണി. (ഉൽക്കണ്ഠയോടെ) ഉവ്വ്!

അരു. ആ ഭവനനാഥനായ അരവിന്ദപ്രഭുവിൻെറ മകനാണ്.

രമണി. അരുണൻ എന്നൊരു ടെന്നീസ് ചാമ്പിയനെ കേട്ടിട്ടുണ്ട്. അങ്ങ ആ മഹാനുഭാവൻതന്നെയോ?

അരു (പുഞ്ചിരിയോടെ) അതെ

(രമണി വീണ്ടും കൈകൂപ്പുന്നു.)

അരു. അടുത്തു കഴിഞ്ഞ അഖിലഭാരത കാർഷിക പ്രദർശനത്തിന്ന് കുസുമാലയത്തിലേക്ക് ഒട്ടുവളരെ സമ്മാനങ്ങൾ ലഭിച്ചു; ഇല്ലെ?

രമണി. (അലസഭാവത്തിൽ) ചിലതെല്ലാം കിട്ടീട്ടുണ്ട്.

അരു. കുസുമാലയത്തിലെ സഹായം ഒരു പ്രത്യേക കാര്യത്തിന്ന് എനിക്കാവശ്യമായിരിക്കുന്നു. അതാണിങ്ങോട്ട് പുറപ്പെട്ടത്.

രമണി. മഹാത്മൻ! അതെന്തുതന്നെയായാലും ഞാൻ സന്തോഷപൂർവ്വം നിർവ്വഹിച്ചുകൊള്ളാം.

അരു. “സോമലത” എന്നൊരു ഔഷധി ഭവതിയുടെ രമണീയോദ്യാനത്തിൽ ഉണ്ടെന്നറിഞ്ഞു. അച്ഛൻെറ അതികഠിനമായ തലവേദനക്കു ഈ ലതയുടെ പുഷ്പങ്ങൾകൊണ്ടു പാകപ്പെടുത്തുന്ന ഒരു തൈലമാണ് മൂസ്സതവർകൾ ചികിത്സകല്പിച്ചിരിക്കുന്നത്. അതുകൊണ്ട് അതിൻെറ ഏതാനും

പുഷ്പങ്ങൾ തന്ന് ഇയ്യിവനെ അനുഗ്രഹിച്ചരുളണം.

രമണി. (ഹാസ്യരസത്തിൽ) സോമലത! എത്ര നിസ്സാരമായ ആവശ്യം! രമണിയുടെ ദേഹലതക്കുപോലും അർഹന്മാരാണു അങ്ങയെപ്പോലുള്ള മഹാന്മാർ. എൻെറ ചിരകാലപ്രാർത്ഥനയുടെ ഫലം കൃപമെട്ടത്ത ഒരു ദിവ്യവിഗ്രഹമോ ഞാനീക്കാണുന്നതു്?

അരു. എന്തു കഥയില്ലായ്മകളാണു് ഭവതി പുറത്തു വിടുന്നതു്? കഷ്ടം! കേവലം ഒരന്യപുരുഷനോട്ട് പ്രഥമ ദർശനത്തിൽത്തന്നെ ഈ വിധം ചപലമായി പ്രേമാപേക്ഷ ചെയ്യുന്നതു് ഉചിതമോ? സ്ഥലകാലങ്ങളെ ഗൌനിക്കാതെ സംസാരിക്കുന്നതിൽ ഞാൻ വിഷാദിക്കുന്നു.

രമണി. യുവസത്തമൻ! നിർമ്മലമായ നീലാകാശത്തിൽ വാരൊളിമിന്നൽ പുളഞ്ഞുപായുന്നതിന്നു് വല്ല സ്ഥലകാലങ്ങളേയും നോക്കാറുണ്ടോ? സുരഭില ശീതളമായ ഇളംകാററു് വല്ലവരുടേയും അനുമതിവാങ്ങിക്കൊണ്ടാണൊ വീശുന്നതു? കുന്നമല്ല; അതുപോലെത്തന്നെയാണു് നിർമ്മല ഹൃദയങ്ങളിൽ പ്രേമം അങ്കുരിക്കുന്നതും.

അരു. അതെങ്ങിനെയെങ്കിലുമാകട്ടെ. സോമലതയുടെ കുസുമങ്ങൾ തന്നു് എന്നെ പറഞ്ഞയക്കുവാൻ ദയവുണ്ടാകണം. സമയം വൈകുന്നു.

രമണി. സുമതീ. (അകത്തുനിന്നു്)

സുമതി എന്താ? (സുമതി വേഗത്തിൽ രമണിയുടെ അടുത്തു വരുന്നു).

രമണി. സഖീ, സോമലതയുടെ കുറെപുഷ്പങ്ങൾ പറിച്ചു് ഒരു ഭംഗിയുള്ള പൂക്കൊട്ടയിൽ ക്ഷണംകൊണ്ടുവാ.

സുമതി. ഉടനെ കൊണ്ടുവരാം. (പോകുന്നു)

രമണി. മഹാഭാഗാ, എൻെറ ഹൃദയത്തിൽ യാദൃച്ഛികമായി ഉദിച്ചുയന്ന ഭാവവിശേഷം അവിടേക്ക് മനസ്സിലാകത്തക്കവിധത്തിൽ ഞാൻ പ്രകാശിപ്പിച്ചു കഴിഞ്ഞു. എന്നിട്ടും അങ്ങ് അനുകൂലഭാവം അവലംബിക്കാത്തതിൽ ഞാൻ വിഷാദിക്കുന്നു. പുരുഷഹൃദയത്തിൻെറ കാഠിന്യമായിരിക്കാം അല്ലേ?

അരു. ഭവതി പ്രസ്താവിച്ച സംഗതി വളരെ ഗൌരവമേറിയതാണ്. പെട്ടെന്നുത്തരം പറയത്തക്കതല്ല. ഏതു കാര്യവും ശാന്തമായും ഗാഢമായും ചിന്തിച്ചുവേണം പ്രവൎത്തിക്കുവാൻ. പ്രത്യേകിച്ചു ദാമ്പത്യവിഷയം. ഒടുവിൽ അസുഖത്തിന്നും അസമാധാനത്തിന്നും പാത്രമാകുവാൻ വിവേകികൾ വഴിവെക്കരുതു്.

രമണി. മഹാശയാ! അങ്ങിരിക്കുന്ന ഈ ഗൃഹത്തിന്നു് തീപ്പിടിച്ചു എന്നുതന്നെ വിചാരിക്കുക! വളരെ വളരെ ആലോചിച്ചേ ഇവിടെ നിന്നു. മാറുകയുള്ളു എന്നുവന്നാൽ വെന്തു് വെണ്ണീറാകുമല്ലോ?

അരു. പ്രേമവും ഒരഗ്നിയാണോ?

രമണി. അതെ, എൻെറ ഹൃദയത്തിൽ ഒരിടിത്തീയ്യുപോലെയാണു് അതു പെട്ടെന്നുണ്ടായതു്.

അരു. ശരി. എന്നാൽ അതു് ഇടിത്തീയ്യുപോലെ ക്ഷണത്തിലണഞ്ഞു മാഞ്ഞുപോകയും ചെയ്യും.

രമണി. (ദയനീയസ്വരത്തിൽ) അയ്യോ! അതു കാട്ടുതീപോലെ പടൎന്നുപിടിക്കുന്നുവല്ലോ?

അരു. (തെല്ലു പരുഷസ്വരത്തിൽ) മതി മതി; രമണീ, ഈ കാൎയ്യത്തിൽ ഇപ്പോളെനിക്കൊന്നും ഖണ്ഡിച്ചു പറകവയ്യ. ഏതൊരു മഹാത്മാവു് ഇരു

പത്തഞ്ചു വർഷമായി ഈയിവൻെറ ക്ഷേമത്തെ പുലത്തുവാൻ പുനർ വിവാഹം ചെയ്യാതെ ജീവിക്കുന്നുവോ, ആ വത്സല പിതാവിൻെറ പരിപൂർണ്ണ ഹിതത്തിന്നു എൻെറ വിവാഹകാര്യം വിട്ടുകൊടുത്തിരിക്കയാണു്. അദ്ദേഹം നിർദ്ദേശിക്കുന്ന വധുവിനെ ഞാൻ സസന്തോഷം വരിയ്ക്കും. അതിനാൽ ഈ സംഗതിയെപ്പററിപ്പറഞ്ഞു് എന്നെ വിഷമിപ്പിക്കരുതു്.

രമണി. (ഇച്ഛാഭംഗത്തോടെ അരുണൻെറ മുഖത്തേക്കു് ഉററു നോക്കിക്കൊണ്ടു്:—) എന്നാൽ അങ്ങയുടെ അച്ഛനെ ഇങ്ങോട്ടൊന്നു പറഞ്ഞയക്കാൻ വിരോധമുണ്ടോ?

അരു. അച്ഛൻെറ തലവേദനക്കു് അല്പമെങ്കിലും ആശ്വാസമുണ്ടാകുന്ന പക്ഷം, ഈ പുഷ്പം വീണ്ടും ആവശ്യമായിവരും. ആ സന്ദർഭത്തിൽ അച്ഛൻ തന്നെ ഒരുപക്ഷെ ഇവിടേക്കു വന്നേക്കാം. എന്നാൽ വിവാഹകാര്യത്തെപ്പററി അദ്ദേഹത്തെ ഒന്നുംതന്നെ ഞാൻ ഗ്രഹിപ്പിക്കയില്ല.

രമണി ശ്രീമൻ! സ്വേച്ഛപോലെ ചെയ്യുക.

(സുമതി പൂക്കൊട്ട കൊണ്ടുവരുന്നു. രമണി കൊട്ടയെടുത്തു് തുടിക്കുന്നഹൃദയത്തോടും, ബാഷ്പലവങ്ങൾ ഉരുണ്ടുകളിക്കുന്ന നയനങ്ങളോടും കൂടി, അരുണന്നു സമ്മാനിക്കുന്നു. അരുണൻ അതു് കൃതജ്ഞതാപൂർവ്വം വാങ്ങുന്നു).

അരു. ഭവതിയുടെ ദയക്കു വന്ദനം!

(അരുണൻ രമണിയെ വന്ദിച്ചുപോകുന്നു. കണ്ണിൽനിന്നു മറയുന്നതുവരെ രമണി അരുണനെ നോക്കുന്നു.)

രമണി. (നെടുവീർപ്പു് വിട്ടുകൊണ്ടു്) ഈശ്വരീ! ഈ ഔഷധംകൊണ്ടു് അദ്ദേഹത്തിന്നല്പം ആശ്വാസമുണ്ടായെങ്കിൽ!

സുമതി. എന്താ നമ്മുടെ പ്രാർത്ഥന ഫലിച്ചുവോ?

രമണി ആൎക്കറിയാം? എങ്കിലും ഇഷ്ടകാമുകനെ ഒരു നോക്കു കണ്ടു നയനസാഫല്യമടയുവാൻ സാധിച്ചു എന്നു പറയാം. കണ്ടുകിട്ടിയ ഈ അമൂല്യരത്നം ശിരസ്സിലണിയുവാൻ സംഗതി വന്നാൽ ഞാൻ തികച്ചും സൌഭാഗ്യവതിയായി ഈ വിധത്തിലുള്ള മദനമോഹനന്മാർ ഉണ്ടല്ലൊ ലോകത്തിൽ?

സുമതി. (രമണിയുടെ ചുമലിൽ സ്നേഹപൂർവ്വം തട്ടിക്കൊണ്ടു്) ഇത്തരത്തിലുള്ള രതീദേവികളും!

കൎട്ടൻ

## രംഗം 2.

(സുന്ദരമായ ഒരു സായംകാലം. സ്ഥലം "അരുണോദയം" ഭവനത്തിലെ പൂമുഖം. ഭവനനാഥനായ അരവിന്ദപ്രഭു ഒരു ചാരുകസേലയിൽ ഇരിക്കുന്നു. ഉദ്ദേശം അറുപതു് വയസ്സു്. കലീനത്വം തികച്ചും പ്രത്യക്ഷപ്പെടുത്തുന്ന മുഖം. നല്ല പുഷ്ടിയുള്ള ദേഹം. അവിടവിടെ നരച്ചുതുടങ്ങിയ തലമുടി. വെള്ള ഷർട്ടും മുണ്ടും ധരിച്ചിരിക്കുന്നു. ചുമലിൽ ഒരു തോൎത്തു്. അടുത്തുള്ള ഒരു ചെറിയ വട്ടമേശമേൽ ചില പത്രങ്ങളും മാസികകളും അടക്കിവെച്ചിട്ടുണ്ടു്. അരുണൻ അരികെ നില്ക്കുന്നു).

അ. പ്ര. സോമലത ഒരു ദിവ്യൌഷധി തന്നെ കുട്ടാ! എന്റെ ഭയങ്കരമായ തലവേദന ദിവാകരനെക്കണ്ട മൂടൽമഞ്ഞു പോലെ മാഞ്ഞുപോയല്ലൊ! അത്ഭുതം! മൂസ്സതു് തിരുമേനിക്കു് എന്തുതന്നെ സമ്മാനിച്ചാലും എനിക്കു് മതിവരില്ല.

അരു. സോമലത യഥേഷ്ടം തന്നയച്ച കുസുമാലയക്കാക്കോ?

അ. പ്ര. ശരിതന്നെ! അവരോടും എനിക്കുള്ള കൃതജ്ഞത ചില്ലറയല്ല ഇത്രവളരെ ശ്രമംചെയ്തു് ഈ അമൂല്യസസ്യം നട്ടുപിടിപ്പിച്ചല്ലൊ?

അരു. അഹ്ഹാ, എന്തെല്ലാമാണു് അവരുടെ ആ മനോഹരമായ ആരാമത്തിൽ നട്ടുപിടിപ്പിച്ചിരിക്കുന്നതെന്നോ? ശിവ!ശിവ! ഒരു നന്ദനോദ്യാനംതന്നെ. ഏകദേശം രണ്ടു നാഴിക ചുററളവിൽ, പാല്ക്കുമ്മായം തേച്ചു് തെളുതെളെ മിന്നുന്ന ആ പൂങ്കാവനത്തിന്റെ മതിൽക്കെട്ടിന്മേൽ, അസ്തമനസൂര്യൻ കുങ്കുമം ചാർത്തുന്ന ആ കാഴ്ച-അയ്യൊ! ആ ഉദ്യാനമദ്ധ്യത്തിൽ, വൃക്ഷലതാദികളാൽ മുക്കാലും മറഞ്ഞുകാണുന്ന കുസുമാലയമോ? അതെ-അളകാവലികളാൽ ഒളിഞ്ഞുമിന്നുന്ന ഒരു ചന്ദനതിലകംതന്നെ. പൂക്കൾ നിറഞ്ഞ നികുഞ്ജങ്ങൾ, പൂങ്കുയിലുകൾ പാടിയാടുന്നതേന്മാവുകൾ, പൊന്നണിഞ്ഞ കണികൊന്നകൾ, മത്സ്യക്കുഞ്ഞുങ്ങൾ നീന്തിക്കളിയ്ക്കുന്നപൊയ്കകൾ. അഹ്ഹാ! കുസുമാലയം ആ നാമധേയത്തെ അനപർത്ഥമാക്കുകതന്നെ ചെയ്യുന്നു.

അ. പ്ര. അത്രവളരെ വിശേഷമാണൊ? ആ പുഷ്പം കുറെക്കൂടി വേണമല്ലൊ? ആളെ അയച്ചിട്ടില്ലേ?

അരു. ഉവ്വ്. പ്രഭൻ പോയിട്ടുണ്ടു്. പക്ഷെ, കൊണ്ടുവരുമോ എന്നു് കണ്ടുതന്നെ അറിയണം.

അ. പ്ര. അവിടേയും അതു ദുർല്ലഭമാണൊ? അവർ പറയുന്ന വില കൊടുക്കാമല്ലൊ?

അരു. വിലക്കു വില്ക്കുന്ന ഒരു പ്രകൃതമല്ല അവരുടെ.

അ. പ്ര. വില വാങ്ങാത്തതാ വിഷമം. അതുകൊണ്ടു്, അരുണാ, ഇനി അവരെ ആശ്രയിക്കാൻ ഇട വ

രരുതു്. നമ്മുടെ തോട്ടത്തിൽ എങ്ങിനെയെ
ങ്കിലും അതു് നട്ടുപിടിപ്പിക്കാൻ ശ്രമിക്കണം.
(പ്രഭൻ വെറുംകയ്യോടെ മടങ്ങിവന്നു തൊഴുന്നു. ഇരു
പത്തിരണ്ടു വയസ്സുള്ള ഒരു യുവാവു്. ഭൃത്യന്മാക്കു് യോജിച്ച
വസ്ത്രധാരണം)

പ്രഭൻ. വല്ല്യേമാന്നേ, രമണീദേവി അവിടേല്യാ. മായാ
പുരത്തേക്ക് പോയിരിക്ക്യാണത്രെ.
അങ്ങുന്നോ കെരച്ചേമാന്നോ ചെന്നാൽ മാത്രേ
പൂക്കൾ തരാൻ നിവൃത്തീള്ളൂ എന്നാ ആ വായാ
ടിയായ ദാസി പറഞ്ഞതു്.

അ. പ്ര. രമണി എന്നു വരുമെന്നു നീ അന്വേഷിച്ചോ?

പ്രഭൻ. ഉവ്വങ്ങുന്നേ, രണ്ടു ദിവസത്തിന്നുള്ളിൽ വരുമെ
ന്നാ പറഞ്ഞേ.

അ. പ്ര. നീ പോയി കാപ്പി തയ്യാറാക്കു്.
(പ്രഭൻ തൊഴുതു പോകുന്നു.)

അ. പ്ര. അരുണാ, എനിക്കൊന്നങ്ങോട്ടു് പോയാൽ കൊ
ള്ളാമെന്നുണ്ടു്. ഒരു ദിവസത്തെ സായാഹ്നയാത്ര
കുസുമാലയത്തേക്കാക്ക്യാലോ;

അരു. നല്ലതു തന്നെ.

അ. പ്ര. തലവേദന ഈശ്വരാധീനത്താൽ ഒരുവിധം ആ
ശ്വാസമായെന്നു തന്നെ പറയാം. എന്നാൽ ഹൃ
ദയവേദനയാ എന്നെ ഇപ്പോൾ വല്ലാതെ വിഷ
മിപ്പിയ്ക്കുന്നതു്.
(നെററിത്തടം കൈകൊണ്ടു താങ്ങി പിളള അധോമുഖനായിരി
യ്ക്കുന്നു.)

അരു. അയ്യോ! എൻെറ അച്ഛന്നു് ഹൃദയവേദനയോ?
അച്ഛനെ ഈശ്വരനെപ്പോലെ ആരാധിക്കുന്ന
ഈ മകൻ ഇവിടെ എന്തിന്നും സന്നദ്ധനായി
അടുത്തുള്ളപ്പോൾ ഹൃദയവേദനയോ?

അ. പ്ര അതെ, ഹൃദയവേദന തന്നെ! ഒരു വല്ലാത്തവേ

ദന! (സ്വല്പം പരുഷസ്വരത്തിൽ) നീ തന്നെ അതിനെല്ലാം കാരണവും.

(പ്രഭു നെഞ്ചും തലയും തലോടുന്നു.)

അരു. ഞാനോ? ഈശ്വരാ? (പരിഭ്രമിച്ചുകൊണ്ട്) ഈ ഗൌരവമേറിയ സംഗതി എന്താണെന്ന് ഇതുവരെ അപ്പൻെറ ഈ അരുമമകൻ അറിഞ്ഞില്ലല്ലോ? ഇനിയെങ്കിലും ഉള്ളിൽ ഇരുണ്ടുകൂടിയ ആ വ്യഥാഭാരം എന്തെന്നു തുറന്നുപറയണേ.

അ. പ്ര. എൻെറ പൊന്നുമകനെ, നീ ആ ഒരു സംഗതിയിൽ മാത്രം ഇത്ര പിന്നോക്കം നില്ക്കുന്നല്ലൊ? എത്ര തവണയായി ഞാനിതു് നിന്നോട്ട് പറയാൻ തുടങ്ങീട്ട്. ഇരുപത്തഞ്ചുസംവത്സരങ്ങൾ-അതേ കാൽ ശതാബ്ദം-മകനേ, നിൻെറ ഓമനമുഖം ആ സൌഭാഗ്യവതിയുടെ വിയോഗം കൊണ്ടുണ്ടായ മനഃക്ലേശത്തിൽ നിന്നു് ഈയിവനെ വേർപെടുത്തി. (തൊണ്ടയിടറുന്നു)

ആ മനോഹരാംഗിയുടെ-ആ കനകവിഗ്രഹത്തിൻെറ-നിൻെറ അമ്മയുടെ-നീണ്ടുവിടന്ന കണ്ണുകൾ, അങ്ങിനെത്തന്നെ നിൻെറ മുഖത്തെടുത്തു വെച്ചിരിക്കുന്നു.

അരു. അപ്പാ, പുളകം കൊള്ളിയ്ക്കുന്ന ആ പഴയ ചരിത്രങ്ങൾ എൻെറ ഹൃദയത്തിൽ മാതൃവാത്സല്യത്തിൻെറ ഒരു കോളിളക്കമുണ്ടാക്കുന്നു. അപ്പാ, ഞാനങ്ങയെ എന്തുകൊണ്ടാണു് വിഷാദിപ്പിച്ചിക്കുന്നതെന്നു് പറയണെ.

അ. പ്ര. ഇത്രയെല്ലാം വിസ്തരിച്ചിട്ടും അതെന്തെന്നു് മനസ്സിലാകുന്നില്ല, അല്ലേ? കേൾക്കൂ, നിൻെറ വിവാഹ വിഷയം തന്നെ; അരുണാ, ഇനിയും അതിന്നു കാലതാമസം വരുത്തി ഇയ്യിവനെ വിഷ

മിപ്പിക്കാതിരിക്കുക. അരുണോദയത്തിൽ നിന്നും ഒരു കനക രശ്മി ഉദിച്ചുയരുകയില്ലെന്നോ?

അരു. (കൈക്കൂപ്പിക്കൊണ്ടു്) പ്രിയപ്പെട്ട അച്ഛാ, രണ്ടു് വാക്കുകൊണ്ടു് ഞാനതിന്നു സമാധാനം പറഞ്ഞു കൊള്ളാം. അവിടുത്തെ ഹിതത്തിന്നു് വിരോധമായി ഞാനതു് നിർവ്വഹിക്കാൻ ഉദ്ദേശിക്കുന്നുമില്ല

അ. പ്ര. ഇതാണോ നിന്റെ രണ്ടുവാക്കു്? ശരി, ആ മംഗളമുഹൂർത്തം കാണുന്നതിന്നുള്ള ഭാഗ്യം എന്നാണെനിക്കു് കൈവരിക. ആൎക്കറിയാം?

അരു. അച്ഛാ, ഉപരിപഠനത്തിന്നു് ഇംഗ്ലണ്ടിലേക്കു് പോകണമെന്നു് എനിക്കു വളരെ ആഗ്രഹമുണ്ടു്. മൂന്നോ നാലൊ കൊല്ലം അവിടെ താമസിക്കേണ്ടതായും വരും. പിന്നീടാകാം വിവാഹമെന്നാണു് എന്റെ വിനീതമായ അപേക്ഷ. അച്ഛനു് അതു് അനിഷ്ടമാണെങ്കിൽ, നാളെത്തന്നെ അവിടുത്തേക്കു് ബോദ്ധ്യമായ വധുവിനെ ഞാൻ വരിച്ചുകൊള്ളാം. പോരെ?

അ. പ്ര എന്റെ പ്രിയപ്പെട്ട മകനേ, വയസ്സനായ എന്നെഏകനാക്കി ഇവിടെ വിട്ടുംവെച്ചു്, നീ വിലാത്തിക്കു് പോകയോ? അസ്സലായി. നമ്മുടെ സമ്പത്തുമുഴുവൻ ആർ സംരക്ഷിക്കും? എന്റെ ശരീരസൌഖ്യം മീനവേനൽബാധിച്ച ആററുവെള്ളം പോലെ കാണുണക്കാണെ കുറഞ്ഞുവരുന്നതു് നീ അറിയുന്നില്ലേ? വിദ്യാഭ്യാസത്തിന്നുണ്ടോ വല്ല അന്തവും അറുതിയും? അതു് ആകാശംപോലെ വിശാലവും സമുദ്രംപോലെ അഗാധവും അല്ലേ? അതുകൊണ്ടു് എന്റെ ഓമനക്കുട്ടി, ആ മോഹം മതിയാക്കി ഗൃഹസ്ഥാശ്രമം കൈവരിച്ചു് കുടുംബഭരണത്തിൽ അച്ഛനെ സഹായിയ്ക്കൂ.

അരു. അച്ഛന്റെ ഇഷ്ടംപോലെ.

അ. പ്ര വനജയുടെ ഒരെഴുത്തു് ഇന്നലെ എനിക്കു കിട്ടി കത്തിലെ താല്പര്യമനുസരിച്ചു് ഇന്നലെത്തന്നെ ഞാൻ രൂപ അയക്കയും ചെയ്തു. അവളുടെ പരീക്ഷ അടുത്ത മാസത്തിൽ ആരംഭിക്കുമത്രെ. നിന്റെ സുഖവർത്തമാനങ്ങളും പ്രത്യേകം ചോദിച്ചിട്ടുണ്ടു്.

(പ്രുള പോക്കററിൽ നിന്നു് കത്തെടുത്തുകൊണ്ടു്:—)

അ. പ്ര അരുണാ, നോക്കു, ഇതാ ആ കത്തു്

(അരുണൻ എഴുത്തുവാങ്ങി സകൌതുകം കണ്ണോടിക്കുന്നു.)

അരു. അച്ഛാ! വനജക്കു് പ്രശസ്തമായ വിജയം ലഭിക്കുമെന്നു തന്നെയാ എനിക്കു തോന്നുന്നതു്. അത്രമാത്രം ഭഗീരഥപ്രയത്നം അവൾ ചെയ്യുന്നുണ്ടു്.

അ. പ്ര അന്യരുടെ സഹായത്താൽ വിദ്യാഭ്യാസം നിർവ്വഹിക്കുന്ന നിർദ്ധനർ അങ്ങിനെ ഉററു ശ്രമിക്കണം. അവളുടെ കയ്യെഴുത്തു് കണ്ടുവോ? എന്തൊരു വടിവു്!

അരു. ശരിതന്നെ, നല്ല ഭംഗിയുള്ള ഉരുണ്ട അക്ഷരങ്ങൾ മുത്തുമണികൾ പോലെ. ചുരുക്കം ചിലർക്കേ ഇത്തരം കൌതുകമുള്ള കൈപ്പട കാണുകയുള്ളു.

അ. പ്ര അരുണാ ഞാൻ വനജയെ മെഡിക്കൽ കോളേജിലേക്കയച്ചില്ലെങ്കിൽ അവൾ കേവലം ഒരു വനകുസുമമാകുമായിരുന്നു. സൗശീല്യത്തിന്റേയും, സൗകുമാര്യത്തിന്റേയും നിറകുടമായ ആ പെൺകിടാവു്, സമ്പത്തിന്റെ ഒരു കുറവുകൊണ്ടു് നിറംകെടാനിടവരുന്നതു് കഷ്ടമല്ലെ? ഒരു നല്ല ഡോക്ടരായി വരാവുന്ന അവളെക്കൊണ്ടു് എന്തെല്ലാം സേവനങ്ങൾ നമ്മുടെ വീട്ടിനും നാട്ടിനും ലഭിക്കയില്ല?

അരു. ധനം വരുന്നതും പോകുന്നതുമല്ലെ അച്ഛാ? അതിനെ സംബന്ധിച്ച് അത്ര ഖേദിക്കാനുണ്ടോ?

അ. പ്ര അതേ, നീ വിശിഷ്ടാശയൻ തന്നെ. നിങ്ങൾ രണ്ടുപേരും ദമ്പതികളായിക്കാണുവാൻ ഞാൻ പലപ്പോഴും മോഹിക്കാറുണ്ട്. എന്താ നിന്റെ അഭിപ്രായം?

അരു. കുറച്ചുമുമ്പ് തന്നെ എന്റെ അഭിമതം ഞാനച്ഛനെ അറിയിച്ചുവല്ലോ?

അ. പ്ര ഉവ്വ്. എന്നാലും പ്രായപൂർത്തി വന്നവരോടു വിവാഹകാര്യത്തെപ്പററി അഭിപ്രായം ചോദിക്കേണ്ടതു് പിതൃജനങ്ങളുടെ ധർമ്മമല്ലെ?

അരു. ആയിരിക്കാം; എന്നാൽ ആ നിയമത്തിൽ നിന്നും അങ്ങയുടെ അരുണനെ ഒഴിവാക്കുക തന്നെ വേണം.

അ. പ്ര മതി മകനെ, എനിക്ക് സന്തോഷമായി. നിന്റെ മനഃസ്ഥൈര്യത്തെ ഞാനൊന്ന് കലുക്കിനോക്കിയെന്നേയുള്ളു. ഗാഢമായി ആലോചിച്ചതിന്നു ശേഷം ഈ കാര്യത്തിൽ ഞാനൊരു തീർമാനം ചെയ്തുകൊള്ളാം. നിന്റെ ഭാര്യാപദത്തിന്ന് അർഹതയുള്ള വധൂജനങ്ങളിൽ വനജക്കും ഒരു മാന്യസ്ഥാനമുണ്ടെന്നു നീ മനസ്സിലാക്കണം.

പ്രഭൻ. (അടുത്തുവന്നു് തൊഴുതുകൊണ്ടു്) വല്യങ്ങുന്നേ! കാപ്പി തയ്യാറായി, കൊണ്ടുവരട്ടോ?

അ. പ്ര വേണ്ട, അകത്തേക്കു വരാം.

(എല്ലാവരും അകത്തേയ്ക്കു പോകുന്നു)

കർട്ടൻ.

# രംഗം. 3.

(അരുണോദയത്തിൽ അരുണൻെറ മുറി. അരുണൻ ഒരു റെറന്നീസ് ബോറവ് ഗട്ടിടുന്നതിൽ ബദ്ധശ്രദ്ധനായിരിക്കുന്നു. ഗട്ടം നൂൽച്ചുരുട്ടും, മുറിയിൽ അവിടവിടെ ചിതറിക്കിടക്കുന്നു. പ്രഭൻ അരികെ നിന്ന് വേണ്ട സഹായങ്ങൾ ചെയ്യുന്നു. സമയം പകൽ നാലുമണി കഴിഞ്ഞു.

വനജ പ്രവേശിക്കുന്നു. ഇരുപത്തൊന്നു വയസ്സ്. ചെമ്പകപ്പൂവിൻെറ വർണ്ണം. ഹൃദയനൈർമ്മല്യം തുറന്നു കാട്ടുന്ന മുഖമണ്ഡലം. നിരാഭരണമായ മാറിടം. ഇടത്തുകയ്യിൽ ഒരു ബേഗും, വലതിൽ ഒരു ചെറിയ ശീലക്കുടയും. ഭംഗിയുള്ള ഒരു നീല ഖദർ സാരി ധരിച്ചിരിക്കുന്നു. നീലക്കാർ ചുററിയ പൊന്നമ്പിളിക്കല പോലെ)

വനജ. (പുഞ്ചിരി തൂകിക്കൊണ്ട്) ഇതെന്താണരുണൻ ചേട്ടാ, വല കെട്ടുകയോ?

പ്രഭൻ. അതെ കൊച്ചമ്മേ, ചില പുണ്യമത്സ്യങ്ങളെ വീശിപ്പിടിക്കാൻ.

വനജ. ആ പുണ്യമത്സ്യങ്ങൾ ഏതു മഹാ തീർത്ഥത്തിലാണാവോ കിടക്കുന്നത്?

(വനജ ബേഗും, കുടയും മേശമേൽ വെച്ച് അരുണൻെറ സമീപത്തേക്കു കുറച്ചുകൂടി അടുക്കുന്നു.)

വനജ. ഓഹോ! ബേററ് ഗട്ടിടുകയാണൊ?

(അരുണൻ ബേററിൽതന്നെ ദൃഷ്ടിയുറപ്പിച്ചുകൊണ്ടു്)

ഇരിക്കൂ; വനജേ!

അരു. (പ്രഭനോട്) വനജ വന്ന വിവരം അച്ഛനെ അറിയിക്കൂ.

(പ്രഭൻ വന്ദിച്ചു ചില ഗോഷ്ടികൾ കാട്ടിപ്പോകുന്നു)

വനജ. എന്ത്? ചേട്ടൻ മുഖത്തുകൂടി നേരെ നോക്കുന്നില്ലല്ലോ? വേണ്ട ചേട്ടാ. കത്തെഴുതിയാൽ മറുപടി അയക്കുന്ന പതിവേ ഇല്ല. അതു പോട്ടെ. അടുത്തു വന്നാലൊന്നു നോക്കുന്നതിന്നു പോലും ദയവില്ലാതായോ?

അരു. അസ്സലായി വ്യാഖ്യാനം! വനജേ, പരിഭവിക്കരുതു്. ബേററു് ഗട്ടിടുന്നതിൽ തെല്ലു് കൂടുതൽ ശ്രദ്ധവെച്ചു എന്നേയുള്ളു. അല്ലാതെ വനജയെ കണ്ടുകൂടാഞ്ഞിട്ടൊന്നുമല്ല. എന്തൊക്കെയായി പരീക്ഷ? എനിക്കെന്താ കൊണ്ടുവന്നിരിക്കുന്നതു്?

വനജ. (പുഞ്ചിരിയോടെ) എന്നെത്തന്നെ പോരെ?

അരു. നേരം പോക്കു് അധികമാകുന്നു. കാര്യം പറയൂ. വല്ലതും ഉണ്ടോ? ബേഗ് ബലൂൺപോലെ വല്ലാതെ വീർത്തിരിക്കുന്നുവല്ലൊ?

വനജ. ഉവ്വ്. എൻെറ പൂജാവിഗ്രഹത്തിന്നു വല്ലതും നിവേദിക്കാഞ്ഞാലോ?

(വനജ ബേഗ് തുറന്നു ഒരു കടലാസ്സ് പെട്ടിയെടുത്തു് അരുണന്നു സമ്മാനിക്കുന്നു. അരുണൻ അതു വാങ്ങി കൌതുകത്തോടെ തുറന്നു നോക്കുന്നു.)

അരു. ഓറഞ്ചോ? ഇപ്പോൾ അതിൻെറ സീസനല്ലല്ലൊ? (മണത്തുനോക്കുന്നു) എന്തു് ഇതോറഞ്ചല്ലേ? മണം തീരെയില്ല.

വനജ. (പരിഭവസ്വരത്തിൽ) മണവും ഗുണവുമെല്ലാം അതിന്നു കുറയും. ഒരനാഥബാലികയുടെ വിനീതോപഹാരമല്ലേ?

(പെട്ടെന്നവയിലൊന്നു് അരുണൻെറ കയ്യിൽ നിന്നു താഴെ വീഴുന്നു. അതു വീണിടത്തുനിന്നു് മേലോട്ടു പൊന്തുന്നു. അരുണൻ അതു നോക്കി ഉച്ചത്തിൽ ചിരിച്ചുംകൊണ്ടു്.)

അരു. വനജേ, ബ്രഹ്മാവിനെക്കൂടി അതിശയിപ്പിക്കുന്ന ഭവതിയുടെ കലാവിരുതിന്നു ആയിരം നമസ്കാരം! എന്തൊരു വിചിത്രവേല! ടെന്നീസ് ബോളിന്മേൽ കമ്പിളി നൂൽ കൊണ്ടു ഇത്രയും കമനീയമായി പിന്നിപ്പിടിപ്പിച്ചുവല്ലൊ? അത്ഭുതം! അടുത്ത പ്രദർശനത്തിന്നു് നിശ്ചയമായും ഞാനിതു പ്രദർ

ശിപ്പിക്കും. വനജയുടെ കീർത്തി വാനോളം ഉയരട്ടെ!

വനജ. (പരിഭവസ്വരത്തിൽ) മാനത്തോളം ഉയർത്തിയില്ലെങ്കിലും, അങ്ങയുടെ മനസ്സിന്റെ താഴ്ന്ന മൂലയിൽ ഒരു സ്ഥലം കിട്ടിയെങ്കിൽ ഇവളെത്ര ചരിതാർത്ഥയാകുമായിരുന്നു?

അരു. പരീക്ഷയെല്ലാം ഭംഗിയായി കഴിഞ്ഞില്ലേ?

വനജ. ഉവ്വ്, ചേട്ടന്റെയും അമ്മാവന്റെയും അനുഗ്രഹംകൊണ്ട് ഒരുവിധംനന്നായിച്ചെയ്തിട്ടുണ്ട്. ആ പരീക്ഷ സാരമില്ലല്ലൊ? ഈ പരീക്ഷയല്ലെ വിഷമിപ്പിക്കുന്നതു്?

അരു. ഏതാ ഈ പരീക്ഷ?

വനജ. ഒന്നുമില്ല ചേട്ടാ, ഞാനൊന്നും പറഞ്ഞില്ലെന്നു് വെച്ചേക്കണം. അമ്മാവൻഇവിടെഇല്ലേ? പ്രഭൻ മടങ്ങി വന്നില്ലല്ലൊ?

അരു. ഒരു പക്ഷെ പുറത്തേക്ക്പോയിരിക്കാം. ഭവതിയെന്താ മനസ്സിലാകത്തക്കവിധം പറയാതെ അർദ്ധോക്തിയിൽ വിരാമിച്ചതു്.

വനജ. (നെടുതായൊന്നു നിശ്വസിച്ചിട്ടു്) ചേട്ടാ, സൂര്യദേവനെത്തൊടാൻ നിശീഥിനി കൈനീട്ടിപ്പോയി അത്രേ ഉള്ളു.

അരു. ഓഹോ, മനസ്സിലായി മനസ്സിലായി; വനജേ, ഭവതി എന്നെ ഒരു ജ്യേഷ്ഠസഹോദരനെന്നു മാത്രം കരുതിയാൽ മതി. കാര്യങ്ങളെല്ലാം എങ്ങിനെ കലാശിക്കുമെന്നു് എനിക്കിപ്പോൾ തീർത്തുപറക വയ്യ. വനജയുടെ കത്തുകൾക്ക് മറുപടി അയക്കാഞ്ഞതും അതുകൊണ്ടുതന്നെയായിരുന്നു. ഇയ്യിടെയായി വരുന്ന കത്തുകളിൽ പ്രേമപ്രകടനങ്ങൾ തുളുമ്പിനില്ക്കുന്നതുകണ്ടു് ഞാൻ ലജ്ജിച്ചുപോയി.

വനജ. (സഗൗരവം) സഹോദരാ, ഹൃദയാലുക്കളിൽ കാലാനുക്രമം പ്രത്യക്ഷമാകുന്ന ഒരു നിസ്വാത്ഥ വികാരമാണ് പ്രേമം പ്രേമമെന്നെല്ലാം പറയുന്നതു്. അങ്ങയ്ക്കു് മനുഷ്യഹൃദയമില്ലായിരിക്കാം. ഈശ്വരൻ തന്നെ പ്രേമസ്വരൂപനല്ലെ?

അരു. വനജേ, ഉള്ളകാര്യം തുറന്നു പറയട്ടേ? സ്വയം തീരുമാനിക്കത്തക്ക നിലയിലല്ല എൻെറ വിവാഹകാര്യമിരിയ്ക്കുന്നതു്. എല്ലാം ഞാൻ അച്ഛൻെറ ഹിതത്തിന്നു് വിട്ടുകൊടുത്തുകഴിഞ്ഞു.

വനജ. (അത്ഭുതനൈരാശ്യങ്ങളോടെ) ഈ ഇരുപതാം നൂററാണ്ടിലോ?

അരു. അതേ, ഈ ഇരുപതാംനൂററാണ്ടിൽത്തന്നെ. എൻെറ അച്ഛൻ എനിക്കു ഈശ്വരനാണ്. അദ്ദേഹം കഷ്ടപ്പെട്ടതു് മററാക്കും വേണ്ടിയല്ല.

വനജ. ഇതാ, ഞാൻ, മുമ്പു് പറഞ്ഞതു്; ഈ പരീക്ഷ വളരെ വിഷമമാണെന്നു്. അതാ അമ്മാവൻ വരുന്നുണ്ടു്.

(അരവിന്ദപ്രഭു പ്രവേശിയ്ക്കുന്നു. അരുണനും വനജയും എഴുന്നേററുനിന്നു് വന്ദിക്കുന്നു. പ്രഭു പുഞ്ചിരിയോടെ രണ്ടു പേരേയും മാറിമാറി നോക്കുന്നു.)

അ. പ്ര ഓ വനജയോ? ഇന്നലെ വരുമെന്നല്ലെ കുഞ്ഞു എഴുതിയിരുന്നതു്? പരീക്ഷയെല്ലാം എങ്ങിനെയിരിക്കുന്നു?

വനജ. എല്ലാം വളരെ നന്നായിച്ചെയ്തിട്ടുണ്ടു്. ഇന്നലെ വരാമെന്നു തന്നെയാ കരുതിയതു്. പക്ഷെ പ്രിൻസിപ്പൽ മദാമ്മ ഒരു പാർട്ടിയ്ക്കു് ക്ഷണിക്കുകയുണ്ടായി. പാർട്ടി കഴിഞ്ഞു പോരുമ്പോൾ ഇനിയത്തെ കൊല്ലം ആ മിഷ്യൻ ഹോസ്പിററലിൽ ത്തന്നെ ഒരു ഡോക്ടരായിക്കൂടെ എന്നും ആ മഹതി എന്നോടു് ചോദിച്ചു.

അ. പ്ര ഹാ! ഹാ! അതുംകൂടിയുണ്ടായോ? എന്തേ മറുപടി പറഞ്ഞതു്?

വനജ. പരീക്ഷാഫലം അറിയട്ടെയെന്നു്.

അരു. ഇതുകണ്ടോ അച്ഛാ, വനജയുടെ സമ്മാനം!

(അരുണൻ വനജ സമ്മാനിച്ച റെറന്നീസ് ബോളുകൾ പ്രഭുവിന്നു കൊടുക്കുന്നു. പ്രഭു അവ വാങ്ങി സൂക്ഷ്മമായി പരിശോധിയ്ക്കുന്നു.)

അ. പ്ര വനജേ, തയ്യൽവേലയിലും നിനക്കിത്ര സാമർത്ഥ്യം കൈവന്നുവല്ലോ? ഞാനതു് ഇന്നു് മനസ്സിലാക്കുകയാണു്. മധുരനാരങ്ങയെന്നേ ആരും കണ്ടാൽ പറയൂ. അത്ഭുതം! വരൂ നമുക്കു് തളത്തിലേക്കു പോകാം.

കർട്ടൻ

## രംഗം 4.

(സ്ഥലം കുസുമാലയത്തിലെ ഉദ്യാന മണ്ഡപം. രമണി ചിന്താകുലയായി വെൺകളിർ തിണ്ണയിൽ, തണ്ടൊടിഞ്ഞ തണ്ടലർപോലെ ചാരിയിരിക്കുന്നു. സുമതി അടുത്തുനില്ക്കുന്നചില പുഷ്പവല്ലികൾക്കു് ജലസേചനം ചെയ്യുന്നു. സമയം പ്രഭാതം.)

രമണി. മൂന്നു നീണ്ട മാസങ്ങൾ മൂന്നു കൊച്ചുയുഗങ്ങൾ പോലെ ഇഴഞ്ഞുപോയി ഹാ! എന്റെ ഹൃദയമണിയറയിൽ പ്രേമദീപം കൊളുത്തി വെച്ച ആ പുരുഷപുംഗവന്റെ ഒരു വർത്തമാനം പോലും അറിയുന്നില്ല. എന്തുചെയ്യാം. അച്ഛനുമില്ല! മകനുമില്ല! എന്താണിതിന്റെ അർത്ഥം?

(സുമതി ഇതുകേട്ടു് ജലസേചനം നിറുത്തി മണ്ഡപത്തിലേയ്ക്കു വരുന്നു.)

സുമതി. ദേവീ, അധികം താമസിച്ചു പോയെന്നേ പറയാ

റായോ? കുസുമാലയത്തിൽ കുസുമശരൻ വിള യാടാൻ തുടങ്ങിയാൽ അങ്ങിനെത്തന്നെ ഇരിക്കും!

രമണി. എന്തു്? എന്തു്!! കുസുമശരനോ?

സുമതി. ഔഷധം പാകം ചെയ്തതു് കഴിഞ്ഞില്ലെങ്കിലോ? വീണ്ടും ഉണ്ടാക്കുമ്പോഴല്ലെ ലതക്കാവശ്യമാകുക?

(ചൂണ്ടുവിരൽ മൃദം കടിച്ചുകൊണ്ടു്)

സുമതി. ഓ! ഞാനൊന്നു പറയാൻ വിട്ടുപോയി! ദേവി മായാപുരത്തേക്കു പോയ അവസരത്തിൽ അരു ണോദയത്തിൽ നിന്നൊരു ഭൃത്യൻ സോമലതക്കു വേണ്ടി ഇവിടെ വന്നിരുന്നു.

രമണി. (രോഷഭാവത്തിൽ പുരികക്കൊടികളെ വളച്ചൊടിച്ചുകൊണ്ടു്) എന്തേ നീയിതുവരെ അതു പറയാഞ്ഞതു്? നിൻെറ ഓർമ്മക്കുറവു് ഇപ്പോഴും തുട ങ്ങിയതല്ലല്ലൊ?

സുമതി. ഓർമ്മക്കുറവൊന്നുമല്ല; ദേവിയുടെ ക്ഷമയെ ഒന്നു പരീക്ഷിച്ചിതാ.

രമണി. എന്തുപറഞ്ഞു? എൻെറ ക്ഷമയെ പരീക്ഷിച്ചുവെന്നോ?

(രമണി സുമതിയുടെ കൈത്തണ്ടിൽ സ്നേഹപൂർവ്വം നുള്ളുന്നു.)

രമണി. എന്താ മറുപടി പറഞ്ഞയച്ചതു്?

സുമതി. പ്രഭുവോ, മകനോ വരാതെ സോമലത തന്നയയ്ക്കുവാൻ നിവൃത്തിയില്ലെന്നു്.

രമണി. ഭേഷ്! ഭേഷ്! ഒരു ദോഷത്തിന്നു് നൂറു ഗുണം!

(ഒരു കാറിൻെറ ഹോറൻ കേൾക്കുന്നു. ഇരുവരും ശ്രദ്ധവെയ്ക്കുന്നു.)

സുമതി. കാറു് നമ്മുടെ ഗെയിററിൽ നിൽത്തിയെന്നാ തോന്നുന്നതു്. ആരോ വരുന്നുണ്ടു്!

രമണി. അറിഞ്ഞുവാ.

സുമതി. (സുമതിപോകുന്നു; തൽക്ഷണം മടങ്ങിവരുന്നു.) പ്രഭു

തങ്ങന്നയാണിറങ്ങി പുറപ്പെട്ടിരിക്കുന്നതു്-അര വിന്ദപ്രഭു!!

രമണി. എൻെറ ആശാലതേ, ഇനി നിനക്കു് തളിർത്തു പൂക്കാം. ഞാൻ തന്നെ പോയി സ്വാഗതം ചെയ്യട്ടെ.

(രമണി ഗെയിററിലേയ്ക്കും സഖി അകത്തേയ്ക്കും പോകുന്നു. പ്രഭുവും പ്രഭനും പ്രവേശിയ്ക്കുന്നു.)

രമണി. (തൊഴുകയ്യുമായി) അവിടുന്നെല്ലാം ഇങ്ങോട്ടിറങ്ങുന്നതു് ഞങ്ങളുടെ ഭാഗ്യമെന്നേ പറയാവൂ!

അ. പ്ര വരാതെ നിർവ്വാഹമില്ലെങ്കിൽ വരികതന്നെ.

(പ്രഭു രമണിയുടെ സൌന്ദര്യവിലാസത്തിൽ അത്ഭുതപരതന്ത്രനായി നില്ക്കുന്നു. പോക്കററു് തപ്പിനോക്കുന്നു.)

അ. പ്ര പ്രഭാകരാ! കാറിൽ നിന്നെൻെറ കണ്ണടയെടുത്തില്ലേ?

പ്രഭൻ. ഇല്ല, എടുക്കാൻ വിട്ടുപോയി, വല്യേമാൻ. (പോകുന്നു.)

പ്രഭൻ. വയസ്സൻെറകണ്ണു മഞ്ഞളിച്ചെന്നാ തോന്നണതു്

(ചില ഗോഷ്ടികൾ കാണിച്ചു പിറുപിറുക്കുന്നു. രമണിയും പ്രഭുവും കൂടി പൂമുഖത്തേയ്ക്കു വരുന്നു.)

രമണി. അവിടുന്നു് ദയവുണ്ടായി ഇരിക്കണം.

(രമണി ഒരു ചന്ദനസോഫ കാണിക്കുന്നു-പ്രഭു ഇരിയ്ക്കുന്നു.)

രമണി. സോമലത അതിൻെറ ദിവ്യശക്തി തികച്ചും പ്രത്യക്ഷപ്പെടുത്തി എന്നറിയുന്നതിൽ വളരെ സന്തോഷമുണ്ടു്.

അ. പ്ര അതേ സിദ്ധൌഷധം തന്നെ! രമണീ! എനിയ്ക്കു് ഇവിടെ വരുവാൻ സാധിച്ചതിൽ അതിലും അധികം സന്തോഷമാണു് തോന്നുന്നതു്.

അ. പ്ര (നാലുപാടും പകച്ചു നോക്കികൊണ്ടു്) എനിയ്ക്കു് സോമലത സമ്മാനിച്ചതിന്നു പകരം എന്താണു്

ഭവതിയ്ക്കു സംഭാവന ചെയ്യേണ്ടതെന്ന് മനസ്സി ലാകുന്നില്ല.

രമണി. അത്രയൊന്നും വിചാരിക്കാനില്ല. ഈ ലത നട്ടു പിടിപ്പിച്ചാൽ പിന്നൊരിക്കലും വേരററുപോക പതിവില്ല. തല:വേദനയുടെ കാഠിന്യം തീരെ കു റഞ്ഞതുകൊണ്ട് അങ്ങക്കിതിനോട്ട് അതിരററ അഭിനിവേശം തോന്നിയതാവാം.

അ. പ്ര അതെ അതെ. ദേവസ്ത്രീകൾക്ക് പാരിജാത ത്തിന്റെ സുവർണ്ണപുഷ്പങ്ങൾ വെറും ഉണക്കപ്പു ല്ലുകളാണെന്നു കേട്ടിട്ടുണ്ട്. രമണി എന്താ കുററ സമ്മതം ചെയ്യുന്ന ഒരു പ്രതിയെപ്പോലെ നിന്നി ടത്തു തന്നെ നില്ക്കുന്നതു്? ഇരിക്കണം.

രമണി. ഞാനിവിടെ നിന്നുകൊള്ളാം. അവിടത്തെ മഹ നീയ സന്നിധിയിൽ ഇരിക്കുകയോ?

അ. പ്ര പരിഷ്കൃത ബുദ്ധികളായ നിങ്ങളെപ്പോലുള്ള വർക്ക്‌വേണ്ട ആചാരമല്ല, ഇതു്.

(രമണി അടുത്തു കിടക്കുന്ന ഒരു ചൂരൽ കസേലമേൽ ഇരിക്കാൻ ഭാവിക്കുന്നു.)

അ. പ്ര ഈ സോഫയിൽ തന്നെ ഇരിക്കാമല്ലൊ? തില കമണിയേണ്ടതു് നെററിമേലല്ലേ?

രമണി പ്രഭോ! അതുവേണ്ട. ഞാനിവിടെത്തന്നെ ഇരുന്നുകൊള്ളാം

(ഒരു ചൂരൽ കസേലമേൽ ഇരിക്കുന്നു.)

അ. പ്ര നാം തമ്മിൽ അഞ്ചാറുനാഴികക്കുള്ള ദൂരമേ ഉ ള്ളുവെങ്കിലും ഇതുവരെ പരിചയപ്പെടാൻ സാ ധിക്കാത്തതിൽ വളരെ വിഷാദമുണ്ട്. കഷ്ടം! എന്റെ സായാഹ്നയാത്ര അന്നദിനം ഈ കസു മാലയത്തിലേയ്ക്കു തന്നെ തുടന്നെങ്കിൽ ഈ തല വേദന ഉണ്ടാകയേ ഇല്ല. ഹാ! എന്ത് മനോ

രംഗം 4.

ഹരമായ പുഷ്പവാടി. അരുണൻ അന്ന് പ്രസ്താവിച്ചതിൽ അതിശയോക്തി ഒട്ടുമില്ല. ഉദ്യാനമദ്ധ്യത്തിൽ ഉലാത്തിയിരുന്ന ഭവതിയെ കണ്ടപ്പോഠം അശോകവനികയിലെ മണ്ഡോദരിയോ നന്ദനോദ്യാനത്തിലെ ഇന്ദ്രാണിയോ എന്നു ഞാൻ സംശയിച്ചുപോയി.

രമണി. ഈ പ്രായമായിട്ടും അങ്ങയുടെ ഫലിതമയമായ വിനോദവാക്കുകഠംക്ക് കുറവൊന്നും വന്നില്ലല്ലോ?

അ. പ്ര എന്തു്? പ്രായമായെന്നോ? അബദ്ധം പരമാബദ്ധം! ഇതൊരു പ്രായമാണോ? രമണി! നൂററിരുപതു വയസ്സ് അല്ലെ ഒരു പുരുഷായുസ്സ്? എൻെറ ഷഷ്ടിപൂത്തി കഴിഞ്ഞിട്ട് കൊല്ലമൊന്നു തികഞ്ഞിട്ടില്ല. ജരയും നരയും എൻെറ ദേഹത്തിൽ എത്തിനോക്കീട്ടുപോലുമില്ല. യഥാത്ഥത്തിൽ ഒരു പുരുഷൻെറ യൌവ്വനത്തിൻെറ പരിപൂണ്ണകാലമാണ് അറുപതു്.

രമണി. ഇതെല്ലാം പുതിയ കണ്ടുപിടുത്തമായിരിക്കാം.

അ. പ്ര ഹാ! ഹാ! ഹാ! (ഉച്ചത്തിൽ ചിരിക്കുന്നു) ഒരാഠംക്കു മുപ്പതു്വയസ്സെന്നു തന്നെ ധരിക്കുക. അയാഠംക്കാരോഗ്യമില്ലെങ്കിലോ? പിന്നെ പ്രായക്കുറവ് കൊണ്ടെന്താ പ്രയോജനം ആരോഗ്യമാണ് ഏററവും പ്രധാനം!

രമണി. വാസ്തവം ആരോഗ്യം ഒരമൂല്യനിധിതന്നെയാണ്

അ. പ്ര അതേ,- അതു സമ്മതിയ്ക്കും, ആദ്യം. രമണി! ഈ സോഫയിൽ ഇരിക്കുന്നു്! ഒരു രഹസ്യകാര്യം പറയട്ടെ?

രമണി. ഇവിടെ മററാരുമില്ലല്ലൊ? അവിടെ ഇരുന്നു തന്നെ അങ്ങക്കെന്തും പറയാം.

(പ്രബല വികീകണ്ണോടെ ചുററം നോക്കുന്നു.)

അ. പ്ര രമണി! ഭവതിയുടെ അതിരും എതിരുമില്ലാത്ത സൌന്ദര്യം എൻെറ ഹൃദയത്തെ ഒരു കുട്ടായ്മ കവെച്ചുതന്നെ ചെയ്യുന്നു.

രമണി. ഇവളുടെ പരമഭാഗ്യം!

(പ്രളവിൻെറ മനോമർമ്മങ്ങളെ പിളക്കത്തക്കവണ്ണം ഒരു കടാക്ഷശരം വിട്ടുകൊണ്ടു് രമണി പുഞ്ചിരി തൂകുന്നു)

രമണി. എനിക്കൊന്നും മനസ്സിലാകുന്നില്ല.

അ. പ്ര എന്തിനധികം വളഞ്ഞുപോകുന്നു. തുറന്നങ്ങു പറഞ്ഞേക്കാം സോമലതയ്ക്കു് പ്രതിസമ്മാനം പ്രേമലതയാക്കിയാലൊ എന്നാണു് ഞാൻ വിചാരിക്കുന്നതു്.

(നിലത്തെറിഞ്ഞ റബ്ബർ കട്ടിപോലെ രമണി ഞെട്ടിയെഴുന്നേററു് പകച്ചു നില്ക്കുന്നു.)

രമണി. എന്തു്! എന്നെ പ്രേമിക്കുകയോ? കഷ്ടം!

അ. പ്ര രാമനേ! ഒട്ടും വിസമ്മതിക്കരുതു്. സകല ചരാചരങ്ങൾക്കും വായുവാണു് പ്രാണൻ. എന്നാൽ ഈ നിമിഷം മുതൽ എനിയ്ക്കു രമണിയാണു് പ്രാണൻ. അതു മനസ്സിലാക്കണം.

രമണി. ഞാനിതുവരെ, ആരുടേയും ഓമനയായിട്ടില്ല. പിന്നെ ഇതെനിക്കു സ്മരിക്കക്കൂടി വയ്യാ. എൻെറ അപ്പനേയോ, മുത്തപ്പനേയൊ പോലെയുള്ള ഓരാൾക്കു ഭാര്യയായിരിക്കുക സാഹസം! ആരും കേൾക്കാഞ്ഞതു് നന്നായി. (നെടുവീർപ്പിടുന്നു)

അ. പ്ര അയ്യോ! സാധുകുട്ടി, നിൻെറ ചെന്തളിർച്ചുണ്ടുകൾ നെടുവീർപ്പിൻെറ ചൂടുതട്ടി വാടുന്നുവോ? രമണി ഞാനിപ്പറയുന്നതു് ഒന്നു കേൾക്കു. വകതിരിവില്ലാതെ സംസാരിക്കുന്നുവല്ലോ? തളിർത്തു കുളിർത്ത മാചതീലത വയസ്സുചെന്ന ആ മാകന്ദവൃക്ഷത്തെ ആലിംഗനം ചെയ്യുന്നതു് ഈ ഉദ്യാ

നത്തിൽ തന്നെ നീ എന്നും കാണുന്നതല്ലേ? ഒന്നു നോക്കൂ. (ചൂണ്ടിക്കാണിയ്ക്കുന്നു.)

രമണി. പ്രഭോ! അങ്ങുന്ന് ഈ വിഷമസന്ധിയിൽ എന്നെ നിർബ്ബന്ധിക്കരുതേ.

അ. പ്ര രമണീ, പ്രിയപ്പെട്ട രമണീ! നിൻെറ നിറഞ്ഞ സൌന്ദര്യം എൻെറ ജീവസിരകളിൽ ഒരു നവ ചൈതന്യം കുത്തിവെയ്ക്കുന്നു. മാത്രമല്ല, എൻെറ അററമററ സ്വത്തിൻെറ അൎദ്ധഭാഗവും നിൻെറ ചേവടികളിൽ അടിയറ വെക്കുവാൻപോലും ഞാൻ ഒരുക്കമാണ്. ഇനി എന്താ ഈ ഭക്തൻ ചെയ്യേണ്ടത്?

രമണി. പ്രഭോ! ഈ വിഷമപ്രശ്നത്തെപ്പററി നല്ലവണ്ണം ആലോചിച്ച് എൻെറ പ്രിയസഖി സുമതി വഴി അങ്ങയെ വിവരമറിയിക്കാം; അങ്ങല്പം ക്ഷമിക്കണം.

(സുമതി പ്രവേശിയ്ക്കുന്നു)

അ. പ്ര ആലോചനകൊണ്ട് കാലം വൈകിച്ചാൽ പ്രേമത്തിൻെറ കോടതി ഭവതിയെ ഭാവിയിൽ വിസ്തരിക്കാതിരിക്കയില്ല. നിശ്ചയം!

(പ്രഭു സുമതിയെ നോക്കിക്കൊണ്ട് എഴുന്നേല്ക്കുന്നു.)

അ. പ്ര സുമതീ, നിൻെറമുഖത്തു നിന്നുവേണം ആ മംഗളശബ്ദമുയരുവാൻ. അന്നത്രെ താമരത്തണ്ടുപോലെ ലോലമായ നിൻെറ കണ്ഠം കനകാഭരണങ്ങളാൽ കൊണ്ടു കമനീയമാകുക. മംഗളം ഭവിക്കട്ടെ.

(പ്രഭൻ തൊഴുകയ്യുമായി വന്നു നില്ക്കുന്നു)

പ്രഭൻ. വല്യങ്ങുന്നേ, ഞാൻ കാറുമുഴുവനും തെരഞ്ഞു. സീററിന്നടിയിലും, ലൈററിന്നുള്ളിലും, മൺഗാഡിലും, സൈഡിലും, റേറാപ്പിലും മററും മററും കണ്ണട കണ്ടേ ഇല്ല.

അ പ്ര എന്നാൽ എടുക്കാൻ മറന്നിരിയ്ക്കും.

(പ്രഭു പോകുന്നു. പ്രഭൻ അനുഗമിക്കുന്നു. രമണിയും സുമതിയും വന്ദിച്ചുനില്ക്കുന്നു.)

പ്രഭൻ. (മന്ദസ്വരത്തിൽ) സോമലതയ്ക്കുവേണ്ടി വന്ന വരവ് അതി വിശേഷായി.

രമണി. ഇതു് നല്ലൊരു ബാധ! കിഴവൻ വല്ലാതെ ഭ്രമിച്ചിരിക്കുന്നല്ലൊ സഖി? കാമാവേശം കൊണ്ടുള്ള ഒരു ഭൂകമ്പമാണിക്കഴിഞ്ഞതു്.

സുമതി. ദേവി എന്തുവിചാരിക്കുന്നു?

രമണി. (ചൊടിച്ചുകൊണ്ടു) മകനെ വരിക്കുന്നതിന്നു പകരം അച്ഛനേയൊ? ബലേ! ഭേഷ്!! അതോക്കുമ്പോൾ എൻെറ തലയ്ക്കു ഭ്രാന്തു പിടിയ്ക്കുന്നു.

സുമതി. (ഗൌരവഭാവത്തിൽ) പത്തിരുപതു ലക്ഷം ൟരുപയുടെ സ്വത്തു് തീരെ ഉപേക്ഷിക്കയോ?

രമണി. പണം എനിക്ക് പ്രാണനാണെങ്കിലും, ഈ സംഗതിയിൽ തൃണമാണു്. ഹാ! അരുണൻ! എൻെറ ഹൃദയപങ്കജത്തിനു് സാക്ഷാൽ അരുണൻ അസ്തമിക്കാത്ത കാലത്തോളം ഈ രമണി അദ്ദേഹത്തിൻെറയത്രെ. മററാരുടേയുമല്ല.

സുമതി. ദേവീ. ഞാനൊന്നു പറയട്ടെ വിവാഹം ഒരു വലിയ പ്രശ്നമാണു്. ദാമ്പത്യധർമ്മം ഒരു കര കാണാത്ത കടലും. വെറും ബാഹ്യസൗന്ദര്യത്തിൽ മാത്രം ഭ്രമിച്ചു്, വിവാഹബന്ധത്തിലേപ്പെട്ടു് ഒടുവിൽ തെരുവും തിണ്ണയുമായി അലയുന്ന യുവമിഥുനങ്ങളെ എനിക്കറിയാം.

രമണി. പണംമോഹിച്ചു്,പടുവൃദ്ധനെവരിക്കണമെന്നോ നീ പറയുന്നതു്? അരുണൻ, പ്രഭുവിൻെറ സ്വത്തിനുള്ള ഏകാവകാശിയല്ലെ?

സുമതി. സ്വത്തു മുഴുവനും അരവിന്ദപ്രഭുവിൻെറ സ്വാർ

ജ്ജിതമാകയാൽ അദ്ദേഹത്തിന്നിഷ്ടമാണെങ്കിൽ ഈ എനിയ്ക്കും അതനുഭവിച്ചുകൂടെന്നില്ല. അത്ര മാത്രമേ അരുണനും സ്വത്തുമായി ബന്ധമുള്ളു. ദേവീ, ആലിംഗനം ചെയ്വാൻ കരങ്ങൾ നീട്ടി അടുക്കുന്ന മഹാലക്ഷ്മിയെ തട്ടിമാററി ചേട്ടാഭഗവതിയ്ക്കു് സ്ഥലം അനുവദിക്കുകയൊ? വിഡ്ഢിത്തം! വിഡ്ഢിത്തം!

രമണി. എന്നാൽ പണത്തിന്നുവേണ്ടി പരിപാവനമായ പ്രേമത്തെ ബലികഴിക്കുന്നതു് പരമ വിഡ്ഢിത്തമല്ലെ?

(സുമതി രമണിയുടെ അടുത്തുചെന്നു് ചെവിയിലെന്തോ മന്ത്രിയ്ക്കുന്നു. രമണി അതു് സശ്രദ്ധം കേൾക്കുന്നു. അർത്ഥം വെച്ചു മൂളുന്നു. ഉടനെ പ്രസന്നവദനയാകുന്നു.)

രമണി. സഖീ, നല്ല ഒന്നാന്തരം യുക്തി! ഈ വിവേകബുദ്ധിയ്ക്കു് വന്ദനം! നിന്റെ വാക്കുപോലെത്തന്നെ ഞാൻ പ്രവർത്തിച്ചുകൊള്ളാം. നീ പ്രിയംവദ തന്നെ. ഈ കൊച്ചു തലയിൽ ഇത്തരം വലിയ യുക്തികൾ അടങ്ങിയിരിക്കുന്നുണ്ടല്ലൊ? അത്ഭുതം! (രമണി സുമതിയുടെ ശിരസ്സിൽ മന്ദം മന്ദം തലോടുന്നു) പറയാം നിനക്കഭിമാനത്തോടുകൂടെ അരവിന്ദപ്രഭുവിനോടു പറയാം; നിന്റെ ദേവിയ്ക്കു് പരിപൂർണ്ണ സമ്മതമാണെന്നു്.

കർട്ടൻ.

## രംഗം 5.

(സ്ഥലം അരുണോദയത്തിൽ അരവിന്ദപ്രഭുവിന്റെ മണിയറ. ഒരു വലിയ നിലക്കണ്ണാടിയുടെമുമ്പിൽ ആഡംബരവിഭൂഷിതനായി പ്രഭു നില്ക്കുന്നു. അവിടവിടെ വെള്ളിക്കമ്പികൾ പാകിത്തുടങ്ങിയതലമുടിയിൽ അഞ്ജനച്ചാന്തു് പൂശിക്കൊ

വാൻ ശ്രമിക്കുന്നു. മേശപ്പുറത്തിരിക്കുന്ന സുഗന്ധദ്രവ്യങ്ങളിൽ ചിലതെടുത്തു് മുഖത്തും വസ്ത്രങ്ങളിലും തളിക്കുന്നു. ഷോറം ചുമലിൽ ഭംഗിയായി ഇടുന്നു. വീണ്ടും വീണ്ടും കണ്ണാടിനോക്കി കടാക്ഷിക്കുന്നു.)

അ. പ്ര (പതുക്കെ) ഇതാണു് ഭാഗ്യം! അഥവാ മഹാഭാഗ്യം! കാൽ ശതാബ്ദത്തോളം മരുഭൂമിയിൽ ജീവിച്ച ഞാൻ ഒരു നന്ദനോദ്യാനത്തിലേക്കല്ലെ പോകുന്നതു്? എൻെറ ഹൃദയദേവതേ! ഭവതി എന്നെ ഉപേക്ഷിക്കുമോ? എൻെറ അളവററ സ്നേഹത്തിൽ നിൻെറ മീനൊളിക്കണ്ണുകൾ മഞ്ഞളിക്കാതിരിക്കുമോ? ഇല്ല. ഒരിക്കലും ഇല്ല; അവളത്രയ്ക്കു് വിവേകശൂന്യയല്ല.

(അരുണൻ പ്രവേശിക്കുന്നു. അച്ഛൻെറ മുമ്പിൽ വണങ്ങി നില്ക്കുന്നു)

അരു. എന്താണച്ഛാ, ഇന്നൊരു പ്രത്യേക വേഷാലങ്കാരം? എവിടേക്കാ ഒരു അസാധാരണ കല്യാണയാത്ര?

അ. പ്ര (കോപിച്ച്) അധികപ്രസംഗി! കല്യാണയാത്രയെന്നോ?

അരു. (അത്ഭുതത്തോടെ) എന്താ തലയിൽ പൂശിയിരിക്കുന്നതു്? ഭഗവാനേ! തലമുടി വണ്ടിൻപുറംപോലെ ചീകി മിനുക്കിയിരിക്കുന്നല്ലോ? ഇങ്ങനെ കണ്ടതൊക്കെ തലയിൽവെച്ചുതേച്ചു് മാറിപ്പോയ ആ തലവേദനയെ വിളിച്ചുവരുത്തേണ്ട, പറയാം.

അ. പ്ര (കോപാകുലനായി) എടാ നിയ്യോ, എനിക്കു് ബുദ്ധി ഉപദേശിക്കാൻ? ലാളിച്ച് ലാളിച്ച് നീയിത്ര അധികം ഉയൎന്നുവോ? നിൻെറ ഡംഭം ഞാൻ കുറയ്ക്കുന്നുണ്ടു്. ഈ വാൎദ്ധക്യകാലത്തു് എന്നെ പരിചരിയ്ക്കുന്നതിന്നു് ഒരു സ്ത്രീയുടെ സാന്നിദ്ധ്യം

കൂടിയേ കഴിയൂ. ഇതുവരെ നിൻെറ ക്ഷേമത്തിനുവേണ്ടി ഞാനങ്ങു് ശ്രമിച്ചു. ഏകപുത്രൻ അപുത്രൻ എന്ന പ്രമാണം എത്ര വാസ്തവം! അതുകൊണ്ടു് അരുണാ, ഞാൻ വിവാഹം കഴിക്കാൻ നിശ്ചയിച്ചിരിക്കുന്നു.

അരു. അവിടത്തെ ഇഷ്ടം. അച്ഛാ, അങ്ങെന്തിനാണിത്ര ക്ഷോഭിക്കുന്നതു്? കലങ്ങിമറിഞ്ഞ ചെന്താമരപ്പൊയ്കപോലെ അവിടത്തെ നേത്രങ്ങൾ കലുഷങ്ങളായിരിക്കുന്നുവല്ലൊ? എനിയ്ക്കു് ഭയം തോന്നുന്നു. ഈ ഓമനമകൻ അവിടേയ്ക്കു് ഇത്ര അധികം അനിഷ്ടമുണ്ടാക്കുന്ന എന്തവിവേകം പ്രവർത്തിച്ചു?

(അരുണൻ പരിഭ്രമിച്ചുകൊണ്ടു് പ്രഭുവിൻെറ മുഖത്തേയ്ക്കു് ഉററുനോക്കുന്നു)

അ. പ്ര മതി മതി; നിൻെറ ന്യായവാദങ്ങളും നീതിവാക്യങ്ങളും!

അരു. മാറിപ്പോയ തലവേദനയെ വിളിച്ചുവരുത്തേണ്ട എന്നുപറഞ്ഞതു അവിവേകമായെങ്കിൽ എനിക്കു് മാപ്പുതരണം. അച്ഛനോടുള്ള സ്നേഹാദരങ്ങൾ കൊണ്ടു് പറഞ്ഞുപോയതാണു്.

അ പ്ര (പൂർവ്വാധികം കോപത്തോടെ) ശരി! നിനക്കീവിധം പറയുന്നതിന്നുധൈര്യംവരുത്തിയ ഞാനാ മാപ്പു ചോദിക്കേണ്ടതു്; ധിക്കാരി! നിൻെറ വിദ്ധ്യാഭ്യാസത്തിന്നു് ചെലവു് ചെയ്ത പണംകൊണ്ടു് നായ്ക്കളെ വളത്തിയെങ്കിൽ എത്ര നന്നായിരുന്നു?

അരു. ഇതുവരെ അച്ഛനെ ഈശ്വരനെപ്പോലെ സ്നേഹിച്ചും മാനിച്ചും കഴിഞ്ഞതിൻെറ ഫലമായിരിയ്ക്കാം. നിരപരാധിയായ എന്നെപ്പററി അച്ഛനെന്തുതന്നെ ദോഷാരോപണങ്ങൾ ചെയ്താലും അ

ചലംപോലെ അചഞ്ചലമായ അരുണൻെറ പി
തൃഭക്തിയ്ക്കു് അണുമാത്രം കുറവുണ്ടാകയില്ല.

അ. പ്ര. ഏടാ അധികപ്രസംഗി! നിൻെറ കല്ലുവെച്ച വാക്കുകൾ എൻെറ കണ്ണുകളിൽ ക്രൂരമ്പുകൾ കോരിച്ചൊരിയുന്നു.

അരു. തണുവും തെളിവുമേറിയ വെള്ളത്തുള്ളികൾ വർഷിച്ചിരുന്ന മേഘങ്ങളിൽനിന്നു് അയ്യോ! ഇടിത്തീയ്യ് വീഴുന്നതും കാണേണ്ടിവന്നല്ലൊ?

അ. പ്ര തെമ്മാടി! നിൻെറ പ്രസംഗങ്ങൾ എന്നെ ഉന്മാദിയാക്കിത്തീർക്കുന്നു. മാറിപ്പോ!

(അരുണൻ ഇച്ഛാഭംഗത്തോടെ പിന്നോക്കം നോക്കി നോക്കിപ്പോകുന്നു. പ്രഭു വീണ്ടും കണ്ണാടിനോക്കി മുടിചീകി മിനുസമാക്കുന്നു. പ്രഭൻ പ്രവേശിക്കുന്നു.)

പ്രഭൻ. (തൊഴുതുകൊണ്ടു്) വല്യങ്ങുന്നേ, ഒരു സ്ത്രീ അങ്ങയെ കാണാൻ അവസരം കാത്തു നില്ക്കുന്നു.

അ. പ്ര എന്നാൽ വരാൻ പറയൂ.

(പ്രഭൻ പോകുന്നു. സുമതി കൊഞ്ചിക്കുഴഞ്ഞു പ്രവേശിച്ചു് പ്രഭുവിനെ വന്ദിക്കുന്നു.)

അ. പ്ര. ഓ സുമതിയോ? കൊള്ളാം ഇപ്പോഴെങ്കിലും ഇവിടേക്കൊന്നു് വരാൻ തോന്നിയല്ലൊ! വളരെ നന്നായി. എത്ര ദിവസമായി ഞാൻ കാത്തിരിക്കുന്നു? എന്തൊക്കെയാ വിശേഷങ്ങൾ കേൾക്കട്ടെ

സുമതി. പ്രഭോ, അവിടത്തെപ്പററിയുള്ള വർത്തമാനങ്ങളെ ഇയ്യിടെയായി എൻെറ ദേവിയ്ക്കുള്ളൂ.

അ. പ്ര വളരെനല്ലതു്. നിൻെറ വരവു് എൻെറ പ്രേമഹൃദയത്തിന്നു് ഒരു വേലിയേററമാണു്. ദേവി എന്തുപറയുന്നു?

സുമതി. അങ്ങയുടെ ധനദാനാദികൾ ഓരോന്നായി വിസ്ത

രിയ്ക്കുക മാത്രം. ദേവി നേരെ ഉറങ്ങീട്ടുതന്നെ രണ്ടാഴ്ചയോളമായി. എപ്പോഴും ഈ ഒരു ചിന്ത!

അ. പ്ര എന്തു പ്രതിഫലം നിനക്കു തന്നാലും എന്റെ സന്തോഷം; അല്ല, കൃതജ്ഞത മുഴുവനാകില്ല. വിവാഹദിവസത്തെപ്പററി വല്ലതും പറഞ്ഞോ?

സുമതി. ഇല്ല; എന്തൊരു മാററമാണ് അങ്ങയിൽ രണ്ടാഴ്ചകൊണ്ട് വന്നുചേൎന്നിരിക്കുന്നതു്? ദേവിയുടെ ഒരു ദൎശനം അവിടത്തെ ഇത്രത്തോളം ഉന്മേഷഭരിതനാക്കിയെങ്കിൽ ആ സുന്ദരീരത്നവുമായുള്ള നിരന്തരസഹവാസം മൂലം അങ്ങ് എത്ര പരിഷ്കൃതനായിത്തീരുകയില്ലാ?

അ. പ്ര നീ ഇങ്ങോട്ടുപോരുമ്പോൾ രമണി എന്തുചെയ്യുകയായിരുന്നു?

സുമതി അതോ! ഒരു വെൺപട്ടു കൈലേസിൽ തങ്കനീരാളപ്പട്ടുനൂൽകൊണ്ട് അരവിന്ദപ്രഭ എന്ന് ഭംഗിയിൽ തയ്ക്കുകയായിരുന്നു.

അ. പ്ര സുമതീ രമണി എന്നിൽ വല്ലാതെ ഭ്രമിച്ചിട്ടുണ്ട്, ഇല്ലേ?

സുമതി പിന്നില്ല്യേ? അതാണ് സുമതിയുടെ മതിബലം! പക്ഷേ,

അ. പ്ര (ഉൽക്കണ്ഠയോടെ) എന്താണുപക്ഷെ?

സുമതി. അതാ ഞാനിങ്ങോട്ടു പോന്നതു്. അല്ല, എന്നെ പറഞ്ഞയച്ചതു്.

അ. പ്ര എന്തു്! എന്തു! വേഗം പറയൂ! പീരങ്കിയുണ്ട സഹിക്കാം എന്നാൽ രമണിയുടെ അപ്രിയം കലൎന്ന ഒരു ശബ്ദം കേൾക്കുവാൻ എനിയ്ക്കു തീരെ ശക്തിയില്ല. ഒട്ടും അമാന്തിക്കരുതു്. പറയൂ ആ പക്ഷെ എന്തെന്നു്?

സുമതി. (അലക്ഷ്യഭാവത്തിൽ) മറെറാന്നുമല്ല പ്രഭോ! അ

ജയുടെ സ്വത്തെല്ലാം ദേവിയുടെ പേക്കൊരു "വിൽ" എഴുതണമെന്നു മാത്രം.

അ. പ്ര അത്രേയുള്ളൂ! ഞാനെന്തൊക്കെയോ എന്നു ശങ്കിച്ചുപോയി!

സുമതി. ഇനി ഒട്ടും വൈകിക്കാതെ ഇയ്യിവളെ യാത്രയാക്കണം.

അ. പ്ര ഞാനിപ്പോഠം വരാം ഇവിടെ ഇരിക്കു (അകത്തേക്കുപോകുന്നു.)

സുമതി. നല്ല പ്രഭു പ്രഭു! വിടപ്രഭുതന്നെ! കഷ്ടം! ആദ്യമായി കാണുന്ന ഒരന്യസ്ത്രീക്കുവേണ്ടി ഭക്തശിരോമണിയായ ഒരു സൽപുത്രനെ കേവലം വിസ്മരിച്ചു് സ്വത്തെല്ലാം ഇഷ്ടദാനം ചെയ്യുക. ഹായ്! ആലോചിക്കാൻ വയ്യേ, ഇത്തരം പുരുഷവിഡ്ഢികളും ഉണ്ടല്ലൊ ലോകത്തിൽ? നിലാവിനെ പാലെന്നു കരുതി നക്കുവാൻ തുനിയുന്ന മൂഢമാർജ്ജാരൻ! രമണീദേവി-അതെന്തൊരു സൌന്ദര്യക്കാളസർപ്പം! അതിൻെറ ചീററലേററാലുണ്ടോ ഈ അരവിന്ദസൂനം കരിഞ്ഞു ചാമ്പലാകാതിരിക്കുന്നു? അതിന്നു് ജ്യോതിർമ്മണിയായ അരുണദേവൻതന്നെ പ്രസാദിക്കണം.

(പ്രഭു ഒരു മനോഹര മുത്തുമാലയുമായി പ്രവേശിക്കുന്നു)

അ. പ്ര സുമതി, നിൻെറ പ്രയത്നങ്ങഠം അമൂല്യങ്ങഠം തന്നെ. അതിന്നു് ഞാനെന്നും കൃതജ്ഞനാണു്. എങ്കിലും ഈ ചെറിയ സമ്മാനം സ്വീകരിക്കുക.

സുമതി. അവിടുത്തെ ഇഷ്ടം (മാലവാങ്ങുന്നു)

അ. പ്ര. നാളെത്തന്നെ ഞാനങ്ങോട്ടു പുറപ്പെടുമെന്നു് പറഞ്ഞേക്കു.

സുമതി. നേരത്തെ ഉണർത്തിച്ച രഹസ്യത്തിൻെറ കാര്യം മറക്കില്ലല്ലൊ?

അ. പ്ര ഇല്ല; അതും ഞാൻ വരുമ്പോൾ കൊണ്ടുവരും
(സുമതി പ്രഭുവിനെ വന്ദിച്ചുപോകുന്നു)

കർട്ടൻ

## രംഗം 6

(സ്ഥലം അരുണോദയത്തിൽ അരുണൻെറ മുറി. സമയം, രാത്രി 10 മണി കഴിഞ്ഞു. ചന്ദ്രൻ ഉദിച്ചുയൎന്ന് എങ്ങും പാലൊളി പരത്തിക്കൊണ്ടിരുന്നതിനാൽ സൎവ്വവും വെള്ളിയിൽ വാൎത്തെടുത്തപോലെ കമനീയമായി കാണപ്പെടുന്നു. അരുണൻ ഒരു ചാരുകസേലയിൽ ചിന്താമഗ്നനായിരിക്കുന്നു)

അരു. എന്തെല്ലാം ഭാവഭേദങ്ങളാണ് അച്ഛനിൽ തെളിഞ്ഞു കാണുന്നത്? ഇതിനെല്ലാം കാരണമെന്തായിരിക്കും? ആ മഹാ വിപ്ലവഹേതുവെന്തെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ലല്ലൊ? ശാരദാകാശത്തിൽ ഈ കരിങ്കാർ നിരകൾ എവിടെനിന്നു പാഞ്ഞുകയറി? കരുണാസമുദ്രമായ അദ്ദേഹം ഏതൊരു ബഡവാഗ്നികൊണ്ടാണ് ഇങ്ങിനെ വററിവരണ്ട മരുഭൂമിയായിത്തീൎന്നത്? (എഴുന്നേല്ക്കുന്നു)
വിവാഹം എന്ന പദത്തെ ഒരു പിശാചിയെ എന്നപോലെ വെറുത്തിരുന്ന ആ പരമശുദ്ധൻ അതിനെ കെട്ടിപ്പുണരുവാൻ കൈനീട്ടുന്നുവല്ലൊ? ഞാനിത്ര മഹാപാപിയായല്ലൊ, ഈശ്വരാ! എൻെറ വിവാഹത്തിന് ഹൃദയവേദനയോടെ ധൃതിപ്പെട്ടിരുന്ന ആ വാത്സല്യനിധി, ഇപ്പോൾ സ്വന്തവിവാഹത്തിന് കോപ്പുകൂട്ടുകയോ? ഹാ! എന്തൊരു മാററം! എന്നെ തെററിദ്ധരിച്ചിരിക്കണം; തീൎച്ച. വാൎദ്ധക്യദശയിൽ എന്നിൽനിന്ന് ഉചിതമായ പരിചൎയ്യകൾ ലഭിക്കയില്ലെന്ന് കരുതിയായിരിക്കാം ഈ പുനൎവിവാഹത്തിന് ഉദ്യ

മിക്കുന്നതു്. ഇശ്വരാ! അദ്ദേഹത്തിനു് സത്യ ബോധം നല്കണെ.

(പ്രഭൻ പ്രവേശിയ്ക്കുന്നു)

പ്രഭൻ. കൊച്ചേമാനേ! ഇതുവരെ പാൽ കുടിച്ചീല്ല്യെ?

(മേശപ്പുറത്തിരിക്കുന്ന പാൽപാത്രം തൊട്ടുനോക്കീട്ടു്)

പ്രഭൻ. വല്ലാതെ തണുത്തുപോയല്ലൊ?

അരു. തണുക്കട്ടെ പ്രഭാ! തണുക്കട്ടേ! ഐസുപോലെ തണുക്കട്ടെ, എത്ര തണുത്താലും എന്റെ ഉൾത്തീയ്യിന്നു് ശാന്തിയുണ്ടാകുന്നതല്ല.

പ്രഭൻ. കാററു തിരിഞ്ഞു വീശുന്നതുകൊണ്ടായിരിക്കും കൊച്ചേമാന്റെ വിഷാദം അല്ലേ?

അരു. അതുതന്നെയാണു് ഞാനും ചിന്തിച്ചു് വിഷണ്ണനായിരിക്കുന്നതു്.

പ്രഭൻ. വലിയേമാന്റെ ഈ വിവാഹകാര്യത്തെപ്പററി കുറച്ചുമുമ്പു്തന്നെ എനിക്കും ചില സംശയങ്ങൾ തോന്നി പോരെങ്കിൽ,

അരു. എന്താ അറിഞ്ഞതു്? വേഗം പറയ്യൂ

പ്രഭൻ. ഇന്നാലെ ഒരു സ്ത്രീ ഇവിടെ വന്നിരുന്നു. മറിമുപ്പത്തെന്നാ പ്രായം! നല്ല ചൊടിയുള്ള വാക്കും പോക്കും!

അരു. എവിടെന്നാ വന്നതു്? എന്തെല്ലാം പറഞ്ഞു?

പ്രഭൻ. കുസുമാലയത്തിൽനിന്നു്. വലിയേമാന്റെ സ്വത്തു മുഴുവൻ ആയമ്മയുടെ ദേവിയ്ക്കു് ഒസ്സ്യത്തു് എഴുതിയാൽ വിവാഹം കഴിക്കുന്നതിനു് സമ്മതമാണു് പോലും!!! ഇത്രയും ഞാൻ ഒളിഞ്ഞു നിന്നു് കേട്ടതാ.

അരു. ശരി! നീ പൊയ്യോ? (പ്രഭൻ പോകുന്നു)

പാമ്പുകടിയേററവന്റെ ശിരസ്സൽ ഇടിവെട്ട

ററതുപോലെ ആയല്ലോ ഈശ്വരാ! ഈ വർത്തമാനം!

(ആലോചിക്കുന്നു)

അതേ, കുസുമാലയത്തിൽ പോയതിൻെറ ശേഷമല്ലെ അച്ഛനിൽ ഈ ഭാവാന്തരങ്ങൾ കണ്ടു തുടങ്ങിയതു്? രമണിയുടെ സൌന്ദര്യം അദ്ദേഹത്തെ വഞ്ചിച്ചിരിക്കണം. രമണീ! നീയെന്തൊരു ഘോരസത്വമാണു്? പ്രേമാവേശത്തിൻെറ എത്രയെത്ര പൊല്ലിയാട്ടങ്ങൾ നീ അന്നെൻെറ മുമ്പിൽ കാഴ്ചവെച്ചു? ഷഷ്ടിപൂർത്തി കഴിഞ്ഞ എൻെറ പിതാവിനു് വധുവാകാമെന്നു നീ സമ്മതിച്ചതു് യഥാർത്ഥ പ്രണയത്താലാണോ? അതോ പണക്കൊതി മൂലമോ? അസ്ഥിരമായ സമ്പത്തിന്നു വേണ്ടി ശാശ്വതമായ പ്രേമത്തെ ബലികഴിക്കുക! നീചം പരമനീചം! ധനം നരകത്തിക്കുള്ള ഇന്ധനമാണെന്നു നീ അറിയുന്നില്ല. പ്രേമം വിലക്കു വില്ക്കുന്ന നിന്നെ എനിക്കാജീവനാന്തം സഹധർമ്മിണിയായി ലഭിക്കാഞ്ഞതു -തേന്മാവിൽ ഇത്തിക്കണ്ണി പടരാഞ്ഞതു് - മഹാഭാഗ്യമെന്നു ഞാൻ കരുതുന്നു. എന്നാൽ, നിർമ്മലനും ഉദാരനുമായ എൻെറ പിതാവിനു്, അദ്ദേഹത്തിൻെറ ശിഷ്ടായുസ്സിൽ ക്ലേശിപ്പിക്കാതെ സംരക്ഷിക്കേണ്ടവളാണെന്നു് ധരിച്ചാൽ കൊള്ളാം.

അഹോ! മറെറാരു ബോമ്പു്! അച്ഛൻെറ ഒസ്യത്തു്! ഏകാവകാശിയായ എന്നെ നിർദ്ധനനാക്കി അച്ഛൻ ഒസ്യത്തെഴുതുകയൊ? അതൊരിക്കലും സംഭവ്യമല്ല. അത്രയ്ക്കു് നിഷ്ഠുര ചിത്തനല്ല എൻെറ അച്ഛൻ. അഥവാ, അനുഭവിക്കാൻ

യോഗ്യമില്ലെങ്കിൽ വേണ്ട. എനിക്കു നല്കിയ വിദ്യാഭ്യാസത്തിനു തന്നെ ഞാനദ്ദേഹത്തെ എത്ര നമസ്കരിക്കണം!

· കർട്ടൻ.

---

## രംഗം 7.

(സ്ഥലം അരവിന്ദപ്രഭുവിന്റെ പ്രത്യേകമുറി. ഒരു പ്രഭുവിന്റെ വിഭവസമൃദ്ധി ആ മണിമച്ചിൽ എങ്ങും കിടന്നോളമടിക്കുന്നു. ശില്പകലാ വൈചിത്ര്യം തികച്ചും പ്രത്യക്ഷപ്പെടുത്തുന്ന ഒരു ആട്ടുകട്ടിലിൽ പ്രഭുവും രമണിയും ഇരുന്നു് മന്ദം മന്ദം ആടുന്നു. സമയം പകൽ നാലുമണി കഴിഞ്ഞു.)

അ പ്ര. പ്രിയേ, നീയിപ്പോൾ എന്തു വിചാരിക്കുന്നു.

രമണി. നാഥാ! ഈ പരമാനന്ദപദവിയിൽ എത്തിച്ചേരാൻ ഞാൻ എന്തു സുകൃതം ചെയ്തുവെന്നു്?

അ പ്ര. ഈ പറഞ്ഞതു് ശരിയാ?

രമണി. ശരിയല്ലാതെ ഇവൾ വല്ലതും പറയുമെന്നാണോ അങ്ങയുടെ ശങ്ക?

അ പ്ര. അതുവിചാരിച്ചല്ല; വെറുതെ നേരംപോക്ക് പറഞ്ഞെന്നു മാത്രം. പ്രിയെ, കുറച്ചുകാലം മുമ്പ്—അതെ, എന്റെ യൌവ്വനത്തിന്റെ ആരംഭത്തിൽ—നീ വന്നിരുന്നെങ്കിൽ? ഉദ്യാനത്തിലെ വെൺകുളിർ തിണ്ണയിൽ, ശരച്ചന്ദ്രൻ നിറകതിർ ചൊരിയുന്ന ആ ശുഭമുഹൂർത്തത്തിൽ, നാമിരുവരും ഇതുപോലെ ചേർന്നിരുന്നു് പരിമളം പേറിക്കുഴഞ്ഞ ഇളംകാററു് കൊള്ളുകയാണെങ്കിൽ അയ്യ! എന്തു സുഖായിരുന്നു!

രമണി. ഒന്നാന്തരം ഭാവന! അങ്ങയുടെ യൌവ്വനാരംഭത്തിൽ ഞാൻ ജനിച്ചിട്ടുകൂടിയുണ്ടാവില്ല. അങ്ങെന്തിനാണെന്നെ പരിഹസിക്കുന്നതു്? അവിടത്തെ ആദ്യപത്നിയുടെ ദശാംശംപോലും അറി

വോ, അഴകോ എനിക്കില്ലെന്നല്ലേ ഇവിടങ്ങളിലെ ബലമായ സംസാരം! അതെല്ലാം ഞാനറിയുന്നുണ്ടു്.

(ഒരു പരിഭവഭാവം രമണിയുടെ മുഖത്തുദിക്കുന്നു.)

അ പ്ര (ഗൌരവത്തിൽ) പലരും പലതും പറയും ഞാൻ പറയുന്ന ഭവതി ഒരപ്സരസ്സാണെന്നു്. പറയുന്നതുപോലെ പ്രവൎത്തിക്കയും ചെയ്യുന്നു.

രമണി. ഉം! എന്തു പ്രവൎത്തിച്ചു?

അ പ്ര. ഒന്നും പ്രവൎത്തിച്ചില്ല അല്ലേ? എന്റെ സൎവ്വസ്വത്തും പ്രിയെ, നിനക്കു സമൎപ്പിച്ചതു് നിന്നോടുള്ള അളവററ സ്നേഹാദരംകൊണ്ടല്ലെങ്കിൽ പിന്നെന്താ?

രമണി. (ഹാസ്യഭാവത്തിൽ) ഓഹോ! അങ്ങയുടെ മരണപത്രിക അല്ലേ? ശരി ശരി! മരണപത്രം മാററുന്നതിന്നു അരനിമിഷംപോലും വേണ്ടതില്ലെന്നു് എനിക്കറിഞ്ഞുകൂടായിരിയ്ക്കും.

അ പ്ര. ഓമനേ, മൃദുലകോമളമായ ഈ പൂമെയ്യിൽ ഒരു വജ്രഹൃദയമോ ബ്രഹ്മാവു് അടക്കിവെച്ചിരിക്കുന്നതു്? ഒട്ടുംശങ്കിക്കേണ്ട. നാളെ നാളെത്തന്നെ ഈ സ്വത്തുമുഴുവൻ രമണിക്ക് തീറു തന്നേക്കാം പോരെ!

രമണി. (വെള്ളിമണിനാദംപോലെ കുണുങ്ങി ചിരിച്ചുകൊണ്ടു്) എന്റെ ഹൃദയം കഠിനമായിരിക്കാം. പക്ഷെ, ആ കട്ടത്ത പാറയിൽനിന്നു് നിൎമ്മലജലത്തിന്റെ ഉറവുകൾ പൊട്ടിപ്പുറപ്പെട്ടമെന്നു് അങ്ങക്കിപ്പോഴെങ്കിലും അനുഭവപ്പെട്ടുവല്ലൊ; അതുമതി

അ പ്ര. ഹാ! നിന്റെ വാഗ്‌വിലാസം കാണുമ്പോൾ

സരസ്വതിയുടെ അവതാരമെന്നുകൂടി എനിക്ക് തോന്നിപ്പോകുന്നു.

രമണി. അതാ തുടങ്ങി, താരം, ഹാരം, എന്നൊക്കെ പ്രശംസകൾ.

അ പ്ര. ഇതൊന്നും പ്രശംസയല്ല, പരമാർത്ഥമാണ് കേട്ടൊ. ഞാൻ സായാഹ്നയാത്രക്ക് പോകട്ടെ.

രമണി. ഇതുവരെ വൈകുന്നതുപോലെ വൈകരുതേ!

അ പ്ര. ഇല്ല; ഞാൻ നേരത്തെവരാം. ഈ സഞ്ചാരമത്രെ എൻെറ ദേഹത്തിന് ഓജസ്സും തേജസ്സും നല്കുന്നതു് അതാ. ഞാനിതു് ഒരിക്കലും വിട്ടുകളയാത്തതു്; ഉടനെവരാം.

രമണി. ഉറങ്ങിയാൽ ഉണർത്താഞ്ഞാൽ മതി.

(പ്രേമം തുളുമ്പുന്ന കടാക്ഷം രമണി പ്രഭുവിൻെറ നേക്കെറിയുന്നു. പ്രഭു ചിരിച്ചുകൊണ്ടു് പോകുന്നു.)

രമണി. സ്ഫടികകപ്പിയിൽ ഇരിക്കുന്ന പഞ്ചസാര നോക്കിക്കൊണ്ടു് മാധുര്യം ആസ്വദിക്കുന്ന പടുവൃദ്ധൻ! മൂത്തുമുരച്ചു മുരുക്കവൃക്ഷത്തിന്നുവേണ്ടി ഈ മുല്ലവള്ളി കഷ്ടപ്പെടുകയോ? ഈ ചൂണ്ടൽ ഏതു കനകമത്സ്യത്തെ പിടിക്കുവാനാണ് ഇരതൊട്ടെറിഞ്ഞതെന്ന്, കിഴവനുണ്ടോ മനസ്സിലാക്കിയിട്ടു്? സുമതി ഉപദേശിച്ച മന്ത്രം ഫലിച്ചു കാണുന്നില്ലല്ലൊ? എത്ര പ്രാവശ്യമായി എൻെറ അഭിലാഷത്തെ അറിയിക്കുന്നു. ശിലാവിഗ്രഹത്തിലർപ്പിക്കുന്ന പുഷ്പമാല്യം പോലെ എൻെറ ആശ നിരാശയിലാണല്ലൊ കലാശിക്കുന്നതു്? ഇതു കൊണ്ടൊന്നും രമണി അടങ്ങുകയില്ല. ആ പുരുഷകേസരിയുടെ സൌന്ദര്യത്തിൻെറ പടിക്കൽ അവസാനമായി ഞാൻ പ്രേമഭിക്ഷയെടു

ത്തുനോക്കും. എന്നിട്ടും സമ്മതമില്ലെങ്കിൽ! അദ്ദേഹം അറിയും അതിൻെറ ദോഷഫലങ്ങൾ. ആരോ വരുന്നുണ്ട്, എൻെറ ആരാധനാമൂർത്തിയുടെ ആഗമനമായിരിക്കും.

(ഭൃത്യൻ കുഞ്ചുവും ഒരലക്കുകാരനും പ്രവേശിക്കുന്നു. അലക്കുകാരൻെറ പക്കൽ വലിയൊരു ഭാണ്ഡം. ഇരുവരും തൊഴുതുകൊണ്ട് രമണിയുടെ മുമ്പിൽവന്നു നില്ക്കുന്നു.)

കുഞ്ചു. കൊച്ചമ്മേ, അലക്കുകാരൻ വന്നിട്ടുണ്ട്.

രമണി. (കോപിച്ച്) ആര്?

കുഞ്ചു. അലക്കുകാരൻ, അലക്കുകാരൻ കിട്ടുണ്ണി!

രമണി. അലക്കുകാരനൊ? നിൻെറ നട്ടംപുറത്ത് രണ്ടലക്കാനാ എനിക്കിപ്പോൾ തോന്നുന്നത്. കടന്നുപോ! അലക്കിൻെറ കണക്കുകൂടി എഴുതണമത്രെ! കിഴവൻെറ മരട്ടുബുദ്ധി നോക്കു!

കുഞ്ചു. ഏതുകാര്യവും ഇവിടെവന്നു ചോദിച്ച് ചെയ്യണമെന്ന് വല്യേമാൻ കല്പിച്ചിട്ടുള്ളതുകൊണ്ട് വന്നതാ കൊച്ചമ്മെ.

(പരിഭ്രമിച്ച് നില്ക്കുന്നു)

രമണി. എടാ കഴുവേറി പോകാനല്ലെ പറഞ്ഞത്! വേണോ? (കൈ ഓങ്ങുന്നു. ഭൃത്യനും അലക്കുകാരനും വിറച്ചുംകൊണ്ട് ഓടിമറയുന്നു.)

രമണി. സുമതീ– (അകത്തുനിന്ന്)

സുമതി. ദേവീ, എന്തോ? (സുമതി പ്രവേശിക്കുന്നു)

രമണി. സഖീ, നിൻെറ തന്ത്രങ്ങളെല്ലാം കുസുമാലയത്തിലേ ഫലിക്കു എന്നുണ്ടോ? നാം ഇവിടെ വന്നിട്ട് എത്രമാസങ്ങളായി? ഒരൊററസുപ്രഭാതംപോലും ഇവിടെ പുലന്നിട്ടുണ്ടോ? കാർമേഘകൈലേസുകളാൽ മുഖം തുടക്കുന്ന അരുണനാൽ അരുണോദയംകൂടി നിഷ്പ്രഭമായിട്ടല്ലേ കാണപ്പെടുന്നതു്? നിൻെറ നയോപായങ്ങൾക്കു ഫല

മില്ലാതാകുന്നുവല്ലോ? എന്നാൽ എന്റെ ജന്മം

**സുമതി.** ദേവി, സമാശ്വസിക്കു, അദ്ദേഹം പക്ഷെ ഇപ്പോൾതന്നെ ഇങ്ങോട്ടുവരുമായിരിക്കും അത്രത്തോളം ആ പുരുഷകേസരിയെ ഞാൻ മനസ്സിലാക്കീട്ടുണ്ടു്.

(രമണി സാരിയുടെ കോന്തല ശരിയാക്കുന്നു. ഫാലദേശത്തിൽ തൂങ്ങിക്കിടക്കുന്ന അളകാവലികളെ ഇടത്തുകൈകൊണ്ടു് ഒരു തട്ടുതട്ടുന്നു.)

**സുമതി.** അതാ അദ്ദേഹം വന്നുകഴിഞ്ഞു. ഞാൻ പോകട്ടെ (സുമതി പോകുന്നു. അരുണൻ പ്രവേശിക്കുന്നു.)

**രമണി** (കൈകൂപ്പിക്കൊണ്ടു്) ഇത്ര ദയയില്ലാതെ ഇവളോടു പെരുമാറുവാൻ അങ്ങയ്ക്കു സാധിക്കുന്നുണ്ടല്ലോ?

**അരു.** ദയ എന്നതു് എന്താണെന്നു് വല്ല ഗുരുവിന്റെ സന്നിധിയിൽ നിന്നും പഠിക്കേണ്ടതായിട്ടാണു് വന്നിരിക്കുന്നതു് കൊച്ചമ്മെ.

**രമണി.** അയ്യോ! എന്നെ കൊച്ചമ്മെയെന്നു വിളിക്കയോ? ശാന്തം പാപം! അഞ്ചാറുവയസ്സിനു് ഇളപ്പമുള്ളവളെ?

**അരു.** പ്രായക്കുറവുണ്ടെങ്കിലും സ്ഥാനം കൂടുതലില്ലേ?

**രമണി.** അങ്ങയുടെ ഈ "കൊച്ചമ്മെ വിളി" എന്റെ തകുന്ന ഹൃദയത്തിൽ തീ കോരിക്കൊട്ടുകയാണു്.

**അരു.** തിയ്യോ മഞ്ഞോ എന്തെങ്കിലും ചൊരിയട്ടെ. എനിക്കതേ വിളിക്കാൻ നിവൃത്തിയുള്ളു.

**രമണി.** ഞാനിവിടെ വന്നിട്ടു് കുറെ അധികം ദിവസങ്ങളായെങ്കിലും തമ്മിലൊന്നു് കാണുന്നതിന്നുപോലും സൌകര്യമുണ്ടാക്കിത്തരാതെ ഇവളെ കഷ്ടപ്പെടുത്തുന്നതു് ഹൃദയമുള്ളവൎക്കു് യോജിച്ചതാണോ?

**അരു.** ഹൃദയമില്ലാത്തവൻ എന്നുതന്നെ ധരിച്ചോളു.

എന്താ എന്നെ കാണാൻ ആവശ്യപ്പെട്ടതു്?

രമണി. അങ്ങ് ഈ സോഫയിൽ ഇരിക്കണം. കാര്യവും കാരണവും ഞാൻ വഴിയെ അറിയിച്ചുകൊള്ളാം.

അരു. കൊച്ചമ്മയുടെ ഒപ്പം ഇരിക്കുന്നതു് എനിക്കൊട്ടും തന്നെ വിഹിതമല്ല. കാര്യമെന്തെന്നു വേഗം പറയണം

(രമണി കൊഞ്ചിക്കുഴഞ്ഞുകൊണ്ടു് പ്രേമം സ്ഫുരിക്കുന്ന കടാക്ഷശരങ്ങൾ അരുണന്റെ നേക്ക് തെരുതെരെ ചൊരിയുന്നു.)

രമണി. എന്താണീശ്വരാ! ഇങ്ങിനെ മോരും മുതിരയും കൂട്ടിക്കലത്തിയതു പോലെ സംസാരിക്കുന്നതു്? താമരപ്പൂക്കളിൽ നിന്നു പൊഴിയുന്ന തേൻതുള്ളികൾ തീപ്പൊരികളായിത്തീരുകയൊ?

അരു. എന്നാൽ ഞാൻ പോകട്ടെ. (പോകാൻതുടങ്ങുന്നു)

രമണി. അ ട ട ടാ! പോകാനിത്ര തിടുക്കമായൊ?

(മുമ്പിൽ ചെന്നു തടയുന്നു. അരുണൻ രണ്ടടി പിന്നോക്കം മാറുന്നു.)

രമണി. നില്ക്കണേ, നില്ക്കണേ, ആയുഷ്മൻ! അസ്തമനസന്ധ്യയെ ഞാൻ വരിച്ചതു്, താമസിയാതെ സമാഗമിക്കുന്ന ചന്ദ്രോദയത്തെ പ്രതീക്ഷിച്ചായിരുന്നു എന്നു് മനസ്സിലാക്കണേ. പൂവിന്റെസഹായം കൂടാതെ ചിത്രശലഭങ്ങൾക്ക് തേൻകുടിക്കുവാൻ കഴിയുമോ? ഒന്നാലോചിച്ചു നോക്കു?

അരു. എന്തു്! എന്തു്! മനസ്സിലാക്കണം? അച്ഛനെ വരിച്ചതു് മകനുമായി രമിക്കാനാണെന്നു്?, അല്ലേ? ഫൂ! നിന്ദ്യം! നിന്ദ്യം! പ്രേമത്തിന്റെ പനിനീർപൂക്കളെ കാമത്തിന്റെ തീച്ചൂളയിൽ ഇട്ടു് ദഹിപ്പിക്കുന്ന ദുർദ്ദേവത!

രമണി. ക്ഷമിക്കണേ. രമണിയെ അന്യഥ ശങ്കിക്കരുതേ, അങ്ങയുടെ ക്ഷേമം പുലർത്തുവാൻ മാത്രമാണു്

ഇവൾ ഇങ്ങോട്ടു് വെമ്പിപ്പുറപ്പെട്ടതു്. എന്റെ സംഭാഷണം അങ്ങു് തെററിദ്ധരിച്ചപോലെ തോന്നുന്നു. നെല്ലിക്കയും നല്ലവാക്കും ആദ്യം കയ്ക്കുക സഹജമാണല്ലൊ?

അരു. എനിക്കു് ക്ഷേമം വളർത്തുവാൻ ആരും വിഷമിക്കേണ്ടതില്ല. പൂജ്യനായ എന്റെ പിതാവിന്റെ ക്ഷേമം പുലർത്തുവാൻ കടപ്പെട്ടവളാണെന്നു കരുതി ഇനിയെങ്കിലും കൊച്ചമ്മ പ്രവർത്തിച്ചാൽ മതി.

രമണി. അതേ, അതെ. മൂത്തുനരച്ച കാകനുമായി കളഹംസപ്പിട കാലം കഴിക്കുക!

അരു. എന്തു പറഞ്ഞു നീ, നരച്ച കാകനെന്നു് എന്റെ അച്ഛനെ വിളിക്കയോ? (മുഷ്ടി ചുരുട്ടുന്നു)

രമണി. അതെ, അങ്ങിനെയെങ്കിലും മൃണാളകോമളമായ ആ കരവല്ലികൾ എന്റെ ദേഹത്തിൽ ഒന്നം ഞ്ഞമരട്ടെ ആ കരമർദ്ദനത്താൽ ഞാൻ തികച്ചും കൃതാർത്ഥയായിക്കൊള്ളാം.

അരു. കുലസ്ത്രീകളുടെ പ്രാണനാകുന്ന ചാരിത്രചൈതന്യം നശിച്ചുപോയ ഈ ജീവച്ഛവത്തെ എന്റെ കൈകൊണ്ടു തൊടുകയോ?

(സാരിക്കിടയിൽ നിന്നു് ഒരു കടലാസ്സുചുരുൾ വലിച്ചെടുത്തുകൊണ്ടു്)

രമണി. വേണ്ട, വേണ്ട, എന്നെത്തൊടേണമെന്നില്ല. അരുണോദയഭവനത്തിന്നധിപനായ അരവിന്ദപ്രഭുവിന്റെ സ്ഥാവരജംഗമസ്വത്തുക്കളെല്ലാംതന്നെ കുസുമാലയത്തിലെ രമണീദേവിയുടെ പാദപങ്കിലമായ കാലടികളിൽ സമർപ്പിച്ച ഈ ഒസ്യത്തിലേക്കൊന്നു കണ്ണോടിച്ചാൽ മതി. ഞാനിതാ ആ സ്വത്തുമുഴുവനും അങ്ങയ്ക്കുടിയറ വെക്കുന്നു.

തേടേണ്ട വള്ളിയാണു് അങ്ങയുടെ കാലിൽ ഇപ്പോഠം ചുററിപ്പിണയുന്നതു്. അഭയാത്ഥിനിയോടു് പൊരുത്തുന്നതു് പൌരുഷമുള്ളവക്കു പററിയതല്ല.

അരു തേടിയവള്ളിയോ? ദുഷ്ടേ! ഇരുപത്തഞ്ചു് ആണ്ടുകളല്ലെ നീ അച്ഛനുമായി ഇടപെട്ടിട്ടുള്ളു. ഇരുപത്തഞ്ചു് സംവത്സരത്തെ സഹവാസം എൻെറ അച്ഛനുമായി എനിക്കുണ്ടു്. പണം എനിക്കു് തൃണം!(കോപാക്രാന്തനായി ഇറങ്ങിപ്പോകുന്നു)

രമണി. മതി, മതി; എൻെറ ക്ഷമയുടെ നെല്ലിപ്പടി പോലും കണ്ടുകഴിഞ്ഞു. ഇതിലധികം കിഴിയുവാൻ എനിക്കു് കഴികയില്ല. അരുണാ! നിഷ്ഠുരുണാ! നീ എൻെറ ഹൃദയത്തിൽ പൊറുക്കാത്ത ഒരു മുറിവുണ്ടാക്കി. ഈററുപാമ്പിൻെറ പടത്തിൽ നീ അടിച്ചുവിട്ടു. ഹൂം! അതിൻെറ ഫലം നീ തന്നെ അനുഭവിക്കും. നീ എൻെറ ആത്മാഭിമാനത്തിൻെറ വെൺകളിർഭിത്തിമേൽ ചളി വാരിത്തളിച്ചു. മായാത്ത ചളി! ഹൂം! നാളെ നാളെത്തന്നെ, അരുണോദയത്തിന്നു മുമ്പു് അരുണൻ, അരുണോദയത്തിൽ നിന്നും പുറത്തു്. സൂക്ഷിച്ചുകൊഠംക.

കട്ടൻ.

## രംഗം ８.

(അരുണോദയത്തിൽ അരുണൻെറ മുറി. അരുണൻ വിഷാദവിവശനായി നെററിത്തടം ഇടത്തുകൈകൊണ്ടു് താങ്ങി ഒരു കസേലയിൽ ഇരിക്കുന്നു. മുമ്പിൽ ഒരു വട്ടമേശയും രണ്ടു മൂന്നു കസേലകളും. അരുണൻെറ സഹപാഠികളായിരുന്ന ഡോക്ടർ സുകുമാരനും, ഇൻസ്പെക്ടർ മോഹനദാസും, പ്രവേശിക്കുന്നു. ഇൻസ്പെക്ടർ കാക്കി ഹണ്ടിങ്ങ് സൂട്ടും, ഡോക്ടർ കറുത്ത കോട്ടും വെള്ളപേൻഡും ധരിച്ചിരിക്കുന്നു.)

ഡാസ്. എന്താ മിസ്റ്റർ അരുണൻ, ഉറങ്ങുകയാണോ? രാത്രി വല്ലാത്തൊരു ജോലിത്തിരക്കുണ്ടല്ലൊ?

(അരുണൻ പെട്ടെന്നു് തലപൊക്കി നോക്കുന്നു. ഉടനെ എഴുന്നേററു് ആഗതന്മാരെ സസ്നേഹം സ്വീകരിച്ചിരുത്തുന്നു)

അരു. ഹല്ലൊ! എൻെറ പഴയ സുഹൃത്തുക്കളെ എന്നു് കണ്ടതാണു്?

സുകുമാർ. അതല്ലെ വന്ന ഉടനെ, കലമാൻ ചോലയിലേക്കെന്നൊപോലെ ഇങ്ങോട്ടുതന്നെ പോന്നതു്. മിസ്റ്റർ ദാസിന്നു് ഇവിടേക്കു് സ്ഥലമാററമുണ്ടാകുമെന്നു് എന്നെ അറിയിച്ചിരുന്നു.

അരു. കഷ്ടം! അകലെ എവിടേയോ കിടക്കുന്ന ആൾ അറിഞ്ഞു് കൂടെ വരിക; അടുത്തുള്ള ആൾ, എന്തു സൗകര്യവും ചെയ്തുകൊടുപ്പാൻ സന്നദ്ധനായവൻ അറിയാതിരിക്കുക! നോക്കണേ കാലം പോയ പോക്കു്! മിസ്റ്റർ ദാസ്, താങ്കളുടെ ഈ അവിവേകപ്രവൃത്തി എനിക്കു തികച്ചും അപമാനമായി, കേട്ടൊ!

ദാസ്. ഞാൻ സ്വദേശത്തേക്കു് മടങ്ങുമ്പോൾ യാദൃച്ഛികമായി തീവണ്ടിയിൽ വെച്ചു് ഇയ്യാളെ കണ്ടുമുട്ടിയപ്പോൾ പറഞ്ഞതാ ഹേ, അല്ലാതെ അപമാനവും, അവിവേകവും ഒന്നും ഇതിൽ ഇല്ല.

അരു. ഒഹോ, അങ്ങിനെയോ?

ദാസ്. ഇനി എന്തു് സഹായമെങ്കിലും ചെയ്യോളു.

അരു. കലമാൻ ചോലയിലേക്കെന്നല്ലെ നേരത്തെ പ്രയോഗിച്ചതു്? കുറച്ചു വെള്ളംതന്നെ ആദ്യം തരട്ടെ. പ്രഭോ!

(പ്രഭൻ വന്നു് തൊഴുതുകൊണ്ടു്) എന്തോ?

അരു. കുറച്ചു കാപ്പികൊണ്ടുവരു,

രംഗം 8.

പ്രഭൻ. ദാ ഇപ്പൊ, കൊച്ചേമാൻ.
(പ്രഭൻ പോകുന്നു)

സുകു. എന്താ, മി. അരുണന്നു് ഒരു സുഖല്ല്യായപോലെ? മുഖം വല്ലാതെ വാടിയിരിക്കുന്നല്ലൊ?

ദാസ്. വേണങ്കിൽ ഒന്നു് എക്സാമിൽ ചെയ്തോളു? ഡോക്ടർക്കല്ലെ ഇതു് തോന്നിയുള്ളു.

(ഡോക്ടർ സുകുമാർ സ്റ്റെതൊസ്കോപ്പെടുത്തു് പരിശോധിക്കാൻ ഭാവിക്കുന്നു.)

അരു. വേണ്ട ഡോക്ടർ സാർ, അങ്ങ് വെറുതെയിരുന്നാൽ മതി. എന്തൊക്കെയാ വിശേഷങ്ങൾ? മി. സുകു ഇപ്പോൾ എവിടെ?

സുകു. ഞാൻ ഉത്തരേന്ത്യയിലാ ഡൽഹിയടുത്തു് ഒരു മിഷ്യൻ ഹോസ്പിററലിൽ. കുറച്ചു ലീവെടുത്തു് നാട്ടിൽ വന്നിരിക്കയാണു്. അപ്പോൾ പഴയ ഫ്രെൻസിനെ ഒന്നു കാണാമെന്നു കരുതി.

അരു. വളരെ നന്നായി.

(പ്രഭൻ ഒരു ട്രെയിൽ കാപ്പിയും പലഹാരവും കൊണ്ടു വന്നു മേശമേൽ വെയ്ക്കുന്നു. അരുണൻ അതു വിളമ്പുന്നു. എല്ലാവരും ഭക്ഷിക്കുന്നു. പ്രഭൻ പോകുന്നു.)

ദാസ്. അരുണാ, അന്നത്തെ നമ്മുടെ സ്കൂൾലൈഫ് ഒരിക്കലും മറക്കില്ല കേട്ടൊ! വഞ്ചിക്കളിക്കു പോയി താങ്കൾ വെള്ളത്തിൽ വീണതും, ഈ സുകുമാർ വെള്ളത്തിൽനിന്നു് പൊക്കിയെടുത്തതും, കശുമാവിൽ നിന്നു് ഞാനൊരു ദിവസം താഴെവീണു് വളരെ നേരം ബോധമില്ലാതെ കിടന്നതും, മററും ഒരിക്കലും മറക്കില്ല.

അരു. അതിലും ഭയങ്കരമല്ലെ, ഭക്തനായ നമ്മുടെ മുൻഷിസാറിനെ ആ കറുത്തു് തടിച്ച ചാത്തു കളിയാക്കിയതു്? ഓർമ്മയില്ലെ?

സുക. (ആലോചിച്ചുകൊണ്ടു്) ഓ ശരി ശരി! മുൻഷിസാർ ഉളുക്കരങ്ങാ" എന്നു പറഞ്ഞു് മെല്ലെ തലകൊണ്ടു് തട്ടിയപ്പോൾ, ഉടനെ ചക്ക വീഴുന്നപോലെ താഴെ വീണു്, മോഹാലസ്യം അഭിനയിച്ചു് സന്ധ്യ മയങ്ങുന്നതുവരെ കിടന്നതല്ലെ? കഷ്ടം! അന്നദ്ദേഹം എത്ര വിഷണ്ണനായെന്നോ?

അരു. മുൻഷിസാറിൻെറ ശാപംകൊണ്ടു തന്നെയാ, അവൻ ഇന്നും കിടന്നലയുന്നതു്. ഒന്നുരണ്ടു പിരിലൂസായമട്ടിൽ!

സുക. അങ്ങിനേയാണോ?

ദാസ്. അരുണൻ ഇപ്പോൾ എന്തുചെയ്യുന്നു?

അരു. ഇപ്പോൾ ഇവിടെ സ്വസ്ഥമായിരിക്ക്യാ. എവിടെയെങ്കിലും ഒരു വക്കീലായി പ്രാക്റ്റീസ് തുടങ്ങണമെന്നുദ്ദേശമുണ്ടു്. ദാസ് പോലീസ് വകുപ്പിലായിട്ടു് എത്ര കാലമായി?

ദാസ്. നാലുകൊല്ലം കഴിഞ്ഞു. ഞങ്ങനെ ഒരു ദുഘടത്തിൽ ചെന്നു ചാടാനില്ല.

അരു. ഉം, അതെന്താ?

ദാസ്. നിശാശലഭങ്ങളെപ്പോലെ പുതിയ പുയിയ കേസുകൾ പൊട്ടിപ്പുറപ്പെടുകതന്നെ. കരിഞ്ചന്ത, കൈക്കൂലി, കമ്മ്യൂണിസ്റ്റ് തുടങ്ങിയവ! പോരെങ്കിൽ ക്ഷേത്രഭഞ്ജനവും പള്ളി കൊള്ളിവെപ്പും കൂടി തുടങ്ങിയിരിക്കുന്നു.

അരു. വാസ്തവംതന്നെ.

ചരിത്രത്തിലെ ഘജനിമുഹമ്മതിൻെറ കാലമാണു് ഓർമ്മവരുന്നതു്. ചില പ്രത്യേക കേസുകൾ തുമ്പുണ്ടാക്കുന്നതിന്നു് സ്പെഷ്യൽ ഡ്യൂട്ടിയായി എന്നെ ഇങ്ങോട്ടു മാററിയിരിക്കയാണു്. പട്ടിണികൊണ്ടുള്ള മോഷണക്കേയിസുകളിലേക്കു്

തിരിഞ്ഞുനോക്കുന്നേയില്ല. ചുരുക്കിപ്പറഞ്ഞാൽ പാമ്പിൻപുറത്ത് തലവെച്ചു ഉറങ്ങുന്നതുപോലെയാണ് ഈ ഉദ്യോഗം.

സുകു. ഡോക്ടർമാക്ക് പരമസുഖമെന്നായിരിക്കും വിചാരം, അല്ലേ?

ദാസ്. കുറെ ഭേദംതന്നെയായിരിക്കും.

സുകു. എന്തുഭേദം? പുതിയ ഡിസീസുകൾ പുറത്തുവരുന്നതിന്നുണ്ടോ വല്ലകയ്യും കണക്കും? ഹൃദയസ്തംഭനം ഒരു ഫേഷനായിത്തീർന്നിരിക്കയല്ലേ? അങ്ങിനെ എത്രയെണ്ണം!

ദാസ്. അതിന്ന് സർവ്വരോഗനിവാരണിയായ 'പെൻസിലിൻ' എന്ന ദിവ്യൗഷധം നിങ്ങൾക്കു കൈവന്നിട്ടുണ്ടല്ലോ?

(പ്രഭൻവന്ന് കാപ്പികുടികഴിഞ്ഞ പാത്രങ്ങൾ കൊണ്ടുപോകുന്നു.)

സുകു. ഉവ്വ്, പക്ഷെ പെൻസിലിൻ എടുത്തു പെരുമാറാൻ അരുണനെപ്പോലുള്ള പണക്കാർക്കല്ലേ പററൂ.

അരു. അല്ലാ, ഒഴിഞ്ഞിരിക്കുന്ന എൻെറ നേർക്കും ശരം തൊടുത്തുവിടാൻ തുടങ്ങിയോ? ശരി, ആ പഴയ സ്വഭാവംതന്നെയാണല്ലോ?

(ഹാ!ഹാ!ഹാ! എല്ലാവരും ഉച്ചത്തിൽ ചിരിക്കുന്നു. വനജ പ്രവേശിക്കുന്നു. ഇടത്തുകയ്യിൽ ഒരു ശീലക്കുടയും വലത്തിൽ ഒരു ന്യൂസ്പേപ്പറും. അപരിചിതമായ അതിഥികളെ കണ്ടു് അല്പംലജ്ജനടിക്കുന്നു)

അരു. ഇരിക്കുവനജേ, എൻെറ പഴയ സ്വഹൃത്തുക്കളാ ഇവരെല്ലാം. ഉററസ്നേഹിതന്മാർ!

(വനജ കസേലയിൽ ഇരിക്കുന്നു)

(സുകുമാറിനെ ചൂണ്ടിക്കാണിച്ചുംകൊണ്ടു്)

അരു. ഇദ്ദേഹം ഡോക്ടർ സുകുമാർ!

(ദാസിൻെറ ചുമലിൽ മന്ദം തട്ടിയിട്ട്)

അരു. ഇയ്യാരം സ്പെഷ്യൽ ഡ്യൂട്ടിപോലീസ് ഇൻസ്പെക്ടർ മോഹൻ ദാസ്!

(വനജയെനോക്കി അത്ഭുതംത്തോടെ)

സുക. ഇവർ?

അരു. അച്ഛൻെറ ഒരകന്ന ശേഷക്കാരി! അതെ-സുകവിൻെറ വർഗ്ഗത്തിൽപ്പെട്ടവരംതന്നെ.

സുക. എൻെറ വർഗ്ഗത്തിൽ എന്നു വെച്ചാൽ?

അരു. നിങ്ങളുടെ വർഗ്ഗത്തിൽ-ഡോക്ടർമാരുടെ വർഗ്ഗത്തിൽ-എന്നർത്ഥം.

സുക. ഒഹോ, എവിടെയാ പ്രാക്ടീസ് ചെയ്യുന്നതു്?

വനജ. (ചിരിച്ചുകൊണ്ടു) അത്രയൊന്നുമായില്ല. അങ്ങയുടെ വർഗ്ഗത്തിലേക്ക് ഇന്നു് ജനിച്ചതേയുള്ളൂ.

അരു. വനജേ, റിസറംട്ടറിഞ്ഞോ?

വനജ. ഉവ്വ്, ഇന്നത്തെ ഈ മെയിലിൽ നമ്പേർഴ്ണ്ടു്.

(വനജ പത്രം അരുണനു കൊടുക്കുന്നു. അരുണൻ വിരികണ്ണോടെ പേപ്പർ നോക്കുന്നു)

അരു. ഫസ്റ്റക്ലാസ് കിട്ടീട്ടുണ്ടല്ലൊ? ഹാർട്ടി കൺക്രാച്യുലേഷൻസ് (ദാസും സുകുമാരം അത്ഭുതത്തോടെ) കൺക്രാച്യുലേഷൻസ്!

സു.കു. (വനജയോടു്) ഇനി എന്താ ഉദ്ദേശിക്കുന്നതു്?

വനജ. ഒന്നും തീർച്ചയാക്കീട്ടില്ല. അമ്മാമൻേറയും ചേട്ടൻേറയും ഹിതംപോലെ ചെയ്യാമല്ലൊ?

സു.കു. വനജേ, ഞാനൊന്നു പറയട്ടെ. അന്ദിനം പുറത്തുവരുന്ന മെഡിക്കൽ മാസികകളും, വാരികകളും മുഷിച്ചൽ കൂടാതെ വായിക്കണം കേട്ടോ. എന്നാൽ മാത്രമെ പുതിയ പുതിയ രോഗങ്ങളും, അവയ്ക്കുള്ള പുതിയ ചികിത്സകളും, മനസ്സിലാക്കുവാൻ സാധിക്കൂ. വേണമെങ്കിൽ എനിക്ക് വരുന്നവയെല്ലാം ഞാനയച്ചുതരാം.

വനജ. (കൃതജ്ഞതയോടെ കൈകൂപ്പിക്കൊണ്ടു്) വളരെ നന്ദി.

ദാസ്. എന്നാൽ ഇപ്പോഠം ഞങ്ങഠം ഇറങ്ങട്ടെ.

അരു. നാളെ രണ്ടുപേരും ഒന്നിച്ചോട്ടു് വരണം. മറക്കരുതു്. ഒരു പാർട്ടി നിശ്ചയിച്ചിട്ടുണ്ടു്.

ദാസ്. വനജയുടെ പ്രശസ്തമായ വിജയം പ്രമാണിച്ചായിരിക്കുമോ?

അരു. അതെന്തെങ്കിലുമാകട്ടെ. വരാൻ മടിക്കരുതു്.

സുകു. ഈ റേഷൻകാലത്തു് ഒരു പാർട്ടി കിട്ടുന്നതു് വല്ലവരും വെറുതെ കളയോ? തീർച്ചയായും വരാം.

(സുകുമാരം ദാസും 'ഗുഡ്ബൈ' പറഞ്ഞു പിരിയുന്നു. അരുണൻ അവരെ ഗയിററുവരെ അനുഗമിക്കുന്നു. മടങ്ങിവന്നു വീണ്ടും കസേലയിൽ ഇരിക്കുന്നു.)

വനജ. (ഇച്ഛാഭംഗത്തോടെ) അമ്മായി ഇവിടെ ഉണ്ടോ ചേട്ടാ?

അരു. ഉണ്ടു്.

വനജ. ഇങ്ങിനെ ഒരു സംഭവം ഇവിടെ ഉണ്ടാകുമെന്നു് ഞാൻ സ്വപ്നത്തിൽക്കൂടി കരുതിയതല്ല.

അരു. പ്രപഞ്ചമല്ലെ? അങ്ങിനെയൊക്കെ ഇരിക്കും വനജേ! ഇതിൻെറ തിരിച്ചടിയായി ഇനി എന്തെല്ലാമാണു് ഉണ്ടാകാൻ പോകുന്നതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

വനജ. ചേട്ടൻ ഒട്ടും വിഷമിക്കരുതു്. ഉടനെ പ്രാക്ടീസ് തുടങ്ങണം. അപ്പോഠം തന്നെ മനസ്സിന്നു് ഉന്മേഷമുണ്ടാകും.

അരു. അതുതന്നെയാ ഉദ്ദേശിച്ചിരിക്കുന്നതു്. പിന്നെ വനജ ഒരു ഡോക്ടരുമാണല്ലോ. ചേട്ടൻെറ അസ്വാസ്ഥ്യങ്ങഠംക്കെല്ലാം പ്രതിവിധിയും കണ്ടുപിടിക്കാം.

വനജ. (പുഞ്ചിരിയോടെ) ചിലതിനെല്ലാം.

അരു. ജയിച്ച വിവരം അച്ഛനെ അറിയിക്കു.

വനജ. അതെ, ഞാൻ അങ്ങോട്ട് പോകട്ടെ.
(വനജ പോകുന്നു.)

കർട്ടൻ.

## രംഗം 9.

(സ്ഥലം രമണിയുടെ മണിയറ. അവിടെയുള്ള ചില വിലപിടിച്ച സാധനങ്ങൾ അവിടവിടെ ചിന്നിച്ചിതറിക്കിടക്കുന്നു. ചില്ലിട്ട പടങ്ങൾ, കണ്ണാടികൾ, തകർന്നു കാണുന്നു. ആകപ്പാടെ ഒരു കൊള്ളയൊ കൊലയൊ സംഭവിച്ചപോലെ തോന്നിക്കുന്നു.

രമണി ഒരു കട്ടിലിൽ കമഴ്ന്നു കിടന്നു വാവിട്ടലറി കരയുന്നു. ഇരുണ്ടുകൂടിയ വ്യഥാഭാരംപോലെ അവളുടെ വാർകൂന്തൽ കട്ടിലിൽ നിന്നു ഇഴകി വീണുകിടക്കുന്നു.

സായാഹ്നസഞ്ചാരം കഴിഞ്ഞ് മടങ്ങിവന്ന പ്രഭ രമണിയുടെ അടുത്തുവന്ന് പകച്ചു നില്ക്കുന്നു.)

അ പ്ര. രമണി; ഓമനേ,
(രമണി തേങ്ങിത്തേങ്ങിക്കരയുന്നു.)

അ പ്ര. (പരിഭ്രമത്തോടെ) കൺമണീ എന്താണിതെല്ലാം; പറയൂ കുഞ്ഞെ, നിനക്കെന്തുപററി?

രമണി. നിനക്കെന്തുപററി? ചത്താലും അറിയാത്ത മൃത്തുക്കൻ!

അ പ്ര. അമ്മു കരയാതെ, കാര്യം പറയൂ, എന്തുണ്ടായി?
(നിലത്തുകിടന്നിഴയുന്ന കേശപാശം എടുത്ത് പ്രഭ വാത്സല്യപൂർവ്വം കെട്ടുന്നു)

രമണി. എന്നെ തൊടരുത്. എന്റെ ഗൃഹത്തിലേക്കെന്നെ പറഞ്ഞയച്ചാൽ മതി.

അ പ്ര. (രമണിയുടെ മുഖം മന്ദം തുടച്ചുകൊണ്ട്) എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലൊ?

രംഗം 9.

(പ്രള രമണിയെ ചുംബിക്കുന്നു. ഒരു സിംഹിയെപ്പോലെ രമണി പെട്ടെന്ന് എഴുന്നേററു് ഗർജ്ജിക്കുന്നു)

രമണി. എന്നെ എൻെറ വീട്ടിലേക്ക് പറഞ്ഞയക്കണമെന്നു് പറഞ്ഞില്ലേ?

(താഴെ വീണുകിടക്കുന്ന മുല്ലമാല പ്രള കുനിഞ്ഞെടുക്കുന്നു. കട്ടിലിൽ ഇരിക്കുന്നു)

രമണി. പടുവൃദ്ധനായ അങ്ങയെ വിവാഹം ചെയ്യുമ്പോൾ വിടവിഡ്ഢിയായ ഒരു മകനുണ്ടെന്നു് ഞാൻ കരുതിയില്ല.

(പ്രള കട്ടിലിൽ നിന്നു് പിടഞ്ഞെഴുന്നേല്ക്കുന്നു.)

അ പ്ര. അഹോ! ആ ദ്രോഹി എന്തുചെയ്തു?

രമണി. അവൻ എന്തുചെയ്തുവെന്നോ? ആ വിടഭ്രാന്തൻ എന്നെ മാനഭംഗത്തിനൊരുമ്പെട്ടു.

അ പ്ര. അയ്യയ്യോ! എട ദുഷ്ടാ, നീ എൻെറ മകനായ ജനിച്ചുപോയല്ലോ? പാൽ കൊടുത്ത കയ്യിൽ കടിക്കുന്ന കൊടും സർപ്പം! ഓമനേ, അവൻ എന്തു് ചെയ്തു?

രമണി. (വിറച്ചുകൊണ്ടു്) ആ കാർക്കോടകൻ എന്നെ ആലിംഗനം ചെയ്യാൻ കൈനീട്ടി. ഉടനെ എവിടെനിന്നോ ഒരു ധൈര്യമെനിക്കുണ്ടായി. ഞാൻ കൈത്തട്ടി ഉറക്കെ നിലവിളിച്ചു. തൽക്ഷണം അവൻ ഓടിപ്പോയി. ആ ഏററമുട്ടലിലാണു് മേശപ്പുറത്തിരുന്നിരുന്ന കണ്ണാടി, ഗ്ലാസും, പടവുമെല്ലാം വീണുതകർന്നതു്. (രമണി കിതക്കുന്നു)

അ പ്ര. ഭയപ്പെടേണ്ട. ഈ ഭവനമണ്ഡലത്തിൽ ഈ വിനാഴിക മുതൽ രമണീ, ഭവതിയുടെ ഹിതത്തിനെതിരായി വായുഭഗവാൻപോലും ചലിക്കയില്ല. അരുണൻ! ആ കുലദ്രോഹി, ഇവിടെ കാലെടുത്തു കുത്തുകയില്ല. പോരെ? എടാ ഗുരുതല്പം

കെട്ടവനേ. നീ എന്തുകൊണ്ട് പാതാളത്തിലേക്ക് ഇറങ്ങിപ്പോയില്ല? (പ്രഭ രമണിയുടെ മുടിയും മുഖവും കൈലേസ് കൊണ്ട് തുടക്കുന്നു)

അ. പ്ര. അയ്യോ! ഈ സാരി നനഞ്ഞിരിക്കുന്നുവല്ലോ?

രമണി. ഉവ്വ്, ഞാൻ കുളിച്ചുവന്നതേയുള്ളു അപ്പോഴാ ഈ അനിഷ്ടസംഭവമുണ്ടായത്.

അ. പ്ര. വേഗം ഈറൻ മാറു; വല്ല പനിയോ മറേറാ പിടികൂടേണ്ട.

രമണി. പനിയോ ശനിയോ പിടിച്ച്, ഈ മഹാപാപി മരിക്കുന്നില്ലല്ലോ?

കർട്ടൻ.

## രംഗം 10

(സ്ഥലം അരുണോദയത്തിന്റെ പൂമുഖം. സമയം മൂന്നുനാഴിക പുലർന്നു. ഗയിററിൽ രണ്ടു പാറാവുകാർ 'കുഞ്ചുവും പ്രഭനും' നില്ക്കുന്നു. അരുണൻ ഒരു ടെന്നീസ് ബേററ് ഗലേസമായി ചുഴററിക്കൊണ്ട് പുറത്തുനിന്നു വന്ന് പടികടക്കുവാൻ ഭാവിക്കുന്നു. വെള്ളഷട്ടും പേൻഡും ധരിച്ചിട്ടുണ്ട്. കാലിൽ കാൻവസ് ഷൂ. പാറാവുകാരൻ അരുണനെ തടുക്കുന്നു.)

പ്രഭൻ. കൊച്ചേമാന്നേ, അകത്തു കടക്കരുതേ.

അരു. ഉം? എന്ത്? ഞാനോ?

കുഞ്ചു. അതെ കൊച്ചേമാന്നേ, അങ്ങ് തന്നെ വല്യേമാൻ വളരെ കക്ശമായി കല്പിച്ചിരിക്കുണു. പടികടത്തിപ്പോകരുതെന്ന്.

അരു. (തെല്ലൊന്നമ്പരന്നുകൊണ്ട്) അച്ഛനെ ഒന്നു കണ്ട് ഉടനെ മടങ്ങിവരാം. ഒരു പ്രത്യേക സംഗതി ചെന്നു പറയട്ടെ.

പ്രഭൻ. അവിടത്തോടിങ്ങനെ പറയേണ്ടിവന്നതിൽ വളരെ വ്യസനമുണ്ട്. എന്തുചെയ്യാം തിരുവായ്ക്കെതിർവായുണ്ടോ?

കുഞ്ചു. അല്ലെങ്കിൽ, ഞങ്ങളുടെ ചോറിൽ മണ്ണു വീഴില്ലേ?

പ്രഭൻ. എന്തിനധികം! കൊച്ചമ്മയെ അങ്ങ് അപമാനിച്ചെന്നു്, വല്യേമാനെ ആ ദുഷ്ട ഗ്രഹിപ്പിച്ചതിൻെറ ഫലമാണു് ഇതെല്ലാം.

അരു. ഈശ്വരാ! എന്താണീ കേൾക്കുന്നതു്? എൻെറ ചെവികൾ എന്നെ വഞ്ചിക്കുന്നുവോ? ഒരു പിതാവിൻെറ വഴിഞ്ഞൊഴുകുന്ന പുത്രവാത്സല്യത്തിൽ ഇതുവരെ ആറാടിക്കഴിഞ്ഞ ഏകപുത്രൻ, അദ്ദേഹത്തിൻെറ പരിചാരകന്മാരാൽ നിർദ്ദയം നിരോധിക്കപ്പെടുകയെ? ഇതെന്തുകഥ! എനിക്കൊന്നും മനസ്സിലാകുന്നില്ലല്ലൊ. അച്ഛൻെറ മുഖമൊന്നു കാണുന്നതിന്നും, യഥാർത്ഥസംഗതികൾ ബോധിപ്പിക്കുന്നതിന്നും, നിവൃത്തിയില്ലാതായല്ലൊ, കഷ്ടം! സത്യദീപം അസത്യത്തിൻെറ വിഷക്കാററിൽ അണഞ്ഞുപോകുന്നു!

പ്രഭൻ. കൊച്ചേമാനേ, അങ്ങയെ ഇവിടെ അല്പസമയം പോലും നിത്തരുതെന്നും കൂടിയാണു് കല്പന.

കുഞ്ചു. (അകത്തേക്കു് നോക്കിക്കൊണ്ടു്) അയ്യോ! ആരൊ! വരുന്നുണ്ടു്. ഒന്നു് വേഗം പോണെ.

(അരുണൻ വിഷാദനൈരാശ്യങ്ങളോടെ സാഗ്രഹത്തോടു് യാത്രപറഞ്ഞിറങ്ങുന്നു. ബേറഗ് കയ്യിൽനിന്നു് താഴെ വീഴുന്നു. കണ്ണുനീർ വടിച്ചു വീഴ്ത്തുന്നു. പിന്നോക്കം നോക്കി നോക്കി പോകുന്നു.

സുമതിയും രമണിയും പൂമുഖത്തേക്കു പ്രവേശിക്കുന്നു. ഇരുവരും ചിരിച്ചു ചിരിച്ചു കുഴയുന്നു.)

രമണി. എടാ പ്രഭാകരാ! ആരാ ഇവിടെ വന്നതു്?

പ്രഭൻ. അതു് കൊച്ചേമാന്നായിരുന്നു. കൊച്ചമ്മെ,

രമണി. നീയെന്തുപറഞ്ഞു?

പ്രഭൻ. വല്യേമാൻെറ കല്പന അക്ഷരംപ്രതി പാലിച്ചു

ചോറിന്റെ ക്രൂറ് കാട്ടാത്തവനല്ല പ്രഭാകരൻ.

കുഞ്ചു. ഈ കുഞ്ചും.

പ്രഭൻ. കൊച്ചമ്മയ്ക്കു് ഇപ്പോൾ മനസ്സമാധാനമായല്ലൊ?

സുമതി. ബലേ ഭേഷ്.

കുഞ്ചു. ഈ ബേറാ അയാൾ ഇവിടെ ഇട്ടേച്ചു പോയതാ?

രമണി. സുമതീ, ഈ ബേറാകൊത്തിയോടിച്ച് അടുപ്പിലിട്ടുവാ. (സുമതി ബേറാ വാങ്ങി പോകുന്നു.)

രമണി. ഇതാ രമണിയോടു കളിച്ചാലത്തെ ഫലം. ഞാനെന്തു താണുവീണപേക്ഷിച്ചു? എന്തിന്നു്? ഞാനെന്റെ അഭിമാനവല്ലരിയെ അടിയോടെ അറുത്തുമറിച്ചു? വിവേകശൂന്യനായ ഈ യുവാവിന്നു വേണ്ടിയല്ലെ? ആശയോടുകൂടി ആലിംഗനം ചെയ്യാനടുക്കുമ്പോൾ മരീചികപോലെ അകന്നുമാറുക; കുറച്ചുകിടന്നലയട്ടെ. അപ്പോൾ എല്ലാം ശരിയാകും.

(അരവിന്ദപ്രഭ പ്രവേശിക്കുന്നു. രമണി വന്ദിക്കുന്നു)

അ. പ്ര. ആ ധൂമകേതുവിനെക്കൊണ്ടുള്ള അസുഖം അവസാനിച്ചില്ലെ? ആ ഖലൻ ഈ നീചവൃത്തിക്ക് വിധേയനായല്ലൊ. കഷ്ടം! അമൃതവല്ലിയിലും കാകോളം!

രമണി. (മൂക്കത്തു ചൂണ്ടുവിരൽ വെച്ചുകൊണ്ടു്) അതാ ഞാനും ആലോചിക്കുന്നതു്. കനകസൂചിതന്നെ ആയിക്കൊള്ളട്ടെ, കണ്ണിൽ കുത്തിയാൽ കണ്ണു പോകാതിരിക്കുമോ?

അ പ്ര. പ്രിയതമേ, ഒരു പ്രത്യേക കാര്യത്തിന്നുവേണ്ടി എനിയ്ക്കു് കുറച്ചു് അകലെ പോകേണ്ടതുണ്ടു്.

രമണി. അത്യാവശ്യമാണെങ്കിൽ പോകാതെ നിവൃത്തിയില്ലല്ലൊ. കഴിയുന്നതും വേഗത്തിൽ വരാൻ ശ്രമിക്കണേ.

രംഗം 10.

അ പ്ര. രണ്ടുമൂന്ന് ദിവസങ്ങൾക്കുള്ളിൽ നിശ്ചയമായും വരാം ഇഷ്ടസഖി സുമതിയും ഉണ്ടല്ലൊ.

(ഗയിററിൽ നില്ക്കുന്നവനെ നോക്കി)

അ പ്ര. ഇവിടെ നല്ല ശ്രദ്ധയുണ്ടായിരിക്കണം. രണ്ടുമൂന്നു ദിവസം ഞാൻ ഇവിടെ ഉണ്ടായിരിക്കയില്ല. കേട്ടൊ അാ കഴവേറിയെ ഇവിടെ കയററിയാൽ! ഉം അപ്പോൾ അറിയാം.

പ്രഭൻ. പുകഞ്ഞകൊള്ളി പുറത്തുപോയിക്കഴിഞ്ഞില്ല്യോ വല്യേമാൻ? ഇനി അകത്തുകടക്കുകയൊ?

അ പ്ര. ശരി. എന്നാൽ ഞാൻ പോട്ടെ.

(പ്രഭ പോകുന്നു. സുമതി പ്രവേശിക്കുന്നു.)

സുമതി ബേററു് ചുട്ട ചാമ്പൽ കാററിൽ പറപ്പിച്ചിട്ടാ ഞാനിപ്പോൾ വരുന്നതു്.

രമണി സഖീ, നീയെൻെറ വലങ്കയ്യാണു്. നിൻെറ കാലടിപ്പാടുകളെ കടുകിട തെററാതെ അനുഗമിക്കുന്നതിനു്, എനിക്കു അണുവും അധൈര്യമില്ല. പക്ഷെ, നമ്മുടെ ഭാവിപരിപാടികളൊന്നും തന്നെ നിർണ്ണയിച്ചുകഴിഞ്ഞില്ലല്ലൊ? ഓളത്തിലെ ചെറുവഞ്ചിപോലെ നമ്മുടെ മനോരാജ്യങ്ങളെല്ലാം കിടന്നു് ഇളകി മറിയുകയാണു്.

സുമതി. ദേവീ, ഒട്ടുംതന്നെ ഭയപ്പെടരുതു്. സുമതി എല്ലാററിനും പ്രതിവിധി കണ്ടിട്ടുണ്ടു്.

(സുമതി രമണിയുടെ ചെവിയിൽ എന്തൊക്കെയോ മന്ത്രിക്കുന്നു. രമണിയുടെ മുഖത്തു് ചില അസുഖഭാവങ്ങൾ പ്രത്യക്ഷപ്പെടുന്നു)

രമണി. അതുവേണ്ട; സ്വത്തുമുഴുവനും ത്യാഗംചെയ്തു അദ്ദേഹത്തോടു അതുവേണ്ട.

സുമതി. അതാ! ഞാൻ മുമ്പും പറയാറുള്ളതു്. ദേവിയ്ക്കു് ഒരിത്തിരി കരളുറപ്പില്ലെന്നു്. ഞാനിത്ര പ്രയാസപ്പെടുന്നതു് ആർക്കുവേണ്ടിയാ? എൻെറ ദേവിയ്ക്കു്

അരുണൻ.

ഈ ഭൂമിയിൽ സ്വർഗ്ഗം സൃഷ്ടിക്കുവാനല്ലേ? കുറേയെല്ലാം ധൈര്യം വേണ്ടേ? ഉറച്ചിരിക്കണം! ആഴത്തിൽ മുങ്ങാതെ മുത്തു കിട്ടുമോ?

രമണി. ഉം! ഉം! എന്തോ!

കർട്ടൻ.

---

## രംഗം II.

(സ്ഥലം 'ശാരദ' എസ്റ്റേറ്റ് ആഫീസ്. ഗയിററിൽ ഒരു ശിപായി നില്ക്കുന്നു. അരുണൻ വിഷാദനൈരാശ്യത്തോടെ ഒരു ഭ്രാന്തനെപ്പോലെ പ്രവേശിക്കുന്നു. മുഷിഞ്ഞു കീറിയ ഷർട്ടും, പേൻറ്സും, ക്ഷൌരം ചെയ്യാതെ വികൃതമായ മുഖം. സമയം പകൽ 10മണി കഴിഞ്ഞു.

അരു. (ഗയിററിൽ നില്ക്കുന്ന ശിപായിയോട്) സ്നേഹിതാ ഈ എസ്റ്റേററിൻെറ ഉടമസ്ഥൻ ആരെന്ന് ഒന്നു പറഞ്ഞുതരാമൊ?

ശിപായി. എടൊ തനിക്ക് മൊകത്തു കണ്ണില്ലേ? ഈ ബോഡിലെ ആനത്തലോളം വലിപ്പോള്ള അക്ഷരങ്ങൾ വായിച്ചൂടെ? ഉടമസ്സനെ അന്വേഷിക്കണെതു കണ്ടാൽ എഷ്ടേററ് തീറുവാങ്ങിക്കാനെന്നു തോന്നും!

അരു. സ്നേഹിതാ, കോപിക്കരുതേ. വാങ്ങിക്കാനൊന്നുമല്ലെ? വല്ലതും ഒരു ജോലി കിട്ടുമൊ എന്നു നോക്കാനാണേ.

ശിപാ. എഷ്ടേററിൽ ജോലികൊടുക്കാൻ മാത്രം കരുത്തുള്ള ഒരു മനിഷ്യൻ! കടന്നുപോടൊ! ഉണ്ണേച്ചക്കണ്ടാചര്യാം ഊരിയാച്ച പറഞ്ഞാ!

അരു. അയ്യൊ! അതു പറയരുതേ, എത്ര ദിക്കിലായി ഒരു ജോലിക്കുവേണ്ടി ഞാൻ ചെന്നലയുന്നു? ഒരാളും എനിക്കൊരു ജോലി തരുന്നില്ല. അതു

കൊണ്ടു് ദയവുചെയ്തു് എന്നെ ഗയിററു് കടത്തി വിടണേ. മാനേജരദ്ദേഹത്തെ കണ്ടു് എൻെറ സങ്കടമൊന്നുണത്തിച്ചോട്ടെ.

ശിപാ. കണ്ണുള്ളവരാരും തന്നെക്കണ്ടാൽ ജോലി തരില്ലെന്നു തന്നെ പറയും. ഒരു നിമഷം ഇവടെ. നിക്കാതെ പൊയ്യോള്ളു.

അരു. സാമാന്യം ഭേദപ്പെട്ട ഒരു കുടുംബത്തിൽ ജനിച്ചവനാണു് ഞാൻ. കാലദോഷംകൊണ്ടു് നിങ്ങളുടെയെല്ലാം കാലുപിടിക്കുവാൻ ഇടവന്നുവെന്നേ പറയേണ്ടു.

ശിപാ. (ഹാസ്യഭാവത്തിൽ) ഓ! നല്ല ഭേതപ്പെട്ട ആൾ! പ്രേതപ്പെട്ട ആൾ തന്നെ! തനിയ്ക്കു് എന്തു് വേണം?

അരു. ദയവുണ്ടായി എന്നെ ഒന്നു് പടികടത്തി വിടണം.

ശിപാ. (പുഞ്ചിരിയോടെ)ഓ ഹോ, അതിന്നു് ചില പതിവുകളൊക്കേണ്ടു്.

അരു. (അത്ഭുതത്തോടെ) അതെന്താണു് ചേട്ടാ?

ശിപാ. അതോ! ഷട്ടിന്നും കാലുറക്കും മററും കിടന്ന പോലത്തെ കീശേണ്ടല്ലൊ? വല്ലതും കാണ്വോ? ഒന്നു തപ്പിനോക്കു്? ഇന്നൊന്നു മുറുക്കീട്ടപോലുമില്ല.

അരു. എൻെറ പൊന്നുചേട്ടാ, കാൽ പൈസപോലും എൻെറ പക്കൽ ഇല്ല.

ശിപാ. (ഗൌരവത്തിൽ) ഇല്ലെങ്കിൽ വന്നവഴിക്കുതന്നെ മടങ്ങിക്കോളു ഉം, വേകം! വേകം!

(അരുണൻ ഷട്ടിൻെറ പോക്കററിൽ നിന്നു് പൌണ്ടൻ പെൻ എടുത്തു് ശിപായിയുടെ പക്കൽ കൊടുക്കുന്നു.)

അരു. ഇതിരിക്കട്ടെ അല്ലാതെ ഒന്നുംതന്നെ എൻെറ പക്കൽ ഇല്ല. പ്രാണനേപ്പോലെ ഞാൻ സ്നേഹിക്കുന്നതാണു് ഈ പേന.

(ശിപായി പേനവാങ്ങി കൌതുകത്തോടെ നോക്കി. കോട്ടിന്റെ പോക്കററിൽ ക്ലിപ്പ് അകത്തും പേന മുഴവൻ, പുറത്തുമായി കുത്തിവെച്ച് ഒന്ന് ഞെളിയുന്നു.)

ശിപാ. എന്നാൽ കടന്നോളു! ക്ഷണം മടങ്ങിവരണം കേട്ടോ.

(അരുണൻ ഗെയിററ് കടന്നു പോകുന്നു. മാനേജരുടെ മുമ്പിൽ തൊഴുകയ്യുമായി നില്ക്കുന്നു. മാനേജർ എന്തോ എഴുതിക്കൊണ്ടിരിക്കുന്നു. അനന്തരം മുമ്പിൽ നില്ക്കുന്ന അരുണനെ പുച്ഛരസത്തിൽ നോക്കിക്കൊണ്ട്)

മാനേ. എടാ നീയെങ്ങിനെ ഇവിടെ വന്നു?

അരു. (തൊഴുതുകൊണ്ട്) സാർ ഗയിററുമേനോട കേണപേക്ഷിച്ചതിന്റെ ഫലമായി എന്നെ പടികടത്തി വിട്ടതാണ്.

മാനേ. പ്യൂൺ!

പ്യൂൺ (വിനയപൂർവ്വം പ്രവേശിച്ച് കൈകൂപ്പിക്കൊണ്ട്) സാർ,

മാനേ. ആ ഗയിററുകീപ്പറോട് ക്ഷണം ഇവിടെ വരാൻ പറയൂ!

(പ്യൂൺ വന്ദിച്ചുപോകുന്നു)

മാനേ. ഹൂം! കണ്ട പീറകളെ പടികടത്തി വിടുക.

മാനേ. (അരുണനോട്) നിനക്കെന്തു വേണം?

അരു. വല്ലതും ഒരു ജോലി തരണേ, ഞാനെന്തുവേലയും എടുത്തുകൊള്ളാം.

മാനേ. ഓ ഹോ! എന്തുവേലയും എടുക്കാൻ ശേഷിയും ശേമുഷിയുമുള്ള ആറം തന്നെ.

(പ്യൂണും ഗെയിററ് കീപ്പറും പ്രവേശിക്കുന്നു)

മാനേ. എടൊ, താനെന്തിനാ ഈ വക ചേട്ടകളെ പടി കടത്തി വിടുന്നതു്? അല്ലാ തനിക്കു് പെൌണ്ടൻ പേനയും മററുമായല്ലോ?

രംഗം 11.

(ഗയിററകീപ്പർ പേടിച്ചു വിറച്ചുകൊണ്ടു് പേന പോക്കററിൽ തന്നെ ഇടാൻ ശ്രമിക്കുന്നു.)

മാനേ. വേണ്ട-വേണ്ടാ, പോക്കററിലാക്കേണ്ട. നോക്കട്ടെ. ഇങ്ങെടുക്കു.

മാനേ (ഗയിററ് കീപ്പർ പക്കൽനിന്നു് പേനവാങ്ങി അത്ഭുതത്തോടെ നോക്കുന്നു)

മാനേ. എടൊ, ഇത്രനല്ല പേന തനിക്കെവിടെനിന്നു കിട്ടി? കാര്യം പറയൂ.

(ഗയിററ കീപ്പർ അരുണന്റെ മുഖത്തേയ്ക്കു് പകച്ചു നോക്കിക്കൊണ്ടു് വിറയ്ക്കുന്നു. മാനേജർ അയാളുടെ ഈ നിലകണ്ടു് കാര്യം ഏകദേശം മനസ്സിലാക്കി അരുണനോടു്)

മാനേ. എടാ, ഇതാരുടെ പേന? പരമാൎത്ഥം പറയണം?

അരു. എന്നെ ഇവിടെക്കൊന്നു കടത്തിവിടാൻ എന്റെ ഏകസ്വത്തായ ഈ പേനപോലും ഉപേക്ഷിക്കേണ്ടി വന്നു.

മാനേ. (ഗയിററ കീപ്പറോടു്) എടാ ദ്രോഹി, നീ എന്തു ചെയ്തു? വേലിതന്നെ വിളവു തിന്നുകയോ?

(അയാളുടെ ചെകിടത്തു കണക്കിന്നൊന്നു കൊടുക്കുന്നു)

ഗയി. അയ്യൊ! അബദ്ധം പററിപ്പോയെ, രക്ഷിക്കണേ.

മാനേ. ബ്ളഡി റാസ്കൽ— ഇനി ഇങ്ങിനെ വല്ലതുമുണ്ടായാൽ! ഉം പോ!

(ഗയിററ് കീപ്പർ വിറച്ചുകൊണ്ടു് പോകുന്നു.)

മാനേ. (അരുണനോടു്) എടാ നിനക്കീപേന എവിടന്നു കിട്ടി? വാസ്തവം പറഞ്ഞോ അല്ലെങ്കിൽ!

അരു. അതു എന്റെ തന്നെയാണു് സാർ.

മാനേ. ഓ! നിന്റെയാണത്രെ! ഇത്തരം പേന നിനക്കു സ്വപ്നത്തിൽക്കൂടി കാണാൻ സാധിക്കുമെടാ? ഉം വേഗം പറയൂ. എവിടന്നു് കട്ടെടുത്തു?

(അരുണന്റെ വാടിവിളൎത്ത മുഖം തൽക്ഷണം ചുവക്കുന്നു. അണയാൻ പോകുന്ന ദീപനാളം പോലെ)

അരു. (കോപത്തോടെ) കട്ടതെന്നോ? എന്റെ പേരു് കൊത്തിയിരിക്കുന്ന ഈ പേന, കട്ടതെന്നോ? അക്രമം! അക്രമം! വേലതന്നില്ലെങ്കിലും അവമാനിക്കരുതു്. ഹാ! ഹാ! ഹാ! (ഒരു പൈശാചികച്ചിരിചിരിക്കുന്നു)

മാനേ. (പേന സൂക്ഷിച്ചുകൊണ്ടു്) നിന്റെ പേരെന്തു്?

അരു. അരുണൻ.

മാനേ. ശരി. കട്ടതല്ലെങ്കിൽ വേണ്ട, ഇതാ പേന എടുത്തോളൂ. ഇവിടെ വേലയൊന്നുമില്ല. ക്ഷണം പോകണം.

(അരുണൻ ഇച്ഛാഭംഗത്തോടെ പോകുന്നു)

മാനേ. കട്ടതൊ, കണ്ടെടുത്തതോ, എന്തൊ ആയിക്കൊള്ളട്ടെ. അതു് തെളിയിക്കണമെങ്കിൽ പോലീസു് തന്നെ വരണം. അതു് മഹാ വിഷമവും, നമുക്കെന്തു കാര്യം! എവിടെയെങ്കിലും ചെന്നു തുലയട്ടെ. മുഖഭാവം കൊണ്ടു് ഒരു ഭ്രാന്തനാണെന്നു തോന്നുന്നു. ഒരു കാര്യം തെളിഞ്ഞു ഗയിററു കീപ്പറുടെ അക്രമം!

കർട്ടൻ.

---

## രംഗം 12.

(സ്ഥലം ഒരു കുററിക്കാടു്. സമയം മദ്ധ്യാഹ്നം. അരുണൻ ക്ഷീണപരവശനായി ഒരു മരച്ചുവട്ടിൽ ഇരിക്കുന്നു. വളരെ മുഷിഞ്ഞു ജീർണ്ണിച്ച വസ്ത്രം. എണ്ണയില്ലാതെ പാറിപ്പറക്കുന്ന തലമുടി ശോകം മുദ്ര കുത്തിവെച്ച നെററിത്തടം.)

അരു. ഈശ്വരാ! ലോകം! എന്തൊരുമായം! ഞാനെത്ര നിർഭാഗ്യവാനായിത്തീർന്നു.

"ഹാ! സുഖങ്ങൾ വെറും ജാലം
ആരറിവൂ നിയതി തൻ

ത്രാസു പൊങ്ങുന്നതും താനെ
താഴ്ന്നുപോവതും"
എന്നു് മഹാകവി പറഞ്ഞിരിക്കുന്നതു് എത്ര പരമാൎത്ഥം!

ഭാഗ്യചക്രത്തിന്റെ തിരിച്ചലിനെപ്പററി വിധിക്കുമാത്രം അറിയാം. അഹോ കഷ്ടം! അമ്മയില്ലാത്ത ഒരു കോട്ടവും അനുഭവിക്കാതെ അച്ഛന്റെ പരിലാളനത്തിൽ വളരെനാരം സ്വൎഗ്ഗസുഖമനുഭവിച്ച ഈ ഞാൻ, ഇപ്പോരം കുടിക്കുവാൻ നാഴി കഞ്ഞിവെള്ളം പോലും കിട്ടാതെ-കിടക്കുവാൻ ഒരിടം കാണാതെ-ഉടുക്കുവാൻ ഒരു നല്ല വസ്ത്രംകൂടി ഇല്ലാതെ-കപ്പക്കുഴിയിലെ പുഴുവിനെപ്പോലെ ഇതാ കിടന്നുഴലുന്നു. അച്ഛന്റെ സ്വത്തിൽ ഒരു പൈയെങ്കിലും അനുഭവിക്കാൻ യോഗമില്ലെന്നും വന്നു.

"ഹന്ത സൌന്ദൎയ്യമെ, നാരിതൻ മെയ്ചേന്നാൻ
എന്തെന്തു സൌഭാഗ്യം സാധിക്കാനീ?"

ഒരു വാക്കുപോലും എന്നോടു ചോദിക്കാതെ, സത്യസ്ഥിതികരം മനസ്സിലാക്കാതെ, അച്ഛൻ എന്നെ വീട്ടിൽ നിന്നും പുറത്താക്കുകയല്ലേ ചെയ്തതു്? വെണ്ണപോലെ മൃദുലമായ അച്ഛന്റെ മനസ്സു് കരിമ്പാറക്കല്ലുപോലെ കഠിനമാക്കിയ രമണിയുടെ പൈശാചിക സൌന്ദൎയ്യം! ഹാ! പണംതൂണം, എന്നെല്ലാം എനിക്കു തോന്നിട്ടുണ്ടു്. ഈശ്വരാ, ഈ ലോകത്തിന്നു് നാഥൻ അങ്ങല്ല കേട്ടോ; പണമാണു്. പണം! കാളസൎപ്പത്തിന്റെ ഫണം! ആ മേനകയുടെ അഭിലാഷം സാധിപ്പി

ച്ച്, സർവ്വസ്വത്തിന്നും പരമാധികാരിയായി, കുറച്ചുകാലം അങ്ങിനെ കഴിയാമായിരുന്നു.

(പിടഞ്ഞെഴുന്നേല്ക്കുന്നു.)

മനസ്സേ, നീ എന്തു പറഞ്ഞു? പാപം, മഹാപാപം! എന്റെ വിദ്യാഭ്യാസവും തുരുമ്പുപിടിച്ച ഇരുമ്പുപോലെ ഉപയോഗശൂന്യമായല്ലൊ! ഞാനെത്ര ഗവൺമെണ്ടാഫീസുകളുടെ പടിക്കൽ കേറിയിറങ്ങി? എത്ര തൊഴിൽശാലകളുടെ വാതിക്കൽ മുട്ടിവിളിച്ചു? ഒരു ശിപായിയുടെ ഉദ്യോഗം പോലും ലഭിച്ചില്ലല്ലൊ? കാണുന്നവരെല്ലാം എന്നെ അവജ്ഞയോടുകൂടി നോക്കി ഭ്രാന്തൻ എന്നല്ലേ വിധിക്കുന്നതു്. ഇംഗ്ലീഷ് ഭ്രാന്തൻ എന്ന് അന്യസ്ത്രീകളെ വികാരഭരിതനായി ഒന്നു് സ്മരിക്കപോലും ചെയ്യാത്തവനെ ധ്വിടനാക്കുക-കളവിനെ കാളകൂടമെന്നവണ്ണം വെറുത്തകലുന്നവനെ കള്ളനാക്കുക-ഭ്രാന്തിന്റെ ശ്വാസംകൂടിയേല്ക്കാത്തവനെ ഭ്രാന്തനാക്കുക-'കഷ്ടം' ഈ ദുരിതമയമായ ലോകത്തിൽ ഇരിക്കുന്നതിനേക്കാൾ മരിക്കുന്നതാണു് നല്ലതു്. പട്ടണത്തിലെ പരിചയക്കാരുടെ കണ്ണിൽപ്പെടാതെ ജനിച്ച നാട്ടിന്നധികദൂരമില്ലാത്ത ഈ കൊടുംകാട്ടിൽ എങ്ങിനെയൊ വന്നു ചേർന്നതു് നന്നായി.

(വടക്കുഭാഗത്തേക്കു കണ്ണോടിക്കുന്നു)

അതാ ഒരു ചെറിയ കുടിൽ കാണുന്നു. ആത്മാവിനെപ്പോലും കരണ്ടു തിന്നുന്ന വിശപ്പിന്നു് വല്ല പരിഹാരമുണ്ടാകുമൊ എന്നു പരീക്ഷിക്കാം.

(കുടിലിന്റെ സമീപത്തേക്കു് മെല്ലെമെല്ലെ പോകുന്നു. അടച്ചിരിക്കുന്ന വാതിൽപ്പഴുതിൽക്കൂടി അകത്തേക്കു് ഒളിഞ്ഞു നോക്കുന്നു. പെട്ടെന്നു് അന്ധാളിച്ചു വെച്ചകാൽ പിന്നോക്കം തന്നെ വലിക്കുന്നു)

രംഗം 12.

അരു. ഇതെന്തുകഥാ! വിത്രപനും നീചനുമായ ഒരു പ്രാകൃതന്റെ സമീപത്തിരുന്ന് ഒരു നാഗരികാംഗനസംഭാഷണം ചെയ്കയൊ? കുപ്പയിൽ മാണിക്യമൊ?

(ഒന്നുകൂടി മനസ്സിരുത്തി നോക്കുന്നു.)

അരു. ഇതെന്തത്ഭുതം! എന്റെ കുടുംബശ്രീയെ ഭ്രഷ്ടയാക്കിയ രമണിയുടെ സഖിയല്ലെ ഇവൾ? (ആലോചിക്കുന്നു) ഇവളെന്താ ഇവിടെവരാൻ? ഇവരുടെ സംഭാഷണവിഷയമെന്തെന്ന് ഈ മരക്കൂട്ടത്തിൽ മറഞ്ഞുനിന്ന് കേൾക്കാം. (മറഞ്ഞുനില്ക്കുന്നു)

(കുടിലിന്റെ അകത്തുനിന്ന്)

സുമതി. എന്തൊരുഷ്ണമാണ് വീരപ്പാ, നിന്റെ പുരയിൽ ഒരു വല്ലാത്ത ചൂട്, വല്ലാത്ത ചൂട!

വീരപ്പൻ. നല്ല ചോടൊണ്ട് തമ്പ്രാട്ടീ, പൊറത്തു കടക്കാം

(സുമതിയുടെ പിറകെ വീരപ്പനും പുറത്തുവരുന്നു. കൽക്കരിയുടെ വണ്ണം. മാംസളമായ ദേഹം. കറുത്തുമുഷിഞ്ഞ ഒരു ചെറിയ മുണ്ടുമാത്രം ഉടുത്തിരിക്കുന്നു. ചെമ്പിച്ചതലമുടി പൂളപ്പൂപോലെ ചുവന്ന കണ്ണുകൾ! എന്തുകുട്ടും കയ്യും ചെയ്യാൻ മടിയില്ലാത്ത മുഖഭാവം. മുറുക്കി ക്കാവു പിടിച്ച കട്ടപ്പല്ലുകൾ)

വീരപ്പൻ. കണ്ടില്ലെ, തമ്പ്രാട്ടീ പൊന്നുപോലെള്ള ഈ നെററിമ്മെ വേർപ്പുതുള്ളികൾ ഉരുണ്ട് കളിക്കണതു്. അഡ്യ്യൻ തേക്കലകൊണ്ടൊന്നു വീശട്ടോ!

സുമതി. വേണ്ട, വേണ്ട, ഞാൻ പറഞ്ഞേല്പിച്ചകാര്യം നിഷ്ക്കർഷയോടെ നിവൃത്തിച്ചാൽ മതി.

വീരപ്പൻ. അതിനെന്താ തമ്പ്രാട്ടി അമാന്തം! ഒരൊററ തെവസം തന്നെ അഡ്യ്യൻ എത്ര എണ്ണത്തിന്റെ കത കയിക്കണു? അതില് ഒരെണ്ണം കൂടെ കൂട്ടണം അത്രേല്ലെള്ളോ?

സുമതി. അടുത്തുവാ.

(വീരപ്പൻ അടുത്തുചെല്ലുന്നു.)

സുമതി. ആളെ നല്ലവണ്ണം മനസ്സിലായില്ലെ?

വീരപ്പൻ. പിന്നില്ലാണ്ട്! തെവസോം ഈ കാട്ടിൻ ചരിവിക്കൂടി കടന്നുപോയി പാടത്തെക്കെറങ്ങി കാററുംകൊണ്ട് കലമാനെപ്പോലെ തലയും പൊക്കിപ്പിടിച്ച് പോണ ആ വണ്ണം പെരുത്ത മനിസനേതണ്ടാ അറീന്ന.

സുമതി. കാര്യം വളരെ രഹസ്യമായിരിക്കണം കേട്ടോ. ഒരു ജീവി പോലും അറിയരുത്. ഒരൊററ വെടിക്ക്!

(മരച്ചുവട്ടിൽ മറഞ്ഞിരിക്കുന്ന അരുണൻ കോപംകൊണ്ട് മുഷ്ടി ചുരുട്ടുന്നു)

വീരപ്പൻ. പറന്നുപോണ പരന്തിൻെറ പിത്ധുമണ്ടക്ക് ഉന്നം വെച്ച് നിലത്താക്കണെ വീരപ്പനോ ഇത്ര ബെഷമം? ആ ആന പോലത്തെ മനിസ്സൻെറ പെരുംതലക്ക്?

സുമതി. അതെ, അതെ നിൻെറ ഉന്നം അന്നാണു് കാണേണ്ടതു്. ഇതു കയ്യിലിരിക്കട്ടെ.

(ഒരു ചെറിയപൊതി സുമതി വീരപ്പനു കൊടുക്കുന്നു അവൻ അതുവാങ്ങി സന്തോഷം കൊണ്ട് തുള്ളിച്ചാടി അഴിച്ചുനോക്കുന്നു അരുണൻ നില്ക്കുന്ന മരക്കൂട്ടത്തിൽ നിന്നു് എന്തൊ ഒരുശബ്ദം കേൾക്കുന്നു)

സുമതി. വീരപ്പാ, എന്താ ഒരു കാൽപെരുമാററം കേൾക്കുന്നതു്!

(രണ്ടുപേരും ശ്രദ്ധയോടുകൂടി നാലുപാടുംനോക്കുന്നു)

വീരപ്പൻ. ഒന്നുല്ല. തമ്പ്രാട്ടി, ആ മരത്തിൻെറ ചില്ലകൾ കാററിലെളകം.

സുമതി. വീരപ്പാ, ഞാനിനി ഇവിടെ അധികം താമസിക്കുന്നില്ല. പോകട്ടെ. പറഞ്ഞകാര്യം എൻെറ വീരപ്പൻ മറക്കില്ലല്ലൊ? ഇന്നത്തെക്കാൾ കനത്തു് നാളെ, (സുമതിപോകുന്നു.)

വീരപ്പൻ. (പൊതി അഴിച്ചുകൊണ്ട്) കൊറെ തെവസം മോന്താണ്ടേ. (ചിരിക്കുന്നു) ചാപ്പിലേക്കു പോട്ടം.

(തുള്ളിച്ചാടിക്കൊണ്ടു് പോകുന്നു. അരുണൻ മരക്കൂട്ടത്തിൽനിന്നു കുപിതനായി പുറത്തേക്കുവരുന്നു)

അരു. ഞാനെന്താണീ കേട്ടതു്! എന്റെ അച്ഛന്റെ കഥ കഴിക്കാൻ വട്ടം കൂട്ടുകയോ? അക്രമം! അക്രമം! സർവ്വവും ത്യാഗംചെയ്ത ആ ശുദ്ധാത്മാവിന്റെ ജീവരക്തം ഊററണമത്രെ, ആ രാക്ഷസിയുടെ കാമദാഹം ശമിക്കുവാൻ. അതുകണ്ടു് ഞാൻ എന്തിന്നു് ജീവിച്ചിരിക്കണം എന്റെ രക്തം ചുട്ടതിളക്കുന്നുവല്ലൊ?

അച്ഛാ, പ്രിയപ്പെട്ട അച്ഛാ, അങ്ങയുടെ കണ്ഠത്തിൽരമണിയണിയിച്ച വരണമാല്യം മരണമാല്യംമാകുന്നതിന്നു്ഇനി ഏതാനുംമണിക്കൂറുകളെ താമസമുള്ളു എന്നു്അങ്ങ അറിയുന്നില്ല. അവിടത്തെ അരുമമകൻ എന്തുചെയ്യട്ടെ?എന്റെ ജീവനാഡികളിൽക്കൂടി പാഞ്ഞൊഴുകുന്നതു് അങ്ങയുടെ നിർമ്മല രക്തമാണല്ലൊ? എന്റെ ദയനീയസ്വരം കേൾക്കുവാനൊ, ഞാൻഅയക്കുന്ന കത്തുകൾ ഒന്നു വായിക്കുവാനോ, എന്റെ വാടി വരണ്ട മുഖം ഒരു നോക്കു കാണുവാനോ, അങ്ങയ്ക്കു് ദയവില്ലാതായല്ലൊ? അയ്യോ! തല ചുററുന്നോ.

(അല്പനേരം ഇരിക്കുന്നു. ഉടനെ ചാടിയെഴുന്നേല്ക്കുന്നു.)

അരു. ഉണ്ടു്! പിതൃഭക്തിയുടെ മാററു് തികച്ചും ഉരച്ചു കാണിക്കുന്ന ഉരകല്ലു് എന്റെ പക്കലുണ്ടു്. (മേലോട്ടു് നോക്കുന്നു) അഗതികൾക്കു് ഗതിയരുളുന്ന ഈശ്വരാ! വിശ്വംഭരാ!

(അരുണൻ ഭ്രാന്തനെപ്പോലെ ഓടുന്നു.)

കർട്ടൻ.

---

## രംഗം 13.

(സ്ഥലം രമണിയുടെ കിടപ്പുറ. പ്രഭുവും രമണിയും ഒരു സോഫയിൽ ഇരിക്കുന്നു. പ്രഭു രമണിയുടെ കരവല്ലികളെ മന്ദം മന്ദം തലോടുന്നു.)

അ പ്ര. പ്രിയെ, നിൻെറ സൌന്ദൎയ്യം അസാധാരണമെന്നേ പറയാവൂ. പ്രകൃതിയുടെ കലവറയിലെ സൌന്ദൎയ്യവിഭൂതികളെല്ലാം തന്നെ നിന്നെ വിരചിക്കുവാൻ ബ്രഹ്മാവ് എടുത്തുകാണും. കണ്ണാടിപോലെ മിന്നുന്ന നിൻെറ കവിളിൽ കാണുന്ന ഈ ചെറിയ കലയുണ്ടല്ലൊ, അതു മന്മഥനേല്പിച്ച നഖക്ഷതമെന്നാ എനിക്കു തോന്നുന്നതു്.

രമണി. അങ്ങയുടെ മനോധൎമ്മമാണ് എനിക്കു് അതിലും വിശേഷമായി തോന്നുന്നതു്. സമ്പത്തിൻെറ ഹൃദയത്തിൽ സാഹിത്യം ഒളിഞ്ഞിരുന്നതു് ആരറിഞ്ഞു? ലക്ഷ്മിയും സരസ്വതിയും അത്ര പൊരുത്തമില്ലാത്തവരല്ല.

അ പ്ര. നീ പറഞ്ഞതു് ശരിയാണു് പ്രകൃതി മാഹാത്മ്യങ്ങൾ കണ്ടു രസിക്കുവാൻ എനിക്കു വളരെ താല്പൎയ്യമുണ്ടു്. അതാണു് ഞാനെന്നും സായാഹ്നസഞ്ചാരത്തിന്നു് പോകുന്നതിൻെറ മറെറാരുദ്ദേശം. റോഡിൽക്കൂടി കുറെ സൈക്കിളിൽ സവാരി ചെയ്തു്, വണ്ടി നമ്മുടെ എസ്റ്റേയിററു് ആഫീസിൽ വെച്ചു കാടും മേടും പാടവുമായി, രണ്ടു മൂന്നു നാഴികയോളം ഞാൻ വീണ്ടും നടക്കും. അപ്പോഴെക്കും സൂൎയ്യൻ അസ്തമിക്കാറാകും. സന്ധ്യയുടെ സുവൎണ്ണസാരി ധരിച്ച ആ വരവ്‌ അയ്യ! ഇന്നലെ എൻെറ രമണി, ആ കനകനീരാളപ്പട്ടുടുത്തതുപോലെ.

പ്രിയെ! പ്രകൃതിസൌന്ദര്യം കണ്ടാനന്ദിക്കാത്ത കണ്ണുകൾ യഥാൎത്ഥത്തിൽ കണ്ണുകളല്ല കേട്ടൊ, മുഖഭംഗിക്കു വെച്ച രണ്ടു മിന്നമിനുത്ത ചില്ലുകളാണു്.

ഇന്നു എന്റെകൂടെ ഒന്നു വരാമോ? അപ്പോൾ പല വിധത്തിലുള്ള പ്രകൃതിഭംഗികളും ഞാൻ നിനക്കു് കാട്ടിത്തരാം.

രമണി. സൈക്കിൾ സവാരി നിശ്ചയമുണ്ടോ എനിക്കു്?

അ പ്ര. എന്തിന്നു്, സൈക്കിൾ? നമുക്കു് നമ്മുടെ പുതിയ കാർ എടുക്കാമല്ലൊ.

രമണി. ഇനിയൊരു ദിവസം ഞാൻ തീൎച്ചയായും വരും. ഇന്നെനിക്കു് നല്ല സുഖമില്ല.

അ പ്ര. നിനക്കൊന്നു പാടാമൊ രമണി? നിന്റെ സ്വരമാധുര്യം കുയിലുകളെപ്പോലും വലയിക്കുന്നു. വീണയേക്കൂടി നാണിപ്പിക്കുന്നു.

രമണി. ഈ അതിസ്തുതികളെല്ലാം വേണോ എന്നെക്കൊണ്ടൊന്നു പാടിക്കാൻ?

അ പ്ര. എന്നാൽ ഒന്നു പാടു രമണീ. അന്നു് പാടിയില്ലെ, ആ പാട്ടുമതി. ആ ഗാനമാധുരിയിൽ എന്റെ ഹൃദയം അലിഞ്ഞുപോരുന്നു.

(രമണി പാടുന്നു. പാട്ടിന്നു യോജിച്ച വിധത്തിൽ പ്രഭു തലയാട്ടുന്നു.)

അ പ്ര. ഹാ എന്തു ശാരീരം! എന്തു സ്വരവിശേഷം! മതി; മതിയാക്കു. ഈ കുംബുകണ്ഠം കുഴയേണ്ട.

(രമണി പാട്ടു നിറുത്തുന്നു)

രമണി. എനിക്കിന്നു തീരെ സുഖമില്ല, പിന്നെ അങ്ങ് നിർബ്ബന്ധിച്ചാൽ എങ്ങിനെ പാടാതിരിക്കും?

അ പ്ര. അങ്ങിനേയൊ? നല്ല കാര്യം. എന്നാൽ പറയാമായിരുന്നില്ലെ തീരെ സുഖമില്ലെന്ന്?

രമണി. സുഖമുണ്ടെങ്കിൽ ഞാനിന്നു സായാഹ്നസഞ്ചാരത്തിന്നു വരാതിരിക്കുമോ?

അ പ്ര. ഞാനിന്നു സഞ്ചാരം കഴിഞ്ഞു വരുമ്പോൾ ഭംഗിയുള്ള ഒരു തത്തക്കുഞ്ഞിനെ കൊണ്ടുവരാം. ഒരു സംസാരിക്കുന്ന പഞ്ചവർണ്ണക്കിളിയെ. ആ കുന്നിൻെറ അടിവാരത്തിലുള്ള ഒരു വേടക്കുടിലിൽ നിന്ന് ഒരു തത്ത ചിലക്കുന്നതു് ഞാൻ പലപ്പോഴും കേൾക്കാറുണ്ട്, എൻെറ രമണി സംസാരിക്കുന്നതുപോലെത്തന്നെ.

രമണി. കൊണ്ടുവരണം, കൊണ്ടുവരണം ഞാനതിനെ പലതരം പാട്ടുകൾ പഠിപ്പിക്കും. നല്ല ഹിന്ദി ഗാനങ്ങൾ. കുറച്ചു വൈകിയാലും തത്തയും കൊണ്ടേ മടങ്ങാവൂ.

അ പ്ര. തീർച്ചയായും കൊണ്ടുവരാം. (പോകുന്നു)

കർട്ടൻ.

## രംഗം 14.

(സ്ഥലം അലക്കുകാരൻ കിട്ടുണ്ണിയുടെ ചെറിയ ഗൃഹം. സമയം മദ്ധ്യാഹ്നം. അഴുക്കുവസ്ത്രങ്ങൾ അവിടവിടെ വലിയ കെട്ടുകളായി കുന്നുകൂടിക്കിടക്കുന്നു. കിട്ടു അവയെ യഥോചിതം അടയാളം നോക്കി തരംതിരിക്കുന്നു. പ്രായം ഉദ്ദേശം 45 ഒരയാളുടെ അളിയൻ പപ്പുകുട്ടി ഉദ്ദേശം 25 വയസ്സ്, ഈ പ്രവൃത്തിയിൽ കിട്ടുണ്ണിയെ സഹായിക്കുന്നു.)

പ കു. ഈ ഷോൾ പ്രഭുതമ്പുരാൻെറ ബങ്കളാവിലേല്ലെ? അതെന്താ ഈ മഠത്തിലെ കെട്ടിൽ വെച്ചിരിക്കണേ?

കിട്ടു. ഓ, ശരിതന്നെ. (ഷോറം മാററിവെയ്ക്കുന്നു) എന്റെ കൊച്ചുളിയാ നമ്മുടെ ബങ്കളാവിലത്തെ കാര്യങ്ങളെല്ലാം ഒന്നു തകിടം മറിഞ്ഞുട്ടോ!

പ ക. ഉം-എന്തേ?

കിട്ടു. ഞാനവിടേക്കു് അലക്കംകൊണ്ടു് പോയല്ലൊ.

പ ക. ഉവ്വ്. (ഉല്ക്കണ്ഠയോടെ)

കിട്ടു. അപ്പോളവിടേണ്ടു് ഒരു മഹാറാണി വന്നുക്രട്ടീട്ടു് പ്രഭുത്തമ്പുരാൻ ഇയ്യിടെ കല്യാണം ചെയ്തതാണത്രെ. ആയമ്മ വല്ലാത്തൊരു പിറപ്പന്നെ!

പ ക. എന്തു്? അതു് നമ്മളാരും അറിഞ്ഞില്ലല്ലൊ?

കിട്ടു. വളരെ ഗോപ്യാന്നു വിവാഹം.

പ ക. കുഴീലിക്കു് കാലു് നീട്ടുമ്പോളാ സംമ്മന്തം കൊച്ചുതമ്പുരാന്റെ വിവാഹാലോചനേല്ലെ ധിമി ധിമിയായി കേട്ടതു്?

കിട്ടു. അതെ അതെ; എന്നാൽ കാര്യം മറിച്ചാവന്നു കലാശിച്ചതു്. കേക്കു് പറയാം തമ്പുരാന്റെ കല്പനപോലെ വാല്യേക്കാരൻ കഞ്ചു അലക്കെണ്ണിയെടുപ്പിക്കാൻ എന്നെയുംകൊണ്ടു് ആ മൂതേവിയുടെ മുമ്പിലേക്കങ്ങു് ചെന്നു. അപ്പളല്ലെ എന്റെ ദൈവേ! ഒരു ബോമ്പു് പൊട്ടിത്തെറിക്കല്ലു്! അടികിട്ടീല്ലെന്നു് മാത്രം. ജീവനും കൊണ്ടു് ഞാൻ പറപറന്നു. ഞാൻ പോന്ന ദിക്കിൽ പുല്ലുക്രടി മുളക്കില്ല. മഹാ കട്ടപ്പം! കട്ടപ്പം!

പ ക. എന്തിനാ വെറുതെ അടിക്കണതു്? ആ കാലൊക്കെ പോയ്ക്കഴിഞ്ഞു. ഞാനാണെങ്കിൽ തല്ലു കൊള്ളേല്ല; അലക്കെണ്ണിക്കേ്ം ചെയ്യേനെ കണ്ടോലെന്താ?

കിട്ടു. അയ്യയ്യ! സൌന്ദര്യക്കേട്ടെ! അമ്പിളിക്കഞ്ഞു്! നമ്മു

ടെ പ്രഭുത്തമ്പുരാന്നു് ഒതുങ്ങേപ്പാന്നു് കണ്ടതന്നെ അറ്വൃണം.

പ ക. പേടിച്ചു് വിറച്ചുംകൊണ്ടു് ഒരുനോക്കു് കാണു മ്പോളേക്കും ഉള്ളും പുറോമൊക്കെ മനസ്സിലായി അല്ലെ? വല്ലാത്ത ഒരു കണ്ണു് നിങ്ങടെ.

കിട്ടു. വന്നുകേറീട്ടു് ഇത്രേ ഒട്ടായിട്ടൊള്ളൂ, കൊച്ചുതമ്പു രാനെ പടിയെറക്കിക്കഴിഞ്ഞു.

പ ക. എന്തു്! കൊച്ചുതമ്പുരാനെയോ?

കിട്ടു. അതെ, കൊച്ചുതമ്പുരാനെത്തന്നെ. ബങ്കളാവിൽ കേറാൻ നിവൃത്തിയില്ലാതെ അദ്ദേഹം പെരുവഴി ആധാരാക്കി അലഞ്ഞു നടക്കു്വാത്രെ.

പ ക. (മൂക്കത്തു വിരൽ വെച്ചുകൊണ്ടു്) എന്റെ കൊടു ടുങ്ങല്ലൂരമ്മെ' എന്തായിക്കേക്കെന്നെതു്? അവക്കു് നന്നാവില്ല തീച്ച. പൊന്നു പൊന്നു പോലത്തെ ശുദ്ധ മനുഷ്യനെ വീട്ടിന്നു പൊറത്താക്കേ്. നന്നായി, ഇത്ര സൊഭാവഗുണം തെകഞ്ഞചെറു പ്പക്കാരുണ്ടോ നാട്ടിൽ? ഞാനെത്ര കളിച്ചിരി ക്കണു്; അങ്ങോരായി ചെറുപ്പത്തിൽ!

കിട്ടു അതാ ഞാൻ ഉള്ളു കടപ്പമെന്നു് പറഞ്ഞതു്! ഇപ്പൊ മനസ്സിലായൊ? കാന്നോമ്മാരു് പറേ ഞ്ഞതു് അത്ര പെട്ടെന്നു് തട്ടല്ലെ.

പ. ക. അല്ലാ കൊച്ചമ്പുരാനല്ലെ ഈ വരണതു്?

(കിട്ടുണ്ണിയും പാപ്പുക്കുട്ടിയും നോക്കി കൈകൂപ്പി നില്ക്കുന്നു. അരുണൻ പ്രവേശിക്കുന്നു. വളരെ വികൃതവും ദയനീയവുമായ രൂപം)

കിട്ടു. കൊച്ചമ്പുരാനേ, ഈ നെലയിൽ അങ്ങുന്നിനെ കാണ്മാൻ അടിയങ്ങൾക്കിടവന്നല്ലൊ?

അരു. എൻെറ കിട്ടുണ്ണീ, അതെല്ലാം പറഞ്ഞു ഇപ്പോഠം വിഷാദിക്കരുതു്. എല്ലാം കാലത്തിൻെറ കളിയാണ്.

പ. ക തമ്പുരാനെ അങ്ങ് വല്ലാതെ ക്ഷീണിച്ചിരിക്കുന്നല്ലൊ, കൊറച്ച് കരിക്കിൻനിർ കുടിക്കരുതോ?

അരു. ഒരു വിരോധവുമില്ല. ഇഷ്ടംപോലെ തന്നേക്കു.

(പപ്പുകുട്ടി അകത്തേക്കുപോകുന്നു.)

കിട്ടു. എന്താ അങ്ങിവിടക്കു ഇറങ്ങിയതാവോ?

അരു. കിട്ടുണ്ണി ഞാനിപ്പോഠം വന്നതു് നിന്നിൽനിന്നുള്ള ഒരു ചെറിയ സഹായത്തിനാ.

കിട്ടു. എന്തിന്നും അടിയൻ തയ്യാറല്ലെ. ബങ്കളവ് തിയ്യ്വെച്ച് വരണൊ? അതിനും കിട്ടുമടിക്കില്ല.

അരു. അങ്ങിനെ പറയല്ലെ സമാധാനിക്കു.

(പപ്പുകുട്ടി ഒരു ഇളന്നീരും വെട്ടുകത്തിയുമായി വരുന്നു. കിട്ടുണ്ണി അതു മുഖം വെട്ടി അരുണന്നു് കൊടുക്കുന്നു. അരുണൻ അത്യാർത്തിയോടെ കുടാ കുടാകുടിക്കുന്നു)

അരു. ഹാവൂ, ഈശ്വരാ! കത്തിപ്പൊരിയുന്ന എൻെറ ഉദരാഗ്നിക്കു് ഒരു തണുപ്പുകിട്ടി. ഇനി ഉദ്ദിഷ്ട കാര്യ്യം സാധിക്കുന്നതുവരെ എനിക്കു് ജീവിക്കാം.

കിട്ടു. കൊച്ചമ്പുരാനെ, എന്താണിങ്ങിനെയെല്ലാം വന്നു കൂടാൻ ഈശ്വരാ!

അരു. അതൊന്നും ഇപ്പോഠം പറഞ്ഞാൽ അവസാനിക്കയില്ല. എല്ലാം കാമദേവൻെറ കുടുംകയ്യുകഠം എന്നുവേണം പറയാൻ. അതെല്ലാം പോകട്ടെ നീയെനിക്കു ഒരു ജോടി വസ്ത്രം തരണം. കണ്ടില്ലെ എൻെറ വേഷമെല്ലാം?

കിട്ടു. അതിന്നാ ഇത്ര വെഷമം. എത്ര ജോടിവേണം, തമ്പുരാനെ? ആ രാക്ഷസിയുടെ തങ്കക്കശവു ചേല വേണോ? അതും കിട്ടു കൊണ്ടന്നു തരും.

അരു. അതൊന്നും വേണ്ട കിട്ടു. അച്ഛൻ പുറത്തിറങ്ങുമ്പോൾ ധരിക്കാറുള്ളതു് മതി. അല്ലാതെ എൻെറ വസ്ത്രങ്ങളൊന്നും ഇപ്പോൾ ഇവിടെ ഇല്ലല്ലൊ?

കിട്ടു. വല്ലേടത്തേക്കും യാത്രയുണ്ടോ ആവൊ?

അരു. ഉവ്വ് ഒരു വല്ലാത്ത ദൂരയാത്രക്കാ ഒരുക്കം

കിട്ടു. അതെന്ത്യാ നല്ലതു് തമ്പുരാനെ(പപ്പുകുട്ടി അകത്തേക്കുപോകുന്നു) ഇവിടെക്കിടന്നു് അലഞ്ഞു തിര്യണതു് കൊറച്ചിലാണു്. പോരെങ്കിൽ എവിടെ ച്ചെന്നാലും കെടന്നു് പെഴക്കാനുള്ള പഠിപ്പും തൻേറടോം അങ്ങക്കുണ്ടല്ലൊ?

അരു. അതു തന്നെയാ ഒടുവിൽ ഞാൻ തീർച്ചയാക്കിയതു്. വേഗം തരു.

കിട്ടു. കൊച്ചുളിയാ ക്ഷണ്ണം കൊണ്ടുവാ.

(പപ്പുകുട്ടി ഒരു കൂട്ട് വസ്ത്രം ഒരു മുണ്ടിൽ പൊതിഞ്ഞു് കിട്ടുണ്ണിയുടെ പക്കൽ കൊടുക്കുന്നു. അയാൾ അതു് അരുണന്നു് വളരെ വിനീത ഭാവത്തിൽ കൊടുക്കുന്നു)

അരു. കിട്ടുണ്ണി, വളരെ നന്നായി. ഞാൻ പോട്ടെ.

(അരുണൻപോകുന്നു കിട്ടുണ്ണിയും പപ്പുകുട്ടിയും കണ്ണുനീർ വാർക്കുന്നു കണ്ണിൽനിന്നു മറയുന്നതു്വരെ ഇമ വെട്ടാതെ അരുണനെ നോക്കുന്നു)

പ. കു. പാവം! പാവം!

കിട്ടു. വലക്കല്ലെ അദ്ദേഹത്തെ ഈശ്വരാ! ഗുരുവായൂരപ്പാ!

(കിട്ടുണ്ണിയുടെ ഒരു സ്നേഹിതൻ കോമൻ നായർ പ്രവേശിക്കുന്നു.)

കോ. നാ. നല്ല പാവം. പാവം! പച്ചപ്പാവം! പ്രഭുവിൻെറ ഭാര്യയെ മാനഭംഗം ചെയ്വാൻ പുറപ്പെട്ടു എന്നാ നാട്ടിൽ പ്രാസ്താവം.

പ കു. വേണ്ടാ കോമൻനായരെ. ഇത്തരം കട്ടപ്പം പറഞ്ഞു നിങ്ങടെ നാവ് കരിയേണ്ട.

കോമ. കര്വ്യോലക്കൊടിയൊന്നല്ല, ഹേ നാവ്, അത്ര പെട്ടെന്നങ്ങ് കരിഞ്ഞുപോകാൻ. നാട്ടിൽ പാട്ടായതാ ഞാനിപ്പറഞ്ഞതു്.

പാപ്പു. കൊച്ചേമ്മാന്നെക്കൊണ്ടങ്ങനെ ഒന്നും കേൾക്കില്ല. തീച്ച്.

കോമ. ഒന്നുല്ലാതെ പ്രഭു അയാളെ വീട്ട്ന്ന് പുറത്താക്ക്ാ അല്ലെ? ചെറിയൊരു കാററില്ലാതെ എല അനങ്ങില്ലെൻെറ പപ്പുകുട്ടി.

പപ്പു. എല എളകാൻ കാറെറാന്നും വേണ്ടേ; പിടിച്ചെളക്യാലും എളകും; ഈ വക കാര്യങ്ങൾ പൊറത്തുപറയുമ്പോ വാസ്തവം അറിഞ്ഞിട്ടുവേണട്ടോ

കോമ. ഉം. ഉം. എല്ലാം വഴിയെ അറിയാം.

കട്ടൻ.

---

## രംഗം 15.

(സ്ഥലം. ഒരു കാടിൻെറ അടിവാരം. സന്ധ്യാസമയം ലോകമഹാദീപം പട്ടതിരി കത്തിത്തുടങ്ങുന്നു. അരുണൻ അച്ഛൻെറ സായാഹ്നസഞ്ചാരവേഷത്തിൽ ഒരു മരച്ചുവട്ടിൽ ഇരിക്കുന്നു. അരുണൻ പടിഞ്ഞാറെ ഭാഗത്തേക്കു നോക്കീട്ട്:-)

അരുണദേവൻ അസ്തമിക്കുന്നിതിന് ഇനി അധികം താമസമില്ല. (നെഞ്ചിൽ കൈവെച്ചുകൊണ്ടു്) ഈ അരുണനും! ഹൃദയമേ നീ എന്താണു് വല്ലാതെ തുടിക്കുന്നതു്? ഏതൊരാളിൽനിന്നു നീ ഉടലെടുത്തുവൊ, അദ്ദേഹത്തിന്നു വേണ്ടിത്തന്നെ നിന്നെ ബലിയർപ്പിക്കുന്നതിലധികം മഹനീയ കൃത്യം മറെറന്തുണ്ടു്? ഹൃദയതന്ത്രികൾ വീണ്ടും വീണ്ടും

മുരളുന്നുവല്ലോ?

മനസ്സിൻെറ ദൗർബ്ബല്യം! ദൗർബ്ബല്യം ഈ ദുർഘട സന്ധിയിൽനിന്നു്— മൃത്യുവിൻെറ കരാളവക്ത്രത്തിൽനിന്നു്— ഞാൻ തന്നെ എൻെറ അച്ഛനെ രക്ഷിക്കും. പക്ഷെ ഒരു കാര്യം, എൻെറ മേൽ ആരോപിച്ചിരിക്കുന്ന അപവാദഭാരം —എൻെറ ജീവിതത്തിൽ കരി പുരട്ടിയ ആ അവാസ്തവപ്രസ്താവം ഇല്ലായ്മചെയ്യണം ലോകത്തിൻെറ തെററിദ്ധാരണകളെ നീക്കി അരുണൻ കേവലം നിർദ്ദോഷിയാണെന്നു വ്യക്തമാക്കണം. അതിനുള്ള ഉത്തമമാർഗ്ഗവും എനിക്കറിയാം.

(പോക്കററിൽ നിന്നു് ഒരു നീണ്ട കത്തെടുക്കുന്നു.)

ഈ എൻെറ അന്ത്യലേഖനം അതെ—എൻെറ ജീവിത പരമലക്ഷ്യം—ഞാൻ നിരപരാധിയാണെന്നു് വിളംബരം ചെയ്തുകൊള്ളും.

(കത്തു് തുറന്നു് ഒന്നു കണ്ണോടിക്കുന്നു)

ഈ ആത്മകഥയിൽ രണ്ടുവരികൂടി ചേർക്കട്ടെ.

(എന്തോ എഴുതുന്നു. കത്തു് വീണ്ടും മടക്കി പോക്കററിൽ തന്നെ വെയ്ക്കുന്നു)

പരാർത്ഥമായി പ്രാണഹോമംചെയ്യുന്ന പുണ്യാത്മാക്കളിലല്ലയൊ കാലപാശം പ്രിയതരമായ പൂമാലയായി രൂപം മാറുക? മരണത്തിൻെറ നിഷ്ഠുരഹസ്തത്തിൽനിന്നു് അദ്ദേഹത്തെ ഈ അരുമമകൻ രക്ഷിയ്ക്കും. അല്ലെങ്കിൽ ഇനിയും ആ രാക്ഷസി അച്ഛൻെറ പ്രാണനെ ഊററിക്കുടിക്കാൻ ഉററു ശ്രമിക്കും. അതാ, ആരൊ വരുന്നുണ്ടു്.

രംഗം 15.

(എഴുന്നേല്ക്കുന്നു. ഒരു മരത്തിന്റെ മറവിൽ മറഞ്ഞു നില്ക്കുന്നു. വീരപ്പൻ ഒരു തോക്കും തോളിലേന്തി ചാഞ്ചാടി പോകുന്നു.)

വീരപ്പൻ. ഇന്നല്ലെ, എന്റെ തോക്കെ, നിന്റെ തിരോണം. ഇതുവരെ ചെറുചന്തുക്കടെ പാഴ്ച്ചീവൻ കൊാണ്ടു് മറിപ്പട്ടിണിൽ കയിഞ്ഞുകൂട്ടുന്ന നിനക്ക് ഒരു വലിയ മനിസ്സന്റെ ഉയിരുണ്ടു് തൃപ്തിപ്പെടാം.

(തോക്കിന്മേൽ മെല്ലെത്തലോടുന്നു)

അതൊ വീരന്റെ കാലവും തെളിഞ്ഞു. തമ്പ്രാട്ടി തന്ന പൊതി തന്നെ കയിഞ്ഞിട്ടില്ല. ഇനി തരാനിരിക്കണതിന്നുണ്ടോ കണക്ക്. അതിലും വലുതു മററൊന്നും!

(അത്ഥം വെച്ചു് നാലുപാടും ഒന്നു് നോക്കുന്നു. നൃത്തം വെച്ചു് പോകുന്നു. അരുണൻ മരക്കൂട്ടത്തിൽ നിന്നു് പുറത്തു് വരുന്നു.)

അരു. എന്റെ ജീവനെ വരിഞ്ഞുകെട്ടിക്കൊണ്ടു് പോകാനുള്ള കാലകിങ്കരൻ ഇതാ കടന്നുപോയി. അച്ഛനോടുള്ള അകൈതവമായ ഭക്തിപാരവശ്യം കയ്യേറിയ മരണസ്മരണകളിൽ മധുരം കലത്തുന്നു. പക്ഷെ, അതുസംഭവിക്കുമെന്നു തീർച്ചപറയാറായിട്ടില്ല. അച്ഛൻ പതിവുപോലെ ഇന്നും ഈ വഴിക്കു വരണം! എന്റെ പൊടിക്കയ്യുകൊണ്ടു് ഉടനെ മടങ്ങണം. അയ്യോ! സമയം ആസന്നമായിരിക്കുന്നല്ലൊ! അന്തിയുടെ മണിയറയിൽ നക്ഷത്രദീപം കൊളുത്തിക്കഴിഞ്ഞല്ലൊ! ഭാഗ്യവാനായ അച്ഛാ! ആരോഗ്യവാനായ അച്ഛാ! അങ്ങു് വേഗം വരണേ. അങ്ങയുടെ പുത്രവാ

അരുണൻ.

ത്സല്യത്തിൻെറ മണിവേദിയിൽ അവിടുത്തെ ഏക പുത്രൻെറ ആത്മപുഷ്പാഞ്ജലിയെ അങ്ങ് സ്വീകരിക്കണെ.

(മേല്പോട്ടു് നോക്കീട്ടു്)

ഹാ! വാനം! ഒരു ഭയങ്കര ശ്മശാനം! പടിഞ്ഞാറുഭാഗത്തു് ഏതോ ഒരു ചിത! അതാ കത്തിയാളുന്നു! അവിടവിടെ കാണുന്ന കരിങ്കാർക്കൂട്ടങ്ങൾ! ശവശരീരങ്ങൾ ദഹിച്ച ചാമ്പൽ കൂമ്പാരങ്ങൾ! അങ്ങിങ്ങു ചിതറിക്കാണുന്ന നക്ഷത്രമണ്ഡലങ്ങൾ! ദഹിക്കാത്ത അസ്ഥിഖണ്ഡങ്ങൾ! പഞ്ചമിചന്ദ്രൻ! ചളിയിൽ പാതിയും പൂഴ്ന്ന തലയോട്ടു്! ഹാ അംബരം എത്ര ഭയങ്കരം!!

അരു. അതാ ഒരു മണിനാദം കേൾക്കുന്നു. (ശ്രദ്ധവെക്കുന്നു) അച്ഛൻെറ ചവിട്ടുവണ്ടിയുടെ ശബ്ദംതന്നെ. യമൻെറ ഘണ്ടാരവം! യമൻെറ ഘണ്ടാരവം!

ഓഹൊ അദ്ദേഹം വന്നുകഴിഞ്ഞു!

(മരക്കൂട്ടത്തിൽ മറഞ്ഞു നില്ക്കുന്നു. അരവിന്ദപ്രഭു സൈക്കിൾ പിടിച്ചുകൊണ്ടു് നടക്കുന്നു. തൽക്ഷണം പിറകിൽ കൂടി അരുണൻ ഓടിവന്നു് ഒരു കത്തു് പ്രഭുവിൻെറ ദേഹത്തേക്കു് എറിഞ്ഞും കൊണ്ടു് ഓടിമറയുന്നു)

അ. പ്ര. എന്തു് ഒരു കത്തൊ! (നിലത്തുനിന്നു് ഒരു ചെറിയ ലക്കോട്ടു് എടുക്കുന്നു)

അ. പ്ര. ഇതാരിട്ടുപോയി? (നാലുഭാഗത്തേക്കും ടോർച്ചു് മിന്നിച്ചുകൊണ്ടു് സൂക്ഷിച്ചു നോക്കുന്നു. കത്തു വായിക്കുന്നു.)

"ഉടനെ മടങ്ങണം
രമണി"

(പ്രഭു ഒന്നുകൂടി കത്തുവായിക്കുന്നു)

അ. പ്ര. എന്റെ രമണിക്കെന്തുപററി? ഈശ്വരാ അവൾക്കിന്നു് തീരെ സുഖമില്ലെന്നു് പറഞ്ഞതു് ശരിതന്നെ (എന്നാൽ പോകട്ടെ മടങ്ങിപ്പോകുന്നു)

(അരുണൻ പ്രത്യക്ഷപ്പെടുന്നു)

അരു. എല്ലാം തികഞ്ഞു. അര നിമിഷംപോലും ഇനി താമസിക്കവെയ്യ; ജഗൽപിതാവിന്റെ അനശ്വരമായ തിരുമാറിടത്തിലേക്ക് ഞാൻ പോകട്ടെ (ഓടുന്നു)

കർട്ടൻ.

## രംഗം 16.

(സ്ഥലം രമണിയുടെ പൂമച്ചിന്റെ വരാന്ത. വാതിൽ അടച്ചിരിക്കുന്നു. അരവിന്ദപ്രഭു അക്ഷമനായി പുറത്തുനില്ക്കുന്നു

അ. പ്ര. (ഉൽക്കണ്ഠയോടെ) രമണീ, പ്രിയപ്പെട്ട രമണീ!

(പ്രഭൻ പുറത്തുവരുന്നു)

അ. പ്ര. എടാ, രമണീദേവി എവിടെ?

പ്രഭൻ. അങ്ങുന്നു് പുറത്തേക്കു് പോയതോടൊപ്പം ഇവിടെന്നും നിന്നു് ഇറങ്ങ്യല്ലൊ വല്യമാൻ?

അ. പ്ര. എവിടെപോയി?

പ്രഭൻ. അതറിയില്ലാ. അങ്ങുന്നു് പുറത്തേക്കെറങ്ങ്യാ കൊച്ചമ്മയും വീട്ടിൽ പോകാറുണ്ടു്.

അ. പ്ര. ങ്ഹ് ഹാ! അവിടെ ഇങ്ങിനെ ഒരു പതിവുകൂടിയുണ്ടോ? ആരുമായിട്ടു് കൂടെ?

പ്രഭൻ. ഓരിയുടെ പിന്നാലെ കുറുക്കനെപോലെ സുമതിയമ്മയും കൂടെ ഒണ്ടാകും.

അ. പ്ര. നിനക്കു പോകാം.

(പ്രഭൻ വന്ദിച്ചു പോകുന്നു.)

അ പ്ര. ഇതൊരു ശുഭലക്ഷണമല്ല. അല്ലെങ്കിൽ അവ ളും ദിവസംതോറും പുറത്തു പോകുന്നുണ്ടെന്നു് എന്തുകൊണ്ടു് എന്നെ അറിയിച്ചുകൂടാ? ഇന്നു് എന്നോടുകൂടെ വരണമെന്നാവശ്യപ്പെട്ടപ്പോൾ സുഖമില്ലെന്നു് പറഞ്ഞു് ഒഴികയല്ലെ ചെയ്തതു്? ഇതിൽ എന്തോ രഹസ്യമുണ്ടു്. വരട്ടെ! അവൾ വരട്ടെ! അഴകൊഴുകുന്ന സന്ധ്യയെക്കണ്ടു് മോ ഹിച്ചു് അതിന്നിടയിൽ ഒളിച്ചിരിക്കുന്ന കാളരാ ത്രിയെ ഞാൻ അറിഞ്ഞില്ലെന്നു വരുമോ?

ഹായ്. ഞാനെന്തെല്ലാം അസംബന്ധങ്ങളാണി പ്പറഞ്ഞതു്. ആ കളഹംസി, ഇഷ്ടസഖിയൊ ന്നിച്ചു് ഉദ്യാനത്തിലെവിടേയോ ഉണ്ടായിരിക്കും. എന്റെ പ്രകൃതിവർണ്ണനം അവളുടെ ഹൃദയത്തി ന്നു് ഒരു നവോന്മേഷമുണ്ടാക്കിയേക്കാം.

ഈ കത്തു എനിക്കെങ്ങിനെ കിട്ടി? ആരോ ഒരാൾ അതെന്റെ നേക്കെറിഞ്ഞ് ഓ[illegible] മറയു കയല്ലെ ചെയ്തതു! ഇതിലും എന്തൊ രഹസ്യ മുണ്ടു്.

(പോക്കററിൽ നിന്നു് വീണ്ടും കത്തെടുത്തു് വാ യിക്കുന്നു.)

അ പ്ര. നിശ്ചയമായും ഇതൊരു സ്ത്രീയുടെ കയ്യക്ഷരമല്ല. എന്തായാലും മടങ്ങി[illegible]ഓട്ട നന്നായി

കട്ട[illegible] (ന[illegible]

———o[illegible]———

## രംഗം [illegible]ലു[illegible].

(സ്ഥലം. കാടിന്റെ അ[illegible]ഭാഗത്തുകൂടി പോകുന്ന ഒററയടിപ്പാത. സമയം സന്ധ്യമയ[illegible]ി. അരുണൻ അച്ഛന്റെ സായാഹ്നസഞ്ചാര വസ്ത്രങ്ങൾ ധരിച്ചു് വേഗത്തിൽ നടക്കുന്നു. പെട്ടെന്നു അവിടെ നില്ക്കുന്നു. അനന്തരം മുട്ടുകുത്തി കൈകൂ പ്പിക്കൊണ്ടു് മേലോട്ടുനോക്കി പ്രാൎത്ഥിക്കുന്നു.)

അരു. അല്ലയോ സർവ്വചരാചരങ്ങളേയും സൃഷ്ടിച്ച് പരിരക്ഷിക്കുന്ന പരമദയാലോ! ആനന്ദസമുദ്രമാകുന്ന അങ്ങയിൽ ലയിക്കുവാൻ അസഹ്യമായ ജീവിതക്ലേശഭാരവും പേറിക്കൊണ്ട് വെമ്പിയണയുന്ന ഈ നീർച്ചാലിനെ അങ്ങ് നിരോധിക്കരുതേ. സ്വപിതാവിനോടുള്ള കറയററ ഭക്തിയും കരളററ സ്നേഹവും എന്നെ ഇതാ ഈ മുക്തിമാർഗ്ഗത്തിലേക്കാനയിക്കുന്നു.

സർവ്വേശ്വരാ! കരുണാകരാ! ഇവൻെറ നിരപരാധിത്വം ലോകസമക്ഷം വെളിപ്പെടുത്തണമേ. അങ്ങേക്കു നമസ്കാരം!! (എഴുന്നേല്ക്കുന്നു)

അരു. ഇല്ല, ആ വേടൻെറ ക്ഷമയെ ഇനിയും പരീക്ഷിക്കവയ്യ. (ഓടുന്നു. അനന്തരം വീരപ്പൻ പതിയിരിക്കുന്ന മരച്ചുവട്ടിൽ എത്തുന്നു. ഉടനെ "ഠെ" ഒരു വെടിയുടെ ശബ്ദം കേൾക്കുന്നു. വെടിയേററ് അരുണൻ ചാഞ്ചാടി നിലംപതിക്കുന്നു. മുറിവിൽ നിന്നു ചുടുരക്തം പതഞ്ഞൊഴുകുന്നു. വീരപ്പൻ മരത്തിൽനിന്നു താഴെ ഇറങ്ങുന്നു.)

ഇതാ വീരപ്പൻെറ ഉന്നം! ഹാ ഹാ!

(മറിഞ്ഞുവീണ ദേഹത്തെ പരിശോധിക്കുന്നു. വിരലുകളിൽ തപ്പിനോക്കുന്നു.)

വീരപ്പ. എന്ത്! തമ്പ്രാട്ടി പറഞ്ഞ മോതിരം കാണാല്ലല്ലൊ! (ഒന്നുകൂടി പരിശോധിക്കുന്നു)

അരു. അച്ഛാ! അയ്യോ! അങ്ങയുടെ മകൻ കൃതാർത്ഥനായി. അയ്യോ!

വീരപ്പ. എന്ത്! ആൾ മാറ്യോ?

(പരിഭ്രമിച്ചുകൊണ്ട് തന്നത്താൻ തലക്കടിക്കുന്നു. പല്ലുകടിക്കുന്നു.)

വീരപ്പ. ഇതാരു്! കാഞ്ഞരക്കുററിക്കുവേണ്ടി ചന്ദനത്തയ്യ് നശിച്ചുപോമല്ലൊ! എന്നി എന്തുവേണം പഗോതി. കുടുങ്ങ്യല്ലൊ. തൈവെ! (എന്തോ ആലോചിക്കുന്നു.) ഉം അതുതന്നെ മരുന്നു്

അരു. അയ്യോ ഈശ്വരാ! വെള്ളം വെള്ളം. (കിടന്നു പിടയുന്നു.)

വീരപ്പ. മററാരും ഇയ്യാളെ കാണാതിരിക്കട്ടെ.

(അരുണന്റെ തളന്ന ദേഹത്തെ വലിച്ചിഴച്ചു് കുററിക്കാട്ടിലെ ചെടിപ്പടപ്പിനുള്ളിൽ ഒളിപ്പിച്ചു്, വീരപ്പൻ ഓടിപ്പോകുന്നു. ഉടനെ ഒരുകൂട്ടം പോലീസുകാർ പ്രവേശിയ്ക്കുന്നു. ഇൻസ്പെക്ടർ, ഹെഡ്കോൺസ്റ്റബിററു, കൺസ്റ്റബിററുമാർ.)

ഇൻ. എന്താ ഒരു വെടിയുടെ ശബ്ദം കേട്ടതു്? വളരെ അടുത്തുനിന്നാണല്ലൊ! (കോൺസ്ററബിററുമാരെ നോക്കി) 518, 637 അതെന്തെന്നു് ഉടൻ അന്വേഷിച്ചു വരൂ.

(കോൺസ്റ്റബിററുസ് സല്യൂട്ടു് ചെയ്തു പോകുന്നു.)

ഹെ കോ. (കാട്ടിനുള്ളിലേക്കു് ചൂണ്ടിക്കാണിച്ചുകൊണ്ടു്) അതാ ഒരാറു ഓടുന്നു. കയ്യിൽ തോക്കുമുണ്ടു്.

ഇൻ. എവിടെ. എവിടെ? പിടിക്കു, അവനെ, വേഗം വേഗം!

(ഹെഡ്കോൺസ്റ്റബിളും ഒരു കോൺസ്റ്റബിളും ശരം പോലെ പാഞ്ഞുപോകുന്നു.)

ഇൻ. ഈ വെടി എവിടെനിന്നുണ്ടായി? വല്ല വേട്ടക്കാരുടേയും ആയിരിക്കുമോ; അതോ ഇനിയും വല്ല പുതിയ കെയിസുകറുക്കും വഴിയാകുമോ? വിഷമം! വിഷമം!

കോൺ. 210. വേട്ടക്കാരുടെ തന്നെ ആയിരിക്കും ഏമാന്നേ.

(പോലീസുകാർ വീരപ്പനെ തോക്കോടുകൂടെ പിടിച്ചു് കെട്ടിക്കൊണ്ടുവന്നു് ഇൻസ്പെക്ടരുടെ മുമ്പിൽ നിറുത്തുന്നു.)

രംഗം 17.

ഇൻ. (വീരപ്പനെ നോക്കി സഗൌരവം) എടാ എന്താ ഉണ്ടായത്. ഒരക്ഷരം വിടാതെ പറയു.

വീരപ്പ. (വിറച്ചുംകൊണ്ടു്) അയ്യോ പൊന്നേമാനേ, അടിയ്യൻ പതുവായി പച്ചിയേം പന്ന്യേം വെടിവെക്കാൻ കാടുകേറാറു്ണ്ടെ. മോന്തിക്ക് ആ മരത്തിൽ പതിയിരുന്ന്. അപ്പള്ളാ മറത്തിൻെറ ചോട്ടിന്ന് ഒരനക്കം കേട്ടേ. അതൊരു പടുക്കുററൻ പന്നിത്തടിയനാന്ന് വിശാറിച്ച് തോക്കൊയിച്ചേ. എറങ്ങി നോക്യപ്പാളെ മനിസ്സ്യനാന്ന് അറിഞ്ഞെ, തമ്പിരാനേ രച്ചിക്കണേ.

ഇൻ എവിടെ, എവിടെ വെച്ച് കൃത്യം നടന്നു. വേഗം നടക്ക് അവിടക്ക്.

(വീരപ്പൻ പരിഭ്രമിച്ചു അവിടെത്തന്നെ നിന്നു പരുങ്ങുന്നു.)

വീരപ്പ. ദാ ഇബെടെത്തന്ന്യാ തമ്പിരാനെ.

(പോലീസുകാർക്ക് സംഭവസ്ഥലം കാണിച്ചുകൊടുക്കുന്നു. പോലീസുകാർ, വീണുകിടക്കുന്ന ദേഹത്തെ കാണുന്നു. അത്ഭുതത്തോടുകൂടി ദേഹത്തെ പരിശോധിച്ച് ഇൻസ്പെക്ടരുടെ അരികിലേക്ക് എടുത്തുകൊണ്ടുവരുന്നു.)

ഇൻ. ഉം, സംഗതികൾ ക്ഷണം വിശദമായി പറയു.

വീരപ്പ. തമ്പിരാനെ, അടിയ്യൻ ഇരവത്താറു കൊല്ലമായെ തോക്കൊണ്ടു പെരുമാറിത്തൊടങ്ങീട്ട്. ഇങ്ങനെ ഒരു കൈപ്പെഴ പററീട്ടില്ലേ. യോകം! യോകം! എൻെറ തൈവേ. (കരയുന്നു കണ്ണുതുടക്കുന്നു.) രച്ചിക്കണെ.

കോൺ. 703. ഒരു കത്തും ഒരു കൈലേസും പോക്കററിൽ നിന്നു കിട്ടിട്ടുണ്ടു് സാർ.

(ഇൻസ്പെക്ടർക്കു കൊടുക്കുന്നു. ഇൻസ്പെക്ടർ കൈ

ലേസ് വിടൎത്തി നോക്കുന്നു. അരുണൻ എന്നു വായിക്കുന്നു. ഉടനെ ഇരുന്നിടത്തുനിന്ന് പിടഞ്ഞെണീററ് അരുണന്റെ ദേഹത്തെ അതിസൂക്ഷ്മമായി പരിശോധിക്കുന്നു.)

ഇൻ. 637, അടുത്ത ചോലയിൽനിന്ന് കുറച്ചു വെള്ളം കൊണ്ടുവരു. ഉം! വേഗം. (637 പോകുന്നു)

ഇൻ. Oh! my dear friend Arunan, What to do. My God. ബാല്യകാലം മുതൽ ഒരുമിച്ചു പഠിച്ചും കളിച്ചും കഴിഞ്ഞ ഉററ മിത്രമേ! അന്നത്തെ പാട്ടി അവസാനത്തേതാകുമോ? താങ്കളുടെ കഥ ഇങ്ങിനെയായല്ലോ! ഹതവിധേ!

(മുറിവുകൾ വീണ്ടും പരിശോധിക്കുന്നു. 637 വെള്ളം കൊണ്ടുവരുന്നു. നെഞ്ചിൽ കൈവെച്ചു നോക്കുന്നു.)

ഇൻ. കൈകാലുകൾക്കുള്ളപോലെ മാറിടത്തിന്ന് തണുവ് കാണുന്നില്ല. ഹെഡ് കോൺസ്റ്റബിൾ, ഒന്നു നോക്കു.

(ഹെഡ് കോൺസ്റ്റബിൾ നെഞ്ചിൽ സശ്രദ്ധം കൈ വെച്ചു നോക്കുന്നു.)

ഹെ. കോ. മരിച്ചിട്ടില്ല. സാർ!

ഇൻ. കുറച്ചു വെള്ളം വായിലേയ്ക്കു സാവധാനത്തിൽ ഒഴിച്ചു കൊടുക്കു (വെള്ളം ഇററിച്ചു കൊടുക്കുന്നു)

ഹെഡ്. വെള്ളം ഇറങ്ങുന്നുണ്ട് സാർ.

(മറെറാരു കോൺസ്റ്റബിൾ 210. സശ്രദ്ധം മുറിവെച്ചു കെട്ടുന്നു. കൈലേസ് നനച്ചു മുഖം തുടയ്ക്കുന്നു. അരുണൻ മന്ദം കണ്ണുതുറക്കുന്നു.

അരു. ഹാ-വൂ!-ഈ-ശ്വ-രാ!—എന്റെ-ജീ-വ-ൻ-വേഗം-എ-ടു-ക്ക-ണേ.

(തൽക്ഷണം അരുണൻ കണ്ണടക്കുന്നു. ഇൻസ്പെക്ടർ കത്തെടുത്തു നിവൎത്തി നോക്കീട്ട്:-)

ഇൻ. അച്ഛനുള്ള എഴുത്താണല്ലോ?

(സശ്രദ്ധം കത്തിൽ ദൃഷ്ടി വെയ്ക്കുന്നു. ഉടനെ രോഷാകുലനായി തീ പാറുന്ന കണ്ണുകളോടെ വീരപ്പനെ നോ

ക്കീട്ട്, അവന്റെ ചെകിടത്തു ഒന്നു കണക്കിന്നു കൊടുക്കുന്നു.)

ഇൻ. എട, ധിക്കാരി! കൊലപാതകി, നീ എന്തു പറഞ്ഞു? പന്നിയെന്നു തെററിദ്ധരിച്ചു വെടിവെച്ചു എന്നല്ലെ? ഉം. പരമാൎത്ഥം പറഞ്ഞില്ലെങ്കിൽ നിന്റെ എല്ലു വെള്ളമാക്കും സൂക്ഷിച്ചൊ!

(മുഷ്ടി ചുരുട്ടുന്നു. മററു കോൺസ്റ്റബിൾമാർ 518, 637, വ്യാഘ്രങ്ങളെപ്പോലെ അടുക്കുന്നു. വീരപ്പന്റെ കൈക്കു വിലങ്ങുവെയ്ക്കുന്നു.)

വീരപ്പ. അരുതേ, പൊന്നേമാന്മാരെ. കൊല്ലല്ലേ. ഉള്ളതെല്ലാം തൊറന്നു പറയാമെ.

ഇൻ. ഹെഡ്കോൺസ്റ്റബിൾ, നിങ്ങൾ ഉടനെ പോയി അരുണോദയത്തിൽ നിന്നു അരവിന്ദപ്രഭുവിനേയും പത്നിയേയും, ദാസിയേയും കൂട്ടിക്കൊണ്ടു ആശുപത്രിയിലേക്കു വരണം. അപ്പോഴേക്കു ഞങ്ങൾ ഇദ്ദേഹത്തെ അവിടേക്കെത്തിക്കാം 210, 703 കൂടെ പോവിൻ.

ഹെഡ്. കല്പനപോലെ. (പോകുന്നു)

ഇൻ. എടാ കഴവേറി, ഉള്ളതു മുഴവൻ തത്ത പറയും പോലെ ക്ഷണനം പറയൂ. അല്ലെങ്കിൽ!
(കയ്യോങ്ങുന്നു)

വീരപ്പ. (വിറച്ചുകൊണ്ടു) തമ്പിരാനെ പ്രബു തമ്പ്രാനെ കൊല്ലാൻ തമ്പ്രാട്ടിടെ തോയി പറഞ്ഞിട്ട് കൈ നെറെ പണോം തന്നിട്ടാണെ ഇതു ചെയ്തേ. അയ്യോ!, കൊലച്ചോറായല്ലൊ പഹവാനെ! അഡ്യൻ അപ്പൊക്കൊറച്ച് മോന്തിട്ടും ഉണ്ടാന്നേ.

ഇൻ. എടാ നീ കുറച്ചു മോന്തി അല്ലേ?

(വീരപ്പന്റെ കരണത്തിന്നു ഒന്നുകൂടി കൊടുക്കുന്നു)

വീരപ്പ. അയ്യയ്യോ! അദ്ധ്യന്റെ തോക്കിന്നും ഇത്ര ചെത്തമില്ലെ. (തലതിരിഞ്ഞു വീഴുന്നു)

കർട്ടൻ.

## രംഗം 18.

(ലേഡി ഡോക്ടർ വനജയുടെ വസതി. മേശ, കസേല, ഷെൽഫ് മുതലായ ഉപകരണങ്ങൾ യഥാസ്ഥാനങ്ങളിൽ ഭംഗിയായി കിടക്കുന്നു. വനജ വിഷാദനൈരാശ്യത്തോടെ ഒരു കസാലയിൽ ഇരിക്കുന്നു. ഇടക്കിടെ നെടുവീർപ്പിടുന്നു. ആരുടെ വരവിനേയൊ അക്ഷമയോടു കാത്തിരിക്കുന്നു. സമയം അഞ്ചുമണി കഴിഞ്ഞു.)

വനജ. എന്റെ ഈശ്വരീ! എന്തെല്ലാംവ്യത്യാസങ്ങളാണ് അരുണോദയത്തിൽ സംഭവിച്ചിരിക്കുന്നതു്? വല്ലാത്ത മാററങ്ങൾ! അലകും പിടിയും മാറിപ്പോയി കഷ്ടം! അമ്മാവന്റെ പുനർ വിവാഹം, അരുണൻ ചേട്ടനെ ഉപേക്ഷിച്ചതു്; അമ്മായിയുടെ ഏകച്ഛത്രാധിപത്യം, സുമതിയുടെ കെട്ടിലമ്മസ്ഥാനം. ഹാവൂ! ആലോചിക്കക്കൂടി വയ്യേ! അരുണോദയം പെട്ടെന്ന് അർദ്ധരാത്രിയായി മാറിപ്പോയി.

മനംകൊണ്ടു് മാല കോർത്താൽ കഴുത്തിലിടാൻ കഴികയില്ലെന്ന് പറയുന്നതു എത്ര വാസ്തവം! കരുണയുടേയും സ്നേഹത്തിന്റേയും നീരുറവായിരുന്ന അമ്മാവൻ സ്വാർത്ഥത്തിന്റെ ചളിക്കളമായല്ലൊ! അരുണൻ ചേട്ടനെപ്പററി ഒരു വാക്കുപോലും ശബ്ദിക്കരുതെന്ന നിരോധനാജ്ഞയല്ലെ അവിടെച്ചെന്നപ്പോൾ എനിക്ക് ആദ്യമായി ലഭിച്ചതു്?

എന്നെ ഒരു ജ്യേഷ്ഠസഹോദരനെപ്പോലെ കരുതിയാൽ മതിയെന്ന് അന്നൊരു ദിവസം എന്നോട്ട് പറഞ്ഞതു് അക്ഷരം പ്രതി പരമാർത്ഥമായിവന്നു. എൻെറ ആരാധനാവിഗ്രഹമേ! എൻെറ പ്രേമഭാജനമേ! അങ്ങിപ്പോൾ എവിടെ! (കണ്ണ് തുടയ്ക്കുന്നു.)

പൂമ്പട്ടമെത്തയെന്നപോലെ മൃദുലകോമളമായ ജീവിതം പെട്ടെന്ന് കൂർത്തുമൂർത്ത കാരിരുമ്പാണികളായതു് സഹിക്കുവാൻ ശക്തിയില്ലാതെ, അങ്ങ് വിഷമിക്കുകയായിരിക്കുമൊ? അയ്യോ! ഇവളെന്തു ചെയ്യട്ടെ. ഭൂമുഖത്തിൻെറ ഏതു് മൂലയിലായിരിക്കും അങ്ങ് ഒളിഞ്ഞിരിക്കുന്നതു്?

(എഴുന്നേററ് മുറിയിൽ അങ്ങുമിങ്ങും ഉലാത്തുന്നു.)

വനജ. ഡോക്ടർ സാറിനേയും കാണുന്നില്ലല്ലൊ? എൻെറ ഈ ദയനീയ ഘട്ടത്തിൽ അദ്ദേഹത്തിൻെറ സഹായം ഇല്ലെങ്കിൽ ഞാൻ എത്രമാത്രം വിഷമിക്കുകയില്ല? എത്ര അന്വേഷണങ്ങളായി അദ്ദേഹം നടത്തുന്നു. എങ്ങിനെയെങ്കിലും അദ്ദേഹത്തെ കണ്ടുപിടിക്കാതിരിക്കയില്ല. ഫോട്ടോ കൂടി കൊടുത്തയച്ചിട്ടുണ്ടല്ലൊ.

(ഡോക്ടർ സുകുമാർ പ്രവേശിക്കുന്നു. ഇടത്തുകയ്യിൽ ഹേററ്. വലത്തുകയ്യിൽ എരിയുന്ന സിഗരററ്. വനജ എഴുന്നേററ ആഗതനെ ഉപചരിക്കുന്നു.)

വനജ. ഡോക്ടർ സാർ ഇരിക്കണം. (ഇരിക്കുന്നു) വല്ല ശുഭസന്ദേശവും കൊണ്ടുവന്നിട്ടുണ്ടോ? എത്ര ദിവസമായി ഞാൻ അങ്ങയെ കാത്തിരിക്കുന്നു?

സുകു. (പുഞ്ചിരി തൂകികൊണ്ട്) Good News, വനജേ.

വനജ. പറയണം ഡോക്ടർ പറയണം.

സുകു. ഈ പ്രത്യേക കാര്യം ഞങ്ങളുടെ സ്നേഹിതൻ സ്പെഷൽഡ്യൂട്ടി പോലീസ് ഇൻസ്പെക്ടറെ ഞാൻ ഏല്പിച്ചിരുന്നു.

വനജ. അന്ന് അങ്ങൊരുമിച്ച് അരുണോദയത്തിൽ വെച്ച് കണ്ട ദേഹമല്ലെ?

സുകു. അതെ. ഫോട്ടോവിലെ തനിച്ഛായയുള്ള ഒരുവൻ അലക്കുകാരൻ കിട്ടുണ്ണിയുടെ ഗൃഹത്തിൽ നിന്ന് ഇറങ്ങിപ്പോകുന്നത് കോമൻനായർ എന്നൊരാൾ കണ്ടുവത്രെ. ഇൻസ്പെക്ടരാണ് ഈ സദ്വൎത്തമാനം അറിയിച്ചു തന്നതു്.

വനജ. (അല്പം ആലോചിച്ച്) ഓ ഹോ ശരിയാകാം. കിട്ടുണ്ണി അമ്മാവൻെറ അലക്കുകാരൻ തന്നെയാണ്. അയാൾക്കും അയാളുടെ അളിയനും അരുണൻ ചേട്ടൻ പ്രത്യക്ഷ ദൈവമത്രെ.

സുകു. കൂടുതൽ വിവരങ്ങൾ അറിയുന്നതിന്ന് സൎവ്വ മാൎഗ്ഗങ്ങളും ഉപദേശിച്ച് ഇൻസ്പെക്ടർ പല സ്ഥലങ്ങളിലേക്കും ആളുകളെ അയച്ചിട്ടുണ്ടു് പോലും!

വനജ. (കൈ കൂപ്പിക്കൊണ്ടു്) അങ്ങയുടെ ഉദാരമനസ്സിന്ന് വന്ദനം

സുകു. അതുകൊണ്ടു്, വനജ ഒട്ടും അധൈൎയ്യപ്പെടരുതു്.

വനജ. നിസ്വാൎത്ഥമായ അവിടുത്തെ സഹായത്തിന്ന നന്ദിപറയുവാൻ എനിയ്ക്കു് വാക്കു കിട്ടുന്നില്ല.

സുകു. അത്രയൊന്നും പറയുവാനില്ല വനജേ-ഒരു കുടുംബത്തിലെ അംഗമെന്നപോലെയാണ് നിൻെറ അരുണൻ ചേട്ടനും ഞാനും കഴിഞ്ഞിരുന്നതു്. അദ്ദേഹത്തിൻെറ ഈ ആപൽക്കാലത്തിൽ സഹായിക്കുവാൻ ഹിമാലയപാൎശ്വങ്ങളിൽ കിടന്നിരുന്ന എനിക്കും ഭാഗ്യമുണ്ടായല്ലൊ എന്നാ ഞാൻ സമാശ്വസിക്കുന്നതു്.

രംഗം 18.

(തപാൽ ശിപായി ചില പത്രങ്ങൾ മേശപ്പുറത്തു വെച്ചു പോകുന്നു. വനജയും സുകുമാരനും ഓരോ പത്രമെടുത്തു വായിക്കുന്നു.)

സുകു. "അരുണോദയത്തിലെ അത്യാ"........എന്നു വായിച്ചു പെട്ടെന്നു് നിറുത്തുന്നു.

വനജ. (ഉല്ക്കണ്ഠയോടെ) എന്തു് അരുണോദയത്തിലെ?

(സുകുമാർ കുറച്ചുസമയം പത്രത്തിൽത്തന്നെ കണ്ണോടിച്ചുകൊണ്ടു് മിഴിച്ചിരിക്കുന്നു.)

വനജ ഡോക്ടർ, എന്തു തന്നെയായാലും മുഴുവൻ വായിക്കണെ; എൻെറ തല പുകയുന്നു.

സുകു. വനജേ. ഭവതി വ്യസനിക്കരുതു്. എല്ലാം ഈശ്വരഹിതമാണു്. അദ്ദേഹം കൈവരുത്തുന്നതെല്ലാം നമ്മുടെ നന്മക്കെന്നു് സമാധാനിക്കണം. മാത്രമല്ല ഇത്രയും സഹൃദയനും പിതൃഭക്തനുമായ ഒരു വീരപുരുഷനിൽ ഭവതി പ്രേമസമർപ്പണം ചെയ്തതിലും അഭിമാനത്തിന്നവകാശമുണ്ടു്.

(വനജയുടെ ക്ഷമ പാടെ നശിച്ചു് എഴുന്നേററു് സുകുമാറിൻെറ പക്കൽനിന്നു് പത്രം തട്ടിപ്പറിക്കാൻ ശ്രമിക്കുന്നു)

സുകു. ഞാൻ തന്നെ വായിക്കാം (വായിക്കുന്നു)

"അരുണോദയത്തിൽ അരവിന്ദപ്രഭുവിൻെറ ദ്വിതീയ പത്നിയായ രമണിയുടെ ഉദ്ബോധനയാൽ ഏക പുത്രൻ അരുണനെ പ്രഭു, സ്വകുടുംബത്തിൽ നിന്നും ബഹിഷ്ക്കരിക്കയും, തന്നിമിത്തം ശോകാതുരനും ദരിദ്രനുമായിത്തീൎന്ന അരുണൻ, ഒരു കാട്ടിൽ അലഞ്ഞു നടക്കുമ്പോൾ പ്രഭുവിനെ അദ്ദേഹത്തിൻെറ സായാഹ്നസഞ്ചാരവേളയിൽ വെടിവെച്ചു കൊല്ലുവാൻ രമണിയുടേ ആവശ്യാൎത്ഥം വീരപ്പൻ എന്നൊരു ചണ്ഡാലനെ നിയോഗിക്കുന്നതു് യാദൃ

ത്വികമായി അറിയുകയും, പ്രഭുവിനെ അന്നത്തെ ഘിനോത്ഥയാത്രയിൽ നിന്നു് എങ്ങിനേയൊ വിമുക്തനാക്കി, അരുണൻസമയത്തും സ്ഥലത്തും ഹാജരായി സ്വപിതാവിന്നുവേണ്ടി വെടിയുണ്ടയോടു് മല്ലിട്ടു ആസന്ന മരണനായി ഉദയപുരം ആശുപത്രിയെ അഭയം പ്രാപിക്കയും ചെയ്തിരിക്കുന്നു.

പോലീസ് വേണ്ടനടപടികൾ ഊൎജ്ജിതമായി എടുത്തുവരുന്നു"

വനജ. (നെഞ്ചത്തടിച്ചുകൊണ്ടു്) അയ്യോ! എന്റെ ആശകളെല്ലാം അസ്തമിച്ചുവല്ലൊ! ഡോക്ടർ, ഞാൻ ഇപ്പോൾത്തന്നെ ഉദയപുരത്തേക്കു പോകട്ടെ.

സുക. വിവരത്തിന്നു ഉടനെ കമ്പിയടിക്കണേ.

കർട്ടൻ.

## രംഗം 19.

(സ്ഥലം ഉദയപുരം ആശുപത്രിയിലെ ഒരു വിസ്താരമുള്ള മുറി. സമയം പ്രഭാതം. ഒരു കട്ടിലിൽ അൎദ്ധപ്രാണനായി കണ്ണടച്ചുകൊണ്ടു് അരുണൻ കിടക്കുന്നു. വനജയും ഒരു നേഴ്സും സ്ഥലം ഡോക്ടരും അരുണന്റെ ശരീരത്തിൽ എന്തൊ ചില ശുശ്രൂഷകൾ ചെയ്യുന്നു. വനജയുടെ കണ്ണിൽനിന്നു കണ്ണുനീർത്തുള്ളികൾ അരുണന്റെ ദേഹത്തിലേക്കു ഇററിററു വീഴുന്നു.

ഇൻസ്പെക്ടരും രണ്ടുമൂന്നു കോൺസ്ററബിൾമാരും അവിടെ നില്ക്കുന്നു. വീരപ്പനും വിലങ്ങുവെച്ച കൈകളുമായി പകച്ചു നില്ക്കുന്നു. ഉടനെത്തന്നെ അരവിന്ദപ്രഭുവും രമണീസുമതിമാരും പ്രവേശിക്കുന്നു.)

അ പ്ര. അയ്യോ! എനിക്കു കാൎയ്യമൊന്നും മനസ്സിലാകുന്നില്ലല്ലൊ! (പരിഭ്രമിച്ചു നാലുപാടും പകച്ചു നോക്കുന്നു.)

രംഗം 19.

ഇൻ. പ്രഭോ! അങ്ങയുടെ പുത്രൻ അരുണൻ, അങ്ങ് കുടുംബത്തിൽനിന്നു തള്ളിക്കളഞ്ഞ ഓമനമകൻ, ഒരു പിതാവിനോട് സൽപുത്രനുണ്ടായിരിക്കേണ്ട പിതൃഭക്തിയുടെ ആഴത്തെ, വെടിയുണ്ടയോട് മല്ലിട്ടുകൊണ്ട് ഇതാ അളന്നുകാട്ടിയിരിക്കുന്നു. എത്ര മഹനീയമായ ആത്മത്യാഗം!

അ. പ്ര. ആര്! അരുണനൊ (അടുത്തുവന്നു പകച്ചുനോക്കുന്നു)

വനജ. അതേ, അമ്മാവാ അരുണൻ ചേട്ടൻ തന്നെ.

ഇൻ. അങ്ങയ്ക്കു തരുന്നതിന്ന് ഒരു അവസാനക്കത്തു കൂടിയുണ്ട്, ഇതാ.

(കത്ത് പ്രഭുവിന് കൊടുക്കുന്നു.)

അ. പ്ര. അയ്യോ! എന്തെല്ലാമാണീ സംഭവിക്കുന്നത് ഈശ്വരാ!

(കത്ത് മനസ്സിൽ വായിക്കുന്നു. കണ്ണുനീർത്തുള്ളികൾ അടന്നു വീഴുന്നു. നെഞ്ചത്തടിച്ചുഉറക്കെനിലവിളിച്ചുകൊണ്ട്)

പ്രഭു. എന്റെ പൊന്നു മകനേ, നിന്റെ പിതൃഭക്തി എത്ര ശ്രേഷ്ഠം! എത്ര ആദരണീയം!

(അരുണന്റെ ദേഹം മെല്ലെ തലോടുന്നു.)

അയ്യോ! നിന്റെ നിർമ്മലരക്തം എന്റെ കാമചാപല്യക്കറകളെ കഴുകിക്കളയട്ടെ! കുടിലയായ രമണിയുടെ സൌന്ദര്യത്തിയ്യിൽ ഇയ്യൽപോലെ പൊരിഞ്ഞുപോയ ഞാൻ പരമ ദ്രോഹിതന്നെ. അരുണാ, എന്റെ ഓമനമകനേ, സാക്ഷാൽ അരുണനെപ്പോലെയുള്ള നിന്റെ തേജോവിലാത്തിൽ ഒരു പുതുഈ വിടാഗ്രഹണിയുടെ ഹൃദയസം കാമാന്ധനായവെളിച്ചം വീശിക്കഴിഞ്ഞിരിക്കുന്നു: അയ്യോ!

(നിലത്തു വീഴുന്നു. വനജ താങ്ങുന്നു. ശീതോപചാരങ്ങൾ ചെയ്യുന്നു.

രമണി. അയ്യോ! ക്ഷമിക്കണേ! ക്ഷമിക്കണേ! ഇതെല്ലാം ഈ നില്ക്കുന്ന സുമതിയുടെ ദുർബ്ബുദ്ധികളാണേ! ഞാൻ നിർദ്ദോഷിയാണേ!

ഇൻ. അവനവൻ വിതച്ചതു് അവനവൻ തം കൊയ്യും. സ്റ്റേഷനിലേയ്ക്കു് പോകാം.

കർട്ടൻ.

———०O०———

## രംഗം 20.

(സ്ഥലം അരുണോദയത്തിലെ വിചിത്രമായ തളത്തില്‍ കലാവൈദഗ്ദ്ധ്യം ഓളമടിക്കുന്ന ഒരു ദന്തസോഫയിൽ അരുണനും വനജയും ഇരിക്കുന്നു. വനജ ധരിച്ചിരിക്കുന്ന സപ്തവർണ്ണപ്പട്ടുസാരി ആകാശത്തിൽ മഴവില്ലുപോലെ പ്രകാശിക്കുന്ന കണ്ഠതലത്തെ അലങ്കരിച്ചിരിക്കുന്ന കനകമാലയിലെ രത്നാവലികൾ നക്ഷത്രഗോളങ്ങളെപ്പോലെ പ്രശോഭിക്കുന്നു; വെടിയുണ്ടയേററ അരുണന്റെ ഇടത്തുകൈ അവൾ മന്ദം മന്ദം തലോടുന്നു. സമയം സായം സന്ധ്യ.

വനജ. അങ്ങയുടെ ആയുർബലം അതുല്യമാണു്. വെടിയുണ്ടയോടുപോലും മല്ലിട്ട ഈ കൈ ഒന്നു തലോടുവാൻ ഭാഗ്യം ലഭിച്ച ഞാൻ സൌഭാഗ്യവതി തന്നെ.

അരു. വനജേ! നീയാണു് എന്നെ ജീവിപ്പിച്ചതു്. നിന്റെ ആത്മാർത്ഥവും വിദഗ്ദ്ധവുമായ ശുശ്രൂഷകൾ! എല്ലാം ദൈവയോഗമെന്നേ പറയേണ്ടൂ. മനോവാക്കായ കർമ്മങ്ങളിൽപോലും ഞാൻ അച്ഛന്നു് അഹിതനല്ല. ആ എനിയ്ക്കുണ്ടോ ദുർമ്മരണം സംഭവിക്കുന്നു? "യൗവ്വനയുക്തനായ ഒരു പുരുഷൻ, സ്വവിവാഹകാര്യം ഈ ഇരുപതാം നൂററാണ്ടിൽ പിതാവിനെ ഭരമേല്പിക്കുകയൊ?" എന്ന ആ പ്രേമനൈരാശ്യപൂർവ്വമായ ഭവതിയുടെ ചോദ്യം, ഇന്നും എന്റെ കാതുകളിൽ മുഴങ്ങുന്നുണ്ടു്.

വനജ. ചേട്ടാ! അങ്ങു് അതു പറഞ്ഞപ്പോൾ എന്റെ ആശാവല്ലരി കരിഞ്ഞുപോകയാണു് ചെയ്തതു്.

അമ്മാവന്നു് എന്നോടു വളരെ താല്പര്യമുണ്ടായിരുന്നു. എന്നാൽ അങ്ങയുടെ പ്രോത്സാഹനങ്ങൾ അതിന്നു വളംവെച്ചു കൊടുത്തില്ലെങ്കിൽ ഈ മഹനീയസ്ഥാനത്തേക്കു ഇവർ ഉയരുമായിന്നോ? ഒരിക്കലുമില്ല.

അരു. പരാത്ഥമായി ജീവിതം നയിക്കുന്ന ഏതൊരുവന്നും എത്രതന്നെ പ്രതിബന്ധങ്ങൾ നേരിട്ടാലും ഒടുവിൽ വിജയശ്രീലാളിതനായിത്തീരും.

വനജ. 'അരുണോദയത്തിലെ അത്യാഹിതം' എന്ന പത്രറിപ്പോർട്ട് കണ്ടപ്പോൾ ഞാൻ നടുങ്ങിപ്പോയി. എങ്ങിനെ ഭയപ്പെടാതിരിക്കും? ഞാനും ഒരു സ്ത്രീയല്ലെ? അഹോ കഷ്ടം! ഒരു രമണിയും ഒരു സുമതിയും! സ്ത്രീലോകത്തിന്നാകമാനം കളങ്കം വരുത്തിവെക്കുവാൻ ജന്മമെടുത്ത രണ്ടു രാക്ഷസികൾ!

അരു. വനജേ, ഒരു ദുഷ്കാലകൊട്ടംകാററു് തന്നെയാണു് ഉണ്ടായതു്. കഴിഞ്ഞ കാര്യങ്ങളെപ്പററി വീണ്ടും വീണ്ടും അയവിറക്കുന്നതു് എന്റെ മനസ്സിന്നു വിഷാദമത്രെ. അതാ അച്ഛൻ വരുന്നുണ്ടു്.

(അരുണനും വനജയും എഴുന്നേററു് കൈകൂപ്പി അച്ഛനെ വന്ദിക്കുന്നു. പ്രഭു സോഫയിൽ ഇരിക്കുന്നു.)

അ. പ്ര. എന്റെ മക്കളെ, ഇപ്പോഴാണു് ഞാൻ തികച്ചും അനുഗൃഹീതനായതു്. അതെ—പ്രേമസരസ്സിൽ കുരുത്തു്, പ്രണയപ്രഭപരത്തി പരിലസിക്കുന്ന, ഈ വെന്താമരയുഗളത്തെ-കാണുമ്പോൾ! അരുണാ, എന്റെ പൊന്നുമകനെ, നിന്റെ അന്യാദൃശ്യമായ പിതൃഭക്തിയെപ്പററി പുകഴ്ത്തുവാൻ ഞാൻ അശക്തനാണു്.

അരുണൻ.

അരു. പ്രിയപ്പെട്ട അച്ഛാ! നമ്മുടെ ജീവിതദുർദ്ദശയുടെ പഴയ ഏടുകൾ അങ്ങ് ദയവുചെയ്ത് മറിച്ചു നോക്കരുതേ.

അ. പ്ര. അയ്യോ! ഞാനതെല്ലാം എങ്ങിനെ വിസ്മരിക്കും! മകനെ, കാമദുർദ്ദേവതയുടെ കേളീരംഗമായിരുന്ന എൻെറ മനോഗഹ്വരം,സത്യപ്പൊൻപുലരിയുടെ പ്രഭകൊണ്ട് വിളക്കുവാൻ സുശക്തങ്ങളായ നിൻെറ രക്തത്തുള്ളികൾ, എത്ര പരിപാവനങ്ങൾ! എത്ര അമൂല്യങ്ങൾ! മകനെ, എനിക്കിനി സമാധാനത്തോടെ ഈലോകത്തോടു യാത്ര പറയാം.

(പ്രഭൻ ചില കത്തുകളും പത്രങ്ങളും മേശമേൽ വെച്ചു പോകുന്നു. ഒരു പത്രം എടുത്ത് പ്രഭു അങ്ങുമിങ്ങും മറിച്ചു നോക്കീട്ട്)

അ. പ്ര. അരുണാ ഇതൊന്നു വായിയ്ക്കു.

(അരുണൻ പത്രം വായിയ്ക്കുന്നു.)

"അരുണോദയം വെടിവെപ്പു കെയിസിലെ പ്രതികളായ വീരപ്പൻ, സുമതി, രമണി, എന്നിവരെ യഥാക്രമം 6, 4, 2, കൊല്ലത്തേയ്ക്കു കഠിന ശിക്ഷയ്ക്കു വിധിച്ചിരിക്കുന്നു."

അ. പ്ര. അവസാനമായി അതും അറിഞ്ഞു.

(പ്രഭു എഴുന്നേല്ക്കുന്നു.)

ഇനി എനിയ്ക്ക് ഒന്നേ ആഗ്രഹമുള്ളൂ.

എൻെറ മക്കൾ ജ്വാലയും പ്രഭയും പോലെ-പുഷ്പവും ഗന്ധവും പോലെ-നെടുനാൾ വാഴുവാൻ സർവ്വേശ്വരൻ കടാക്ഷിക്കട്ടെ.!

(പ്രഭു രണ്ടുപേരേയും ശിരസ്സിൽ കൈവെച്ച് അനുഗ്രഹിയ്ക്കുന്നു.)

കർട്ടൻ.

(മംഗളം)

DHARMARAM LIBRARY

BANGALORE-560 029

| Due Date | Due Date | Due Date |
| --- | --- | --- |
| | | |

ജോസഫ് ചെറുവത്തൂരിൻെറ

രണ്ടു് പുതിയ

ചെറുകഥാ സമാഹാരങ്ങൾ

---

## വികാര വീചിക.

വില 1—0—0

"ഇതിവൃത്തപ്രധാനമായ കഥാഗാത്രം, ആദശ് പ്രധാനമായ ആത്മാവു്, ഇതു രണ്ടുമാണ്' മി: ജോസഫ് ചെറുവത്തൂരിൻെറ "വികാരവീചിക"യിലെ ഏഴു കഥകളുടേയും സാമാന്യസ്വഭാവം.

സ്കൂൾ ലൈബ്രറികൾക്കാണു് ഇത്തരം കഥകൾ അധികം പ്രയോജനപ്പെടുക.

മാതൃഭൂമി

---

## നിലാവും നിഴലും

വില 1—0—0

മനുഷ്യജീവിതത്തിലെ പ്രകാശമാനങ്ങളും, ഇരുളടഞ്ഞതുമായ വിവിധരംഗങ്ങളെ, ഹൃദയംഗമമായി പ്രതിപാദിക്കുന്ന ഏഴു ചെറുകഥകളുടെ സമാഹാരം ആകഷ്കമായ പുറംചട്ട! കമനീയമായ അച്ചടി!

സരള ബുക്ക് ഡിപ്പോ കുന്നംകുളം.

# അരുണൻ

അഥവാ- പിതൃഭക്തി

ഫ് ചെറുവത്തൂർ.

T62
C41

T62
C41

Indic Digital Archive Foundation
gpura.org